**പതിനഞ്ചാം കേരള നിയമസഭ**
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി III**
# (SUBJECT COMMITTEE III)

**ജലവിഭവം**
# (WATER RESOURCES)

**ആനുകാലിക റിപ്പോർട്ട്**
**(2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1st APRIL 2023 TO 31st MARCH 2024)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2024 ജൂലൈ 9-ാം തീയതി സമർപ്പിച്ചത്**
**(Presented on 9th July, 2024)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024



പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

### ആനുകാലിക റിപ്പോർട്ട്
(2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT FROM 1st APRIL 2023 TO 31st MARCH 2024)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

792/2024.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 4 |

## സബ്ജക്ട് കമ്മിറ്റി III

## (ജലവിഭവം)

## (2023-2026)

### ഘടന*

<u>ചെയർപേഴ്സൺ :</u>

ശ്രീ. റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ബി. ഗണേഷ് കുമാർ **

ശ്രീ. ആന്റണി രാജു ***

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി

ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

---

*7-12-2023-ലെ ബുള്ളറ്റിൻ (ഭാഗം-2) നമ്പർ 445 പ്രകാരം സമിതി രൂപീകൃതമായി.

**10-1-2024-ലെ ബുള്ളറ്റിൻ (ഭാഗം-2) നമ്പർ 455 പ്രകാരം അംഗത്വം രാജിവച്ചു.

***10-1-2024 -ലെ ബുള്ളറ്റിൻ (ഭാഗം-2) നമ്പർ 456 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടു.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർപേഴ്സണായ ഞാൻ, സമിതിയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2021-2023)-ന്റെ കാലയളവ് പൂർത്തീകരിച്ചതിനെത്തുടർന്ന് 7-12-2023-ലെ ബുള്ളറ്റിൻ (ഭാഗം-2) നമ്പർ 445 പ്രകാരം സബ്ജക്ട് കമ്മിറ്റി III (2023-2026) രൂപീകൃതമായി. പതിനഞ്ചാം കേരള നിയമസഭയുടെ (2021-2023), (2023-2026) കാലയളവിലുള്ള പ്രസ്തുത സമിതികൾ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി 26-4-2023, 26-7-2023, 16-8-2023, 10-1-2024, 21-2-2024, 28-2-2024, 6-3-2024 എന്നീ തീയതികളിലായി 7 യോഗങ്ങൾ ചേരുകയുണ്ടായി. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, സമിതിയുടെ മറ്റ് ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയതിന്റെ കരട് റിപ്പോർട്ട്, എസ്. ആർ. ഒ. എന്നിവയുടെ പരിഗണനയ്ക്കാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 55% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അധ്യായം I | - | സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അധ്യായം II | - | സമിതി പരിശോധിച്ച ബില്ലുകൾ |
| അധ്യായം III | - | സമിതി പരിഗണിച്ച ചട്ടങ്ങൾ, എസ്.ആർ. ഒ-കൾ/റെഗുലേഷനുകൾ |
| അധ്യായം IV | - | നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ |
| അധ്യായം V | - | സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ. |

അധ്യായം VI - 2022-23-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

അധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2024 ജൂൺ 27- ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,<br>2024 ജൂലൈ 9.

**റോഷി അഗസ്റ്റിൻ,**<br>*ചെയർപേഴ്സൺ,*<br>*സബ്ജക്ട് കമ്മിറ്റി III.*

# 1-4-2023 മുതൽ 31-3-2024 വരെയുള്ള ആനുകാലിക റിപ്പോർട്ട്

അധ്യായം -I

**സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ**

1) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2023 സെപ്റ്റംബർ മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചു.

2) സമിതിയുടെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2023 സെപ്റ്റംബർ മാസം 12-ാം തീയതി സഭയിൽ സമർപ്പിച്ചു.

അധ്യായം -II

**സമിതി പരിശോധിച്ച ബില്ലുകൾ**

ഇല്ല.

അധ്യായം -III

**സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കൾ/റെഗുലേഷനുകൾ**

സമിതിയുടെ 10-1-2024-ലെ യോഗം കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവേജ് ആക്റ്റിനനുസൃതമായുള്ള കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ്, 2023 (S.R.O.No.156/2023) പരിഗണിക്കുകയും സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ എസ്.ആർ.ഒ. പുറപ്പെടുവിക്കാനുണ്ടായ അടിയന്തര സാഹചര്യം സംബന്ധിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും പ്രസ്തുത എസ്.ആർ. ഒ.-ക്ക് സാധൂകരണം നൽകുകയും ചെയ്തു .

അധ്യായം -IV

**നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ**

ഇല്ല.

## അധ്യായം -V

## സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2020-21 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് | 9-8-2023 |
| XXXVIII- ജലസേചനം | | ജലവിഭവ വകുപ്പ് , ഇറിഗേഷൻ പ്രോജക്ട്-I, ഇറിഗേഷൻ പ്രോജക്ട്-2, കുട്ടനാട് പാക്കേജ്, ഐ.ഡി.ആർ.ബി. | |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2022-23 | [കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (ജലനിധി-KRWSA)] | |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള വാട്ടർ അതോറിറ്റി | 30-1-2024 |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2020-21 (കാലതാമസ പത്രിക സഹിതം) | കേരള വാട്ടർ അതോറിറ്റി | |
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2022-23 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് | |
| XXXVIII-ജലസേചനം | | ജലവിഭവ വകുപ്പ് , ഇറിഗേഷൻ പ്രോജക്ട്-I, ഇറിഗേഷൻ പ്രോജക്ട്-2, കുട്ടനാട് പാക്കേജ്, ഐ.ഡി.ആർ.ബി | |

## അധ്യായം -VI

2023-24-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം.

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം. |
|---|---|---|---|
| 110 | 1-28,30-110 | 29 | 1 |

## അധ്യായം -VII

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ**

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചില്ല.

തിരുവനന്തപുരം,
2024 ജൂൺ 27.

റോഷി അഗസ്റ്റിൻ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി III.

## അനുബന്ധം

## 1.26.04.2023-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2023 ഏപ്രിൽ മാസം 26-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗം

ശ്രീ. ജി. എസ്. ജയലാൽ.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ

1. ശ്രീ. എച്ച്. സലാം
2. ശ്രീ. ടി. സിദ്ദിഖ്.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. അശോക് കുമാർ സിംഗ്,സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീ. ജോൺ വി. സാമുവൽ, ഡയറക്ടർ, ഭൂഗർഭജല വകുപ്പ്.
3. ശ്രീ. വെങ്കടേശപതി എസ്., മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി & എക്സിക്യൂട്ടീവ് ഡയറക്ടർ കെ. ആർ. ഡബ്ല്യൂ. എസ്. എ
4. ശ്രീ. ടി. കെ. മണി, ഡയറക്ടർ, കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി.
5. ശ്രീമതി സിന്ധു ആർ., ജോയിന്റ് ഡയറക്ടർ, ഐ.ഡി.ആർ.ബി., ജലസേചനവകുപ്പ്.
6. ശ്രീ. ജി. ശ്രീകുമാർ, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി.
7. ശ്രീ. അനിൽ കുമാർ കെ. കെ., ചീഫ് എഞ്ചിനീയർ (പി. & ഒ.), കേരള വാട്ടർ അതോറിറ്റി.
8. ശ്രീ. സേതുകുമാർ എസ്., ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി. & ജി.എൽ.), കേരള വാട്ടർ അതോറിറ്റി.

9. ശ്രീ. സി. ജയപ്രകാശ്, ചീഫ് എഞ്ചിനീയർ (സ്വീവറേജ്, പി.പി.ഡി. & വാസ്കോൺ, കേരള വാട്ടർ അതോറിറ്റി,

10. ശ്രീ. ബാജി ചന്ദ്രൻ ആർ., ചീഫ് എഞ്ചിനീയർ, പ്രോജക്ട് - II, ജലസേചന വകുപ്പ്

11. ശ്രീ. പ്രിയേഷ് ആർ., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ്.

12. ശ്രീമതി ശ്രീദേവി പി., ചീഫ് എഞ്ചിനീയർ (ഇൻ ചാർജ്ജ്), ഐ.ഡി.ആർ.ബി., ജലസേചന വകുപ്പ്.

13. ശ്രീ. എസ്. തിലകൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ.

14. ശ്രീമതി ഹേമ എസ്.വി., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി.

15. ശ്രീ. എ. ജി. ഗോപകുമാർ, സൂപ്രണ്ടിംഗ് ഹൈഡ്രോജിയോളജിസ്റ്റ്,ഭൂഗർഭജല വകുപ്പ്.

16. ശ്രീ. പി. കെ. ജോണി, മാനേജർ, കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി.

17. ശ്രീ. ഷിജിത്ത് വി., ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി.

18. ശ്രീ. സജിത്ത് കുമാർ എസ്. എസ്., അക്കൗണ്ട്സ് മാനേജർ, കേരള വാട്ടർ അതോറിറ്റി.

പ്രസ്തുത യോഗത്തിൽ വിവിധ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ, ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I നടപടി പത്രികകളുടെ പരിഗണന

### 1. 17-5-2017-ലെ സമിതിയോഗ നിർദ്ദേശം (1)-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ

(ഫയൽ നം. 4252/സബ്.സി. എ 1/2017/നി.സെ.)

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 1 മുതൽ 8 വരെയുള്ള ശിപാർശകളിന്മേൽ കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ചെലവ് വിവര കണക്ക് റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ നം. 6-ന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ 2006-07 സാമ്പത്തിക വർഷം വരെ വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളാനും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ അതോറിറ്റിയുടെ ഓഹരി മൂലധനമാക്കി മാറ്റാനുമുള്ള 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെയും 2007-08 മുതൽ 2016-17 വരെയുള്ള സർക്കാർ വായ്പ തുകയും, അതിന്റെ പലിശയും, പിഴപ്പലിശയും ഉൾപ്പെടെ എഴുതിത്തള്ളണമെന്ന സമിതി ശിപാർശയുടെയും അടിസ്ഥാനത്തിൽ സർക്കാരിൽ ഒരു നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്നും 2017-ൽ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനായി ഒരു കമ്മീഷനെ നിയമിച്ച് സ്വതന്ത്ര പഠനം നടത്തണമെന്ന് തീരുമാനിച്ചുവെങ്കിലും തുടർന്ന് സർക്കാർ തലത്തിൽ വേണ്ടെന്നുവച്ചതിനാൽ പിന്നീടത് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ലായെന്നും ഇപ്പോൾ RKI-യുടെ ഘടനാപരമായ പരിഷ്കാരത്തിനായി ഒരു നിർദ്ദേശം വച്ചിട്ടുണ്ടെങ്കിലും അതിന്റെ പുരോഗതി സംബന്ധിച്ച് സർക്കാരിൽ നിന്നും വന്ന കത്തിന് മറുപടി നല്കിയാൽ മാത്രമേ 2955.44 കോടി രൂപ മൂലധനമാക്കി മാറ്റാനുള്ള നിർദ്ദേശം അംഗീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് രണ്ടുമൂന്ന് മാസങ്ങൾക്കകം നല്കുന്നതാണെന്നും സ്വതന്ത്ര പഠനം നടത്തി വാട്ടർ അതോറിറ്റിയുടെ പുരോഗതി എത്രത്തോളം പുനഃക്രമീകരിക്കപ്പെട്ടു അല്ലെങ്കിൽ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ നടപ്പിലാക്കി എന്നതിന്റെ കൃത്യമായ മറുപടി ഇതുവരെയും നല്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. തുടർന്ന് ചില ഘട്ടത്തിൽ സർക്കാർ അധിക തുക പ്രഖ്യാപിക്കുമെങ്കിലും പരിമിതമായ തുകയാണ് നൽകിയിട്ടുള്ളതെന്നും ബാക്കി തുക വകുപ്പിൽ നിന്നും ആവർത്തിച്ച് ചോദിക്കപ്പെടുന്നില്ലായെന്നും സമിതി വിലയിരുത്തി.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ നമ്പർ (8)-ന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കേന്ദ്ര സഹായത്തോടുകൂടിയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ ത്വരിതഗതിയിലുള്ള പൂർത്തീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതീകരണം, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, വിതരണ ശൃംഖല സ്ഥാപിക്കൽ

മുതലായ പ്രവൃത്തികൾക്കായി പ്രത്യേക നിക്ഷേപ ഫണ്ടിൽ പുതിയ ശീർഷകം ഉൾപ്പെടുത്തി തുക അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും തുക അനുവദിക്കുകയോ ഇതിൽ ചെലവ് വരികയോ ചെയ്തിട്ടില്ലെന്നും ജലനിധി പദ്ധതി പോലെ ഗ്രാമീണ മേഖലകളിലെ ചെറുകിട പദ്ധതികളായ സ്വജൽധാര പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നതെന്നും പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് ഗ്രാമീണ സമിതികളാണ് പണം കണ്ടെത്തുന്നതെന്നും ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. തുടർന്ന് സ്വജൽധാര പദ്ധതികൾക്ക് ജലനിധി പദ്ധതിയുമായുള്ള ബന്ധത്തെക്കുറിച്ച് സമിതി ആരാഞ്ഞു. സ്വജൽധാര പദ്ധതികൾക്ക് ജലനിധി പദ്ധതിയുമായി ബന്ധമില്ലായെന്നും 2004 മുതൽ ജലനിധി പദ്ധതിയിൽ ഗുണഭോക്തൃ ഗ്രൂപ്പിനെ കണ്ടുപിടിച്ചതിനുശേഷം അവർ തന്നെയാണ് പദ്ധതി നടത്തിക്കൊണ്ട് പോകുന്നത് എന്നതിനാൽ സാങ്കേതികമായും സാമൂഹികമായും സാമ്പത്തികമായുമുള്ള സഹായം അവർക്ക് മറ്റൊരു മേഖലയിൽ നിന്നും ലഭിച്ചിട്ടില്ല എന്നും 2019 മുതൽ ഇത്തരം പദ്ധതികളെ നവീകരിക്കുന്നതിനുവേണ്ടി ചെറിയ തോതിൽ തുക നൽകുന്നുണ്ടെന്നും ഈ വർഷത്തെ പ്രൊപ്പോസലിൽ ജലനിധിയല്ലാത്തതും എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, സ്വജൽധാര പദ്ധതി തുടങ്ങിയ മുടങ്ങിക്കിടന്ന എല്ലാ കുടിവെള്ള പദ്ധതികളെയും നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നടപ്പാക്കുന്നുണ്ടെന്നും ജലനിധിയുടെ സാന്നിദ്ധ്യമില്ലാത്ത പഞ്ചായത്തുകളിൽ ഈ വർഷം മുതൽ പത്രത്തിൽ പരസ്യം ചെയ്ത് പദ്ധതികൾ ക്ഷണിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

തുടർന്ന് ഇത്തരത്തിലുള്ള 5700-ഓളം പദ്ധതികളിൽ ഏകദേശം 3700-ഓളം പദ്ധതികൾ ഇപ്പോഴും പ്രവർത്തന സജ്ജമാണെന്നും വൈദ്യുതി ബില്ലും മറ്റും അടയ്ക്കാത്തതായ ചെറിയ കാര്യങ്ങൾ കൊണ്ടാണ് മറ്റ് പദ്ധതികൾ മുടങ്ങിപ്പോയതെന്നും പ്രത്യേക പദ്ധതിയെടുത്ത് ശീർഷകം അനുവദിച്ച് ചെറിയ തുക അനുവദിച്ചാൽ നടപ്പിലാക്കാൻ സാധിക്കുന്ന 1004 പദ്ധതികളാണ് ആദ്യം എടുക്കുന്നതെന്നും സംസ്ഥാന വ്യാപകമായി പദ്ധതി അടിസ്ഥാനത്തിലാണ്. ജലനിധി പദ്ധതി ചെയ്യുന്നതെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു.

മുടങ്ങിക്കിടക്കുന്ന ഇത്തരം ചെറിയ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തിലാണ് തീരുമാനമുണ്ടായ തെന്നും കേരളം മുഴുവനായി സർവ്വേ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ചെയ്യുന്നതിന് പകരം വകുപ്പിന്റെ പങ്കാളിത്തം കൂടുതലുള്ളതും താഴെത്തട്ടിൽ നിൽക്കുന്നതുമായ 2 ജില്ലകളിൽ നടപ്പാക്കാനാണ് ആവശ്യപ്പെട്ടതെന്നും ചൂണ്ടിക്കാട്ടിയ സമിതി, കഴിഞ്ഞ വർഷം ഏറ്റെടുത്ത പദ്ധതികളെ സംബന്ധിച്ച് ആരാഞ്ഞു. ജലനിധി പദ്ധതികളെ നവീകരിക്കുന്നതിലായിരുന്നു കൂടുതൽ ശ്രദ്ധചെലുത്തിയതെന്നും കഴിഞ്ഞ വർഷം ഏറ്റെടുത്ത 300 പദ്ധതികളിൽ 270 ഓളം പദ്ധതികൾ പുനരുദ്ധരിച്ചുവെന്നും കേരള റൂറൽ

വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി മാനേജർ അറിയിച്ചു. തുടർന്ന് വകുപ്പ് ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചോ ഫണ്ടിന്റെ വിനിയോഗത്തെക്കുറിച്ചോ സർക്കാരിനോടോ ബന്ധപ്പെട്ട എം.എൽ.എ. മാരോടോ ആലോചിച്ച് തീരുമാനമെടുക്കണമെന്നും ജലനിധി പദ്ധതിയെ മാത്രം കേന്ദ്രീകരിച്ച് കാര്യങ്ങൾ ചെയ്യുമ്പോൾ സ്വജൽധാര പദ്ധതി പോലെയുള്ള എൽ.എസ്.ജി.ഡി. ഫണ്ട്, എം.എൽ.എ. ഫണ്ട് ഉൾപ്പെടെയുള്ള സ്കീമുകൾക്ക് പരിഗണന നൽകുന്നില്ലായെന്നും നാലോ അഞ്ചോ വാർഡുകളിലായി അഞ്ഞൂറോളം വീടുകൾക്ക് കുടിവെള്ളം നൽകുന്നതിനായി ഇതുപോലെയുള്ള പദ്ധതികളുണ്ടെന്നും ചൂണ്ടിക്കാട്ടിയ സമിതി, വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാകണമെന്നും ചെയ്യുന്ന പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട എം.എൽ.എ. മാർക്കോ സർക്കാരിനോ നൽകണമെന്നും അഭിപ്രായപ്പെട്ടു.

പ്രസ്തുത റിപ്പോർട്ടിലെ 11, 12, 32 മുതൽ 60, 62 മുതൽ 86 വരെയുള്ള ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. പ്രസ്തുത ശിപാർശകളിൽ അധിക തുക ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങളോ ലഭിച്ചിട്ടുണ്ടെങ്കിൽ ചെലവ് സംബന്ധിച്ച വിശദാംശങ്ങളോ സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് ചൂണ്ടിക്കാട്ടിയ സമിതി പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസ്തുത ശിപാർശകളിന്മേലുള്ള പുതുക്കിയ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന രേഖകൾ സെക്ഷൻ തലം മുതൽ മേലുദ്യോഗസ്ഥർവരെ പരിശോധിക്കണമെന്നും ലഭ്യമാക്കേണ്ട രേഖകളിൽ കുറവുണ്ടെങ്കിൽ ആയത് കണ്ടെത്തണമെന്നും ഒരു യോഗത്തിൽ അംഗീകരിച്ചതിനുശേഷം പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നത് ശരിയായ പ്രവണതയല്ലായെന്നും അതിനാൽചൂണ്ടിക്കാട്ടിയ സമിതി, സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന രേഖകൾ വ്യക്തവും സമഗ്രവും ആധികാരികവുമായിരിക്കണമെന്ന് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പൊതുവായ നിർദ്ദേശം നല്കി.

## 2. 23-10-2019-ലെ സമിതിയോഗ നിർദ്ദേശം - (1) മുതൽ (8) വരെയുള്ള ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

(ഫയൽ നം. 6765/സബ്.സി. എ 1/2019/നി.സെ.)

**ശിപാർശ നം. 1-ന്മേൽ** ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ വകുപ്പിലെ 1294 തസ്തികകൾ 880 എണ്ണമാക്കി. പരിവർത്തനം ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും എല്ലാ പഞ്ചായത്തുകളിലും കേരള വാട്ടർ അതോറിറ്റിക്ക് ഒരു ഓവർസിയർ ഗ്രേഡ്-II തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥൻ വേണമെന്നുള്ള രീതിയിലാണ് 550 പുതിയ

തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നതെന്നും അതിൽ ലാസ്കർ, ക്ലീനർ, അൺ സ്കിൽഡ് വർക്കർ, എൻ.എം.ആർ. ഓപ്പറേറ്റർ, എൻ.എം.ആർ. ക്ലീനർ എന്നിങ്ങനെയുള്ള തസ്തികകൾ പരിവർത്തനം ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടെന്നും നിലവിൽ ലാസ്കർ തസ്തിക ആവശ്യമില്ലാത്തതിനാലും ജൽജീവൻ പദ്ധതിയിൽ ഓവർസിയർ തസ്തികകളാണ് ആവശ്യം എന്നതിനാലുമാണ് ഇത്തരം തസ്തികകൾ പരിവർത്തനം ചെയ്യുന്നതെന്നും കേരള വാട്ടർ അതോറിറ്റി ഫിനാൻസ് മാനേജർ സമിതിയെ ധരിപ്പിച്ചു. ജൽജീവൻ മിഷൻ പദ്ധതി വഴി ധാരാളം പുതിയ കണക്ഷനുകൾ നല്കിയെങ്കിലും അതിനാനുപാതികമായി ജീവനക്കാരെ വർദ്ധിപ്പിക്കാത്തത് റവന്യൂ വരുമാനം വർദ്ധിക്കാൻ കാരണമായോ എന്ന് സമിതി ആരാഞ്ഞു. ജൽജീവൻ മിഷനിലെ കണക്ഷനുകളെല്ലാം 15000 ലിറ്ററിൽ താഴെ ഉപയോഗമുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായാണ് നല്കുന്നത് എന്നതിനാൽ റവന്യൂ വരുമാനം 5 ശതമാനത്തിൽ താഴെയാണെന്നും കണക്ഷൻ കൂടതലുണ്ടെങ്കിലും വെള്ളത്തിന്റെ ഉപയോഗം കുറവാണെന്നും ഭാവിയിൽ അത് വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി മറുപടി നൽകി.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ 2-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന വിവിധ പദ്ധതികളിലായി വിഭാവനം ചെയ്തിരിക്കുന്ന 264 പാക്കേജുകളിൽ 188 ടെണ്ടർ ചെയ്യുകയും 14 എണ്ണം പൂർണ്ണമായും പൂർത്തീകരിക്കുകയും ചെയ്തതുവഴി 118 MLD ജലം അധികമായി വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ടെന്നും പഴയ പൈപ്പുകൾ മാറ്റിയിടുന്നതിനുള്ള 121 പദ്ധതികളിൽ 43 എണ്ണം പൂർത്തീകരിച്ചിട്ടുള്ളത് കൂടാതെ 31-3-2023-ൽ ലഭിച്ച 5 പുതിയ പദ്ധതികൾക്കുള്ള ഡി.പി.ആർ. കൂട്ടുതൽ ധനസമാഹരണത്തിനുള്ള അംഗീകാരം ലഭിക്കുന്നതിനായി കിഫ്ബിയിൽ കൊടുത്തിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്-II, ജലസേചന വകുപ്പ് സമിതിയെ അറിയിച്ചു. തുടർന്ന് ജൽജീവൻ മിഷൻ മുഖേന നല്കിയ കണക്ഷനുകളിൽ പലതും പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും വെള്ളം ലഭിച്ചുകൊണ്ടിരുന്ന പല സ്ഥലങ്ങളിലും നിലവിൽ വെള്ളം ലഭിക്കാത്ത അവസ്ഥയാണുള്ളതെന്നും ഇത് സംബന്ധിച്ച് പഠനം നടത്തിയില്ലായെങ്കിൽ രണ്ട് വർഷം കഴിയുമ്പോഴേക്കും വലിയ സാമൂഹ്യപ്രശ്നമായി ഇത് മാറുമെന്നും ജൽജീവൻ മിഷൻ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞാൽ ആവശ്യമായ സ്രോതസ്സില്ലായ്മ ഗുരുതര പ്രശ്നമായിത്തീരും എന്നതിനാൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം പദ്ധതികൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. കിഫ്ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ തുടങ്ങിയ ഫണ്ടുകളുപയോഗിച്ച് സ്രോതസ്സുകൾ വികസിപ്പിച്ച് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിലേക്കുള്ള പമ്പിംഗ്, മറ്റ് സാധനങ്ങൾ എന്നിവ സംബന്ധിച്ച് ചർച്ച നടക്കുന്നുണ്ടെന്നും കൂടാതെ നിലവിൽ തുടർന്നു വരുന്ന സാധ്യതാപഠനം നടക്കുന്നുണ്ടെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി & എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ആർ.ഡബ്ല്യൂ.എസ്.എ. സമിതിയെ അറിയിച്ചു.

ചാത്തന്നൂർ മണ്ഡലത്തിൽനിന്നും വെള്ളമെടുത്ത് കൊല്ലം, പാരിപ്പള്ളി മെഡിക്കൽ കോളേജ്, പുനലൂർ എന്നീ പ്രദേശങ്ങളിൽ വിതരണം ചെയ്യുമ്പോൾ പരവൂർ മുനിസിപ്പാലിറ്റിയിലും ഭൂതക്കുളം, കല്ലുവാതുക്കൽ എന്നീ പഞ്ചായത്തുകളിലും വെള്ളമില്ലാത്ത അവസ്ഥയാണെന്നും ചാത്തന്നൂർ മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി പരാജയമാണെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് അടുത്ത ഒരു വർഷംകൊണ്ട് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്ന് സമിതി വിലയിരുത്തി.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 3-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ 2020-21 സാമ്പത്തിക വർഷം കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറെ ഡി.ഡി.ഒ. ആയി നിയമിക്കുകയും BIMS മുഖാന്തരം ബഡ്ജറ്റ് അലോക്കേഷൻ അനുവദിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക ബില്ലുകളെല്ലാം കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ടെന്ന് ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

ചാത്തന്നൂർ കുടിവെള്ള പദ്ധതി എന്ന പേരിൽ 68 കോടി രൂപയുടെ ഒരു കിഫ്ബി പദ്ധതി ഉണ്ടെന്നും അതിനു വേണ്ടിയുള്ള സ്രോതസ്സുണ്ടാക്കാനായി 8 കോടി രൂപയുടെ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള ഭൂമി എറ്റെടുക്കലുമായി ബന്ധപ്പെട്ട ഒരു പ്രോജക്ട് ഉണ്ടെന്നും ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ കേസുകൾ വാട്ടർ അതോറിറ്റി അല്ലേ ചെയ്യുന്നതെന്നും സമിതി ആരാഞ്ഞു. എസ്റ്റേറ്റ് ഓഫീസർ എന്ന നിലയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കൽ പ്രൊപ്പോസൽ ജില്ലാ കളക്ടർ നേരിട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറുകയാണ് ചെയ്യുന്നതെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി & എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യൂ.എസ്.എ. സമിതിയെ അറിയിച്ചു. എന്നാൽ പ്രസ്തുത വിഷയം സംബന്ധിച്ച കെസുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടില്ല എന്ന് ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന തിനെത്തുടർന്ന് പ്രസ്തുത വിഷയം ഒന്നുകൂടി പരിശോധിക്കാമെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം.4-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ എ.ഡി.ബി. പദ്ധതിയിൽ 729 കിലോമീറ്റർ ദൈർഘ്യമുള്ള പൈപ്പ് ലൈൻ മാറ്റിയിടേണ്ടി വരുകയും കൂടാതെ 164000 കണക്ഷൻ കൊടുക്കേണ്ടതായും വരും എന്നതിനാൽ പ്രസ്തുത പ്രവൃത്തി പൂർണ്ണമായും എച്ച്.ഡി.ബി.-യിലേക്ക് മാറ്റുക എന്നത് പ്രായോഗികമല്ല എന്നും റോഡ് അല്പമെങ്കിലും കുഴിച്ചാൽ മാത്രമേ പ്രസ്തുത പ്രവൃത്തിയുമായി മുന്നോട്ടുപോകാൻ

സാധിക്കുകയുള്ളൂവെന്നതിനാൽ 729 കിലോമീറ്റർ ദൈർഘ്യമുള്ള പൈപ്പ് ലൈൻ മാറ്റിയിടുകയാണെങ്കിൽ സാധാരണ എസ്റ്റിമേറ്റിനേക്കാൾ അമ്പത് മുതൽ എഴുപത് വരെ കോടി രൂപ അധികമായി വേണ്ടി വരുമെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്-II, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു. കാലപ്പഴക്കമേറിയ പൈപ്പുകളാണ് എ.ഡി.ബി. പ്രോജക്ടിൽ ഉള്ളത് എന്നതിനാൽ പ്രസ്തുത പൈപ്പ് ലൈനുകളുമായി ബന്ധപ്പെട്ട കണക്ഷനുകളും മാറ്റേണ്ടതുള്ളതിനാൽ പ്രസ്തുത പ്രവൃത്തി എച്ച്.ഡി.ബി.യി-ലേക്ക് പോകുമ്പോൾ ബുദ്ധിമുട്ടുണ്ടാകുമെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി കൂട്ടിച്ചേർത്തു.

തുടർന്ന് നിലവിലുള്ള ജലവിതരണ ലൈനുകളിൽ ലൈനിൽ നിന്ന് കൂടുതൽ കണക്ഷനുകൾ നല്കേണ്ടിവന്നാൽ അതെല്ലാം താഴ്ഭാഗത്ത് നിന്ന് കൊടുക്കാമെന്നും ക്രോസിംഗുകൾ, ടൗണുകൾ, ജംഗ്ഷനുകൾ എന്നിങ്ങനെയുള്ള കുറച്ച് ഭാഗങ്ങളിൽ എച്ച്.ഡി.ബി. വഴി ചെയ്യാൻ കഴിയുമെന്നും സമിതി വിലയിരുത്തി.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം.5-മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ജല ഉപഭോഗം സംബന്ധിച്ച ബിൽ എടുക്കുന്നത് 2001 മുതൽ തന്നെ രണ്ട് മാസത്തിലൊരിക്കലാക്കി നടപ്പിലാക്കിയിട്ടുണ്ടെന്നും ഉപഭോക്താവിന് സ്വന്തമായി മീറ്റർ റീഡിംഗ് എടുക്കാൻ സാധിക്കുന്ന തരത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ സംവിധാനം തിരുവനന്തപുരം സെൻട്രൽ സബ്ഡിവിഷനുകീഴിൽ പാളയം, പാറ്റൂർ എന്നീ രണ്ട് സെക്ഷനുകളിൽ പൈലറ്റടിസ്ഥാനത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണെന്നും മൊബൈലിൽ ഫോട്ടോ എടുത്ത് റീഡ് ചെയ്താൽ രണ്ട് സംവിധാനങ്ങളിലേക്കും വിവരം ലഭ്യമാകുന്ന തരത്തിലുള്ള പ്രോജക്ടാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും ഇത് വിജയകരമാണെങ്കിൽ സംസ്ഥാനത്താകെ നടപ്പിലാക്കാൻ സാധിക്കുമെന്നും കെ-സെൽഫ് എന്ന ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക് സ്വന്തമായി റീഡിംഗ് എടുത്ത് മാസം തോറും ജല ഉപഭോഗ ബിൽ ഒടുക്കാൻ സാധിക്കുമെന്നും ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

ഉപയോഗിക്കാത്ത വെള്ളത്തിന് ബിൽ ഒടുക്കേണ്ടതായ സാഹചര്യം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം അശാസ്ത്രീയമായ ബില്ലുകൾ വരുന്നതിന് അപ്പീൽ കൊടുത്താൽ പരിഹരിക്കുന്നതിന് വലിയ കാലതാമസം വരികയാണെന്നും ചൂണ്ടിക്കാട്ടിയ സമിതി, പ്രസ്തുത വിഷയം വേഗത്തിൽ പരിഹരിക്കുവാൻ സംവിധാനമില്ലേ എന്ന് ആരാഞ്ഞു. അതത് അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് പരിഹരിക്കാൻ സാധിക്കുന്നതാണെങ്കിൽ പ്രസ്തുത പ്രശ്നം ആ തലത്തിൽത്തന്നെ പരിഹരിക്കപ്പെടുമെന്നും

അല്ലാത്തവ ഹെഡ് ഓഫീസിലാണ് ചെയ്യുന്നതെന്നും ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചു. ഇത്തരം സന്ദർഭങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു കമ്മിറ്റി രൂപീകരിച്ച് അവിടെ പരിഹരിക്കപ്പെടാവുന്ന വിഷയമാണെങ്കിൽ അവിടെ വച്ച് തന്നെ പരിഹരിക്കുമെന്നും അവിടെ പരിഹരിക്കുവാൻ സാധിക്കാത്തതുമാത്രം ഹെഡ്ക്വാർട്ടേഴ്സിലേക്ക് അയയ്ക്കുമെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി കൂട്ടിച്ചേർത്തു. ഉപയോഗിക്കാത്ത വെള്ളത്തിന് ബിൽ ഒടുക്കേണ്ടതില്ലായെന്നും ഇത്തരത്തിലുള്ള ചില അപാകങ്ങൾ ശ്രദ്ധയിൽപ്പെടാൻ തിരുത്തികൊടുക്കുന്നുണ്ടെന്നും പ്രസ്തുത വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് എല്ലാതലത്തിലുള്ള ഉദ്യോഗസ്ഥരെയും ഏല്പിക്കുന്നതിനും പകരം വ്യാപകമായി ഇത്തരത്തിലുള്ള പ്രശ്നങ്ങൾ വരികയാണെങ്കിൽ പരിഹരിക്കുന്നതിനായി ഒരു പരാതി സെൽ രൂപീകരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. സമാന പരാതികളുടെ എണ്ണം കൂടിയതുകൊണ്ട് പരിഹാരം കാണുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ അധികാരം നൽകിക്കൊണ്ട് വാർഷിക പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

**പ്രസ്തുത റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 6-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പൈപ്പ് ലൈനുകൾ പൊട്ടിയാൽ റോഡ് കുഴിക്കാതെ തന്നെ ചോർച്ച കണ്ടുപിടിക്കുന്നതിനുള്ള ലീക്ക് ഡിറ്റക്റ്റിംഗ് മെഷീൻ എല്ലാ സർക്കിളിന്റെ കീഴിലും ഓരോന്ന് വീതം വാങ്ങുന്നതിനായി 12.5 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി അറിയിച്ചു. തുടർന്ന് 2019-ലെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുവാൻ ഇത്രയും കാലതാമസം വന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞു. മുൻപ് ഒരു പ്രാവശ്യം ടെണ്ടർ ചെയ്തിരുന്നുവെങ്കിലും വാട്ടർ അതോറിറ്റിയുടേത് കർശനമായ സ്പെസിഫിക്കേഷനായതിനാൽ യോഗ്യത നേടിയിട്ടുള്ള വിതരണക്കാരെ ലഭിക്കാത്തതുകൊണ്ട് പ്രസ്തുത ഉപകരണം എങ്ങനെയാണ് പ്രവർത്തിപ്പിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് വീണ്ടും ഒന്നുരണ്ട് പ്രാവശ്യം വിശദീകരിച്ച് കാണിക്കേണ്ടി വരുകയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്പെസിഫിക്കേഷനുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉപകരണം വാങ്ങുന്നതിന് ഭരണാനുമതി ആയിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

നാല് വർഷമായി പൈപ്പ് പൊട്ടൽ കാരണം ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുകയാണെന്നും നമ്മുടെ നാട്ടിൽ ലഭിക്കുന്ന മെഷീൻ വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതമെന്നും വിലയിരുത്തിയ സമിതി ചോർച്ച കണ്ടെത്താനുള്ള മെഷീൻ വാങ്ങുന്നതിനുമുള്ള നടപടികൾ നാലുവർഷമായി കടലാസ്സിൽ കിടക്കുന്നതിൽ കടുത്ത അതൃപ്തി

പ്രകടിപ്പിക്കുകയും കേരള വാട്ടർ അതോറിറ്റി എം.ഡി. മുൻകയ്യെടുത്ത് ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് മെഷീൻ വാങ്ങിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് പ്രസ്തുത സ്പെസിഫിക്കേഷൻ അടിയന്തരമായി പരിശോധിച്ച് ഈ ആഴ്ച തന്നെ നടപടി സ്വീകരിക്കുന്നതാണെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു. തുടർന്ന് ഉദ്യോഗസ്ഥർ കണ്ട് ബോദ്ധ്യപ്പെട്ടതും മറ്റ് പ്രശ്നങ്ങളില്ലാത്തതുമായ മെഷീനാണ് വാങ്ങുന്നതെങ്കിൽ പ്രശ്നമില്ലായെന്ന് സമിതി വിലയിരുത്തി.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 7-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ നിലവിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുക 128 പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനായി സ്റ്റേറ്റ് പ്ലാൻ, നബാർഡ്, ജെ.ജെ.എം., ആർ.കെ.ഐ., കിഫ്ബി തുടങ്ങിയവയിൽ കൊടുത്ത് ഭരണാനുമതി വാങ്ങിയിട്ടുണ്ടെന്നും അതിൽ 18 പദ്ധതികൾ പൂർത്തിയാവുകയും 85 പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും 20 പദ്ധതികളുടെ ടെണ്ടറിംഗ് നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും കിഫ്ബിയിൽ നിന്നും ഭരണാനുമതി കിട്ടിയാലുടൻ 3 പദ്ധതികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ (പി.ഐ.യു-1), കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു. സ്റ്റേറ്റ് പ്ലാൻ പദ്ധതികളുടെ പരിധിയിൽ ഉൾപ്പെടുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ ബിൽ കുടിശ്ശിക 2022 മാർച്ചോടുകൂടി 64 കോടി രൂപയായി കുറഞ്ഞുവെന്ന് ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി കൂട്ടിച്ചേർത്തു. എന്നാൽ പ്രസ്തുത വിവരം ഉൾപ്പെടുത്താതെ 275.42 കോടി രൂപ കുടിശ്ശിക ഉണ്ടെന്നാണ് സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് എന്ന് ചൂണ്ടിക്കാട്ടിയ സമിതി, ഇതിൽ അതൃപ്തി പ്രകടിപ്പിക്കുകയും സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്ന വിവരങ്ങൾ കൃത്യതയുള്ളതും ഏറ്റവും പുതിയ കണക്കുകൾ ഉൾപ്പെട്ടതുമായിരിക്കണമെന്ന് വിലയിരുത്തുകയും സ്റ്റേറ്റ് പ്ലാൻ പദ്ധതികളുടെ പരിധിയിൽ വരുന്നതിന് പൂർത്തീകരിച്ച പ്രവൃത്തികളുടെ 2017 മുതലുള്ള കുടിശ്ശിക ബില്ലുകളുടെ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസ്തുത ശിപാർശയിന്മേലുള്ള ഏറ്റവും പുതിയ സ്ഥിതി വിവര കണക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**ശിപാർശ നം. 8-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചവേളയിൽ വാട്ടർ അതോറിറ്റിയുടെ പേരൂർക്കട മുതൽ വെള്ളയമ്പലം വരെയുള്ള പ്രദേശത്ത് 45 കയ്യേറ്റങ്ങളാണുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട് റീ-സർവ്വേ ചെയ്ത് രേഖകൾ തരണമെന്ന് ഭൂരേഖ വകുപ്പിന് തഹസിൽദാർ കത്ത് നൽകിയിട്ടുണ്ടെങ്കിലും ഇതുവരെയും രേഖകൾ ലഭിച്ചിട്ടില്ലായെന്നും പ്രസ്തുത വിഷയം തഹസിൽദാർ തലത്തിൽ

പരിഹരിക്കാൻ സാധിക്കുന്നതല്ലായെന്നും ജില്ലാ കളക്ടർക്കോ അതിനുമുകളിലോ ഉള്ള ഉദ്യോഗസ്ഥർക്ക് മാത്രമേ ഇതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂവെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

കേരളം ഒട്ടാകെയുള്ള വാട്ടർ അതോറിറ്റികളുടെ കൈവശമുള്ള സ്ഥലങ്ങളിലെ കയ്യേറ്റങ്ങൾ പരിശോധിക്കണമെന്നാണ് 2019-ലെ സമിതി ശിപാർശ എന്നിരുന്നാലും സമിതിക്ക് ലഭ്യമാക്കിയ റിപ്പോർട്ടിൽ തിരുവനന്തപുരം ജില്ലയിലെ കയ്യേറ്റങ്ങൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത് എന്ന് ചൂണ്ടിക്കാട്ടിയ സമിതി എന്തുകൊണ്ടാണ് പ്രസ്തുത ശിപാർശ പ്രകാരമുള്ള ലിസ്റ്റ് ലഭ്യമാക്കാത്തതെന്ന് ആരാഞ്ഞു. 2019 മുതലുള്ള അസറ്റ് രജിസ്റ്ററിന്റെ കരടാണ് കയ്യേറ്റങ്ങൾ സംബന്ധിച്ച രേഖയായി ഉള്ളതെന്നും കരട് രേഖ പുതുതായി പ്രസിദ്ധീകരിക്കുകയോ പരിശോധിക്കുകയോ ചെയ്തിട്ടില്ലായെന്നും കയ്യേറ്റം നടന്ന സ്ഥലങ്ങൾ കണ്ടെത്തി അടയാളപ്പെടുത്തുന്നതിനായി പ്രത്യേകമായി ഒരു ലാൻഡ് ഓഫീസറെ നിയമിച്ച് അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണെന്നും വില്ലേജ് രേഖകളിൽ മുൻപ് വലിയ ഭൂമിയായിക്കിടന്ന സ്ഥലത്ത് ഇപ്പോൾ ഒരുപാട് പിരിവുകളുണ്ടായിട്ടുള്ളതിനാൽ ഓരോ ഭൂമിയും പ്രത്യേകം പരിശോധിക്കേണ്ടിവരുമെന്നും ഇത് സംബന്ധമായ രേഖകൾ എളുപ്പത്തിൽ കിട്ടുന്നില്ലായെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി & എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ആർ.ഡബ്ല്യൂ.എസ്.എ. സമിതിയെ ധരിപ്പിച്ചു. തുടർന്ന് 2019-ൽ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരംകേരളം ഒട്ടാകെയുള്ള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലങ്ങളിൽ നടന്നിട്ടുള്ള കയ്യേറ്റങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ശിപാർശയിന്മേൽ പുതുക്കിയ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**(3) <u>15-5-2019-ലെ സമിതിയോഗ നിർദ്ദേശം-പാണ്ടിയാർ പുന്നപ്പുഴ ഡാമിനായുള്ള പ്രൊപ്പോസൽ നല്കുമ്പോൾ പ്രസ്തുത പ്രദേശത്ത് കൃഷിക്കാവശ്യമായ ജലം നല്കുവാൻ കഴിയുന്നത് സംബന്ധിച്ച് പരിശോധിക്കണമെന്ന സമിതിയോഗ നിർദ്ദേശം- ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.</u>**

(ഫയൽ നം.2920/സബ്.സി.എ 1/2018/നി.സെ.)

പ്രസ്തുത ശിപാർശയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പാണ്ടിയാർ-പുന്നപ്പുഴ ജലവൈദ്യുത പദ്ധതിയെ സംബന്ധിച്ച് 14-10-1965-ൽ നടന്ന ചർച്ചയിൽ അപ്സ്ട്രീമിൽ 150MW-ന്റെ പ്രോജക്ട് തമിഴ്നാടിനും താഴെ 60MW-ന്റെ പാണ്ടിയാർ-പുന്നപ്പുഴ ജലവൈദ്യുത പദ്ധതി കേരളത്തിനും ആണെന്ന് ധാരണയാവുകയും തമിഴ്നാട് അണക്കെട്ടിൽനിന്നും വൈദ്യുതി ഉല്പാദിപ്പിച്ചതിനുശേഷമുള്ള വെള്ളം കേരളത്തിന് നൽകുമെന്നാണ് അന്ന് തമിഴ്നാട് സ്വീകരിച്ച നയമെങ്കിലും

അതിനുശേഷമുള്ള ചർച്ചയിൽ, തമിഴ്നാട് കൂടുതൽ ജലം ആവശ്യപ്പെടുകയും മറ്റൊരു പ്രോജക്ട് സമാന്തരമായി കൊണ്ടുവന്ന് ചാലിയാറിൽ നിന്നുമാറ്റി ജലം കാവേരിയിലേക്ക് തിരിച്ചുവിടാനുള്ള തീരുമാനമുണ്ടാവുകയും ഇത് അന്തർസംസ്ഥാന കരാറിനെതിരായതിനാൽ തുടർന്നുള്ള ചർച്ചകൾ നിന്നുപോവുകയും 2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിൽ പാണ്ടിയാർ-പുന്നപ്പുഴ പദ്ധതി വീണ്ടും സന്ദർശിക്കാമെന്നുള്ള തീരുമാനമുണ്ടായതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിതലത്തിൽ മൂന്ന് തവണ യോഗം ചേരുകയും 17-9-2021-ൽ കൂടിയ മൂന്നാമത്തെ യോഗത്തിൽ, തമിഴ്നാടിന്റെ ഭാഗം അപ്സ്ട്രീമായി വരുന്നതുകൊണ്ട് അവർ പ്രൊപ്പോസ് ചെയ്തിരിക്കുന്ന പ്രോജക്ടിന്റെ ജലം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് എങ്ങനെയാണെന്നുള്ള വിവരങ്ങൾ (റിസർവ്വോയർ വർക്കിംഗ് ടേബിൾ) തരുന്നമുറയ്ക്ക് കേരളത്തിലെ പ്രോജക്ടുമായി മുന്നോട്ടുപോകാമെന്ന് തീരുമാനിക്കുകയും തമിഴ്നാട്ടിൽ അണക്കെട്ട് നിർമ്മിച്ച് വെള്ളം താഴേക്ക് വിടുന്നതനുസരിച്ച് മാത്രമേ കേരളത്തിന്റെ റിസർവ്വോയർ പ്ലാൻ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും വൈദ്യുതി ഉല്പാദനം മാത്രമായിരുന്ന തമിഴ്നാടിന്റെ അന്നത്തെ ആവശ്യമെങ്കിലും തുടർന്ന് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമായി കൂടുതൽ ജലം വേണമെന്ന് ആവശ്യപ്പെടുകയും ഇത് കേരളത്തിൽ ലഭിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരുത്തുമെന്നതിൽ വകുപ്പിന് ആശങ്കയുണ്ടെന്നും ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു.

പ്രസ്തുത കരാർ പ്രകാരം വൈദ്യുതി ഉല്പാദനം മാത്രമാണ് തമിഴ്നാടിനുള്ളതെങ്കിൽ ബാക്കിയുള്ള ജലം കേരളത്തിനവകാശപ്പെട്ടതല്ലേ എന്ന് സമിതി ആരാഞ്ഞു. കരാറിൽ അങ്ങനെ തീരുമാനമായിട്ടില്ലായെന്നും സാങ്കേതികമായിട്ടുള്ള സാധ്യതാ റിപ്പോർട്ടെല്ലാം അംഗീകരിച്ചാൽ മാത്രമേ കരാറിലേക്ക് കടക്കുകയുള്ളൂവെന്നും കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ പാണ്ടിയാർ-പുന്നപ്പുഴ അണക്കെട്ട് നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ടുള്ള ചർച്ചയിൽ ഇരു സംസ്ഥാനങ്ങളിലെയും സെക്രട്ടറി തലത്തിൽ യോഗം കൂടാൻ നിർദ്ദേശം നൽകിയെന്നും മൂന്നാമത്തെ യോഗത്തിൽ വെള്ളത്തിന്റെ ഉപയോഗം സംബന്ധിച്ചുള്ള വിവരങ്ങൾ തമിഴ്നാട് കേരളത്തിന് നൽകണമെന്ന് തീരുമാനമെടുത്തിരു ന്നെങ്കിലും നാളിതുവരെ വിവരങ്ങൾ നൽകിയിട്ടില്ലെന്നും ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ് അറിയിച്ചു. കേരളത്തിനവകാശപ്പെട്ട ജലം ലഭിക്കുന്നതിനായി പ്രസ്തുത വിഷയം ഗൗരവമായി എടുത്ത് ചർച്ച ചെയ്ത് മുന്നോട്ട് കൊണ്ടുപോകണമെന്നും ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും യോഗത്തിന്റെ നടപടിക്കുറിപ്പിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തണമെന്നും അല്ലെങ്കിൽ ഇത് സംബന്ധിച്ച് ധാരണയാകില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു. അപ്രകാരം ചെയ്യാമെന്ന് ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ് മറുപടി നൽകി.

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**(4) 18-11-2020-ലെ സമിതിയോഗ നിർദ്ദേശം-ശിപാർശ നം. 1, 3, 4 എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ**

(ഫ.നം. 236/സബ്.സി.എ./2021/നി.സെ.)

ശിപാർശ നം -1-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി, കുറ്റ്യാടി ജലസേചന പദ്ധതി സംരക്ഷിക്കുന്നതിനായി മറ്റ് സ്രോതസ്സുകളിൽ നിന്നും പ്രസ്തുത പദ്ധതിയിലേക്ക് ജലം എത്തിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് ആരാഞ്ഞു. കോഴിക്കോട് ജില്ലയിലെ മൂന്ന് താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്ന 603 കിലോമീറ്റർ ദൈർഘ്യമുള്ളതും 50 വർഷം പൂർത്തീകരിച്ചിരിക്കുന്നതുമായ കനാൽ ശൃംഖലയായ കുറ്റ്യാടി ജലസേചന പദ്ധതി വഴിയാണ് വടകര, കൊയിലാണ്ടി എന്നീ താലൂക്കുകളിലും കോഴിക്കോട് താലൂക്കിന്റെ ഏകദേശം 50 ശതമാനം ഭാഗത്തും ജലവിതരണം നടത്തി വരുന്നതെന്നും 14560 ഹെക്ടർ ദേശത്തേക്ക് സെക്കന്റിൽ 18.38 ഘനമീറ്റർ ജലമാണ് അണക്കെട്ടിൽ നിന്നും പോകുന്നത് എന്നത് കൂടാതെ 174$m^3$ ജലം ജെ.ബി.ഐ.സി. പദ്ധതിക്കുവേണ്ടി കുറ്റ്യാടി ജലസേചന പദ്ധതി വഴി റിസർവോയറിൽ നിന്നും ഉപയോഗിച്ചുവരുന്നുണ്ടെന്നും ഇതു കൂടാതെ മറ്റ് ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും നിലവിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഡാം ശക്തിപ്പെടുത്തൽ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി മുഴുവൻ അളവിലും ജലം സംഭരിച്ച് നിർത്തി പ്രസ്തുത പദ്ധതികൾ യാതൊരു പ്രശ്നവുമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്നും മറ്റൊരു മാർഗ്ഗത്തിലൂടെ പ്രസ്തുത പദ്ധതിയിലേക്ക് ജലം വഹിച്ചുകൊണ്ടുവരാൻ കഴിയില്ല എന്നും കുറ്റ്യാടി ജലസേചന പദ്ധതിയുടെ അപ്സ്ട്രീമിൽ കക്കയം റിസർവോയറും അതിനുമുകളിൽ ബാണാസുര സാഗർ റിസർവോയറുമാണുള്ളതെന്നും കക്കയം റിസർവോയറിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിച്ചതിനുശേഷമുള്ള വെള്ളവും ഒഴുകി വരുന്നത് പ്രസ്തുത പദ്ധതിയിലേക്കാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റ്യാടി ജലസേചന പദ്ധതി മറുപടി നല്കി.

തുടർന്ന് നിലവിൽ നടത്തി വരുന്ന ഡാം ശക്തിപ്പെടുത്തൽ പ്രവൃത്തികൾ പൂർത്തിയായാൽ 603 കിലോമീറ്റർ ദൈർഘ്യമുള്ള ഡിസ്ട്രിബ്യൂട്ടറി ലൈനും ആവശ്യമായ ജലവും ഇവിടെത്തന്നെ സംഭരിക്കാൻ കഴിയുമോ എന്നും ബാണാസുരസാഗറിൽ നിന്ന് പ്രസ്തുത പദ്ധതിയിലേക്ക് ജലം എത്തുന്നുണ്ടോ എന്നും സമിതി ആരാഞ്ഞു. ബാണാസുരസാഗറിൽ നിന്നും കക്കയം ജലവൈദ്യുത പദ്ധതിയിലേക്ക് ഒഴുകി വരുന്ന ജലമാണ് ഉല്പാദനശേഷം കുറ്റ്യാടി ജലസേചന പദ്ധതിയിലേക്ക് വരുന്നതെന്നും നിലവിൽ ഡാം ശക്തിപ്പെടുത്തൽ ശരിയായ രീതിയിലല്ലാത്തതിനാൽ ഒഴുകി എത്തുന്ന ജലത്തിന്റെ അളവ് കുറച്ചുവച്ചിരിക്കുകയാണെന്നും DRIP (Dam Rehabilitation and Improvement Project) പൂർത്തിയാകുമ്പോൾ മുഴുവൻ റിസർവോയറിലും ജലം സംഭരിക്കാൻ സാധിക്കുമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റ്യാടി ജലസേചന പദ്ധതി മറുപടി നൽകി.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നമ്പർ 3**-ന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ വിവിധ ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനനുവദിച്ച ജലത്തിന്റെ പ്രധാന ഭാഗവും വരുന്നത് കാവേരി ബേസിനിലാണെന്ന് ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ് സമിതിയെ അറിയിച്ചു. കടമാൻതോടും തൊണ്ടയാറും മാത്രമാണ് പ്രതീക്ഷയുള്ള രണ്ട് സ്ഥലങ്ങളെന്നും മറ്റുള്ള സ്ഥലങ്ങളിൽ പദ്ധതി വിഭാവനം ചെയ്യുന്നത് പ്രയാസകരമാണെന്നും കടമാൻതോട്, തൊണ്ടയാർ എന്നിവിടങ്ങളിൽ മുമ്പ് എടുത്തതിനേക്കാൾ കുറച്ച് ജലമാണ് ഇപ്പോൾ എടുത്തിട്ടുള്ളത് എന്നും ഇത് നല്ല രീതിയിൽ കൊണ്ടുപോകുന്നതിനാവശ്യമായ പഠനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാ വശ്യമായ പഠനങ്ങളും അധിക തുകയും വകയിരുത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതെന്നും ചൂണ്ടിക്കാട്ടിയ സമിതി, കടമാൻതോട്, തൊണ്ടാർ എന്നീ ജലസേചന പദ്ധതികളിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത് നല്ലതായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു.

2023-24-ലെ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് കഴിഞ്ഞ വിഷയനിർണ്ണയ സമിതി യോഗത്തിൽ ഇത് സംബന്ധിച്ച വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 6 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതിൽ തീരുമാനമായിട്ടില്ല എന്നും തൊണ്ടാർ ജലസേചന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്), ഐ.ഡി.ആർ.ബി., ജലസേചന വകുപ്പ് കൂടിച്ചേർത്തു. വിവിധ ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനനുവദിച്ച ജലത്തിന്റെ പൂർണ്ണമായ ഉപയോഗത്തിനായി ഇത്തരത്തിലുള്ള പദ്ധതികളല്ലാതെ മറ്റ് ചെറുകിട പദ്ധതികൾ കൂടി പ്രയോജനപ്പെടുത്തുവാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞു. ഐ. & എ-യുടെ കീഴിൽ മൈനർ ഇറിഗേഷൻ പ്രോജക്ട്സ് ഫോർ കാവേരി ബേസിൻ, ഭവാനി ബേസിൻ എന്നീ രണ്ട് സ്കീമുകളുണ്ടെന്നും അതിന്റെ കീഴിൽ പ്രോജക്ടുകൾ ചെയ്യുന്നുണ്ടെന്നും ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ് അറിയിച്ചു.

പാമ്പാർ ബേസിനിൽ 3 ടി.എം.സി. ജലമാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും പട്ടിശ്ശേരി അണക്കെട്ട് വരുമ്പോൾ 0.075 ടി.എം.സി. ജലം കൂടി അതിലേക്ക് വരുമെന്നും പട്ടിശ്ശേരി അണക്കെട്ടിനുവേണ്ടിയുള്ള പരിഷ്കരിച്ച ഡി.പി.ആർ. ആയിക്കഴിഞ്ഞുവെന്നും ഇത് പ്രാവർത്തികമാകുന്നതോടുകൂടി വെള്ളത്തിന്റെ അളവ് 0.23 ടി.എം.സി.-യിൽ എത്തുമെന്നും കൂടാതെ ലോവർ ചട്ട മൂന്നാറിന്റെ നാല് ഇൻവെസ്റ്റിഗേഷൻ സർവ്വേയും ലാന്റ് സർവ്വേയും പൂർത്തീകരിച്ചു കഴിഞ്ഞുവെന്നും ഐ.ആർ.ഡി.ബി. ലാന്റ് ഡ്രോയിംഗ്സ് തയ്യാറാക്കി ക്കൊണ്ടിരിക്കുകയാണെന്നും ഡ്രോയിംഗ്സ് പൂർത്തിയായിക്കഴിഞ്ഞാൽ മൂന്നുമാസംകൊണ്ട് ഡി.പി. ആർ. തയ്യാറാകുമെന്നും ലോവർ ചട്ട മൂന്നാറിന്റെ സർവ്വേ കഴിഞ്ഞിട്ടുള്ള സ്ഥലം

ഏറ്റെടുക്കുന്നതിനുള്ള രേഖകൾ തയ്യാറായിട്ടുണ്ടെന്നും ചില പ്രാദേശിക പ്രശ്നങ്ങളുള്ളതിനാൽ വട്ടവട ജലസേചന പദ്ധതിയുടെ കാര്യത്തിൽ മാത്രമാണ് അനിശ്ചിതത്വമുള്ളതെന്നും അവിടെ 3 ടി.എം.സി. ജലം സംഭരിക്കാൻ സാധിക്കുന്ന രീതിയിൽ രേഖകൾ പൂർണ്ണമായും ചെയ്തു കഴിഞ്ഞുവെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സമിതിയെ ധരിപ്പിച്ചു.

സംസ്ഥാനത്തിനാവശ്യമായ പദ്ധതികൾ യഥാസമയം കേന്ദ്രത്തിൽ സമർപ്പിക്കുന്നില്ലായെന്നും എന്നാൽ മറ്റ് പല സംസ്ഥാനങ്ങളും പദ്ധതികൾ കൃത്യസമയത്ത് കേന്ദ്രത്തിൽ സമർപ്പിച്ച് കൂടുതൽ ഫണ്ട് വാങ്ങുന്നുണ്ടെന്നും സംസ്ഥാനം ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലായെന്നും സമിതി വിലയിരുത്തി, കേരളത്തിലുള്ള വിവിധ ജലസേചന പദ്ധതികളെ കൂടുതൽ ശക്തിപ്പെടുത്തുവാനും ജലസേചനത്തിന് അനുയോജ്യമാക്കുവാനും കഴിയുന്നവിധത്തിലുള്ള ഡി.പി.ആർ. യഥാസമയം കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് പദ്ധതികൾ നേടിയെടുക്കുവാൻ ശ്രദ്ധിക്കണമെന്ന് അഭിപ്രായപ്പെട്ടു.

നിലവിലുള്ള പ്രോജക്ടുകളെല്ലാം 50 വർഷം കഴിഞ്ഞവയായതിനാൽ റീവാമ്പിംഗ് ചെയ്യുന്നതിന് കേന്ദ്ര സഹായം ലഭിക്കുമെന്നും നിലവിൽ സംസ്ഥാനം ഭരണാനുമതി നല്കിയെങ്കിൽ മാത്രമേ കേന്ദ്ര സഹായത്തിന് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂവെന്നും 477 കോടി രൂപയുടെ അട്ടപ്പാടി പ്രോജക്ടിന് സംസ്ഥാനം നിലവിൽ ഭരണാനുമതി കൊടുത്തിട്ടുള്ളതുകൊണ്ടാണ് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ളതെന്നും റീവാമ്പിംഗിനുവേണ്ടി ഇപ്പോൾ 8 ഡി.പി.ആർ.-കൾ തയ്യാറാക്കി പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചുവെന്നും പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന് 477 കോടി രൂപ വേണ്ടിവരുമെങ്കിലും തുകയൊന്നുംതന്നെ അനുവദിച്ചിട്ടില്ലായെന്നും വകുപ്പിൽനിന്നും എല്ലാ പദ്ധതികൾക്കും പ്രൊപ്പോസൽ വയ്ക്കുന്നുണ്ടെങ്കിലും ഒരു പ്രൊപ്പോസൽ പോലും ബഡ്ജറ്റിൽ അംഗീകരിച്ചിട്ടില്ലായെന്നും ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് പൂർത്തിയാക്കുന്നതിന് 100 കോടി രൂപ ബഡ്ജറ്റിൽ നൽകാമെന്ന് പറഞ്ഞുവെങ്കിലും ആയത് ലഭ്യമായിട്ടില്ലായെന്നും സി.ഡബ്ല്യൂ.സി. മാനദണ്ഡം അനുസരിച്ചുള്ള എല്ലാം ഡി.പി.ആർ.ഉം പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിക്കായി സംസ്ഥാനം തുകയൊന്നും തന്നെ അനുവദിക്കുന്നില്ലായെന്നതാണ് നിലവിലെ സ്ഥിതിയെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെപലപ്പ്മെന്റ് കോർപ്പറേഷൻ സമിതിയെ ധരിപ്പിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 4-**മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കുട്ടക്കടവ് റെഗുലേറ്റർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട 35 കോടി രൂപയുടെ ഡി.പി.ആർ.-ന് ഫെബ്രുവരി മാസത്തിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും സാങ്കേതികാനുമതി ലഭിക്കുന്നതിനായി 2023 ഏപ്രിൽ മാസം 28-ാം തീയതി ചേരുന്ന യോഗത്തിൽ സമർപ്പിക്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

5. **<u>2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 6-3-2019, 14-3-2019 എന്നീ തീയതികളിലെ സമിതി യോഗനിർദ്ദേശം - ശിപാർശ നം. 1,3, 5, 6, 7 എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ</u>**

(ഫയൽ നം. 2890/സബ്.സി.എ 1/2019/നി.സെ.)

**ശിപാർശ (1), (3) എന്നിവയിൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി ആയത് അംഗീകരിച്ചു.**

**ശിപാർശ നം. 5**-ന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പെരിയാർ നദീതട ജലസേചന പദ്ധതിയുടെ ഭാഗമായ ഇടപ്പള്ളി ബ്രാഞ്ച് കനാലിന്റെ തൃക്കാക്കര നഗരസഭ ഉൾപ്പെട്ട പ്രദേശത്ത് കനാൽ കയ്യേറിയ 23 കുടുംബങ്ങളിൽ 5 കുടുംബങ്ങളെ ഒഴിപ്പിച്ചുവെങ്കിലും ശേഷിക്കുന്നവർ ഒഴിഞ്ഞുപോകാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറിക്കെതിരെ നടപടിക്ക് ശിപാർശ ചെയ്യാൻ ഗവൺമെന്റിന് കത്ത് നൽകിയിട്ടുണ്ടെന്നും മുനിസിപ്പൽ സെക്രട്ടറിയാണ് അവരെ ഒഴിപ്പിക്കേണ്ടതെന്നും വാട്ടർ കൺസർവേഷൻ ആക്റ്റ് പ്രകാരമാണെങ്കിലും വകുപ്പിന് അവരെ ഒഴിപ്പിക്കുന്നതിന് ചില നിയമ തടസ്സങ്ങളുണ്ടെന്നും മുനിസിപ്പാലിറ്റി വീട്ടു നമ്പർ കൊടുത്ത കെട്ടിടങ്ങളാണ് അവിടെയുള്ളത് എന്നതുകൊണ്ടാണ് മുനിസിപ്പൽ സെക്രട്ടറിക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ ഗവൺമെന്റിന് കത്ത് കൊടുത്തിട്ടുണ്ടെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സമിതിയെ അറിയിച്ചു.

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിൽ പറഞ്ഞിരിക്കുന്നത് പ്രസ്തുത കുടുംബങ്ങൾക്ക് മുനിസിപ്പാലിറ്റി വീട്ടു നമ്പർ കൊടുത്തതുകൊണ്ടാണ് നിയമ സാധുത കിട്ടിയിട്ടുള്ളത് എന്നതിനാൽ നിയമ സാധുത നൽകിയതിനെതിരെ നടപടി സ്വീകരിക്കണമെന്നും വാട്ടർ കൺസർവേഷൻ ആക്റ്റ് അനുസരിച്ച് പ്രസ്തുത കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവരുമെന്നും സെക്രട്ടറി, ജലവിഭവ വകുപ്പ് കൂട്ടിച്ചേർത്തു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 6**-ന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചവേളയിൽ മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് KRWSA-യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന 'മഴകേന്ദ്രം' എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വ്യക്തിഗത കുടുംബങ്ങൾക്കും, കിണർ റീചാർജ്ജിംഗിനും ആവശ്യമായ മഴവെള്ള സംഭരണ പരിപാടികൾ നടപ്പിലാക്കുന്നുണ്ടെന്നും ഇത്തരത്തിലുള്ള പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള ശേഷി മഴകേന്ദ്രത്തിന്റെ നിലവിലുള്ള സംവിധാന ത്തിനില്ലാത്തതിനാൽ ഇതിലേയ്ക്കായി റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് എന്ന ശീർഷകം

അനുവദിക്കുകയും മഴവെള്ള സംഭരണ മേഖലയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും പതിവ് പ്രവർത്തനങ്ങൾക്ക് പുറമേ സർക്കാർ/ സർക്കാരേതര സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം നൽകുകയും ചില പ്രവൃത്തികൾ നേരിട്ട് ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുന്ന രീതി നടപ്പിലാക്കുകയും ചെയ്തുക്കൊണ്ടിരിക്കുകയാണെന്നും ഇപ്പോൾ KRWSA-യുമായി യോജിച്ച് ചെയ്തതിനാൽ കൂടുതൽ പ്രവർത്തനങ്ങൾ വികേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന നിലയിലേക്ക് വന്നിട്ടുണ്ടെന്നും ഈ ഗവേഷണ പരിപാടി R&D എന്ന ശീർഷകം അനുവദിച്ച് കിട്ടിയതിന്റെ ഭാഗമായി ചെയ്യാനുള്ള രീതിയിലേക്കാണ് വരുന്നതെന്നും മാനേജർ, കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി സമിതിയെ ധരിപ്പിച്ചു.

മഴവെള്ള സംഭരണം ഒരു പ്രധാന വിഷയമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, വേനൽക്കാലത്ത് വാട്ടർ കലണ്ടർ വച്ച് കനാലുകൾ തുറന്നുവിട്ടാലും ദൂരസ്ഥലങ്ങളിൽ നാലോ അഞ്ചോ ദിവസം മാത്രമേ വെള്ളം കിട്ടുകയുള്ളുവെന്നും കനാലുകളുടെ സമീപത്ത് കൃഷിചെയ്യുന്ന ഏലാകളിൽ ജലസേചനവുമായി ബന്ധപ്പെട്ട് തലക്കുളം പോലുള്ള സംവിധാനം ഒരുക്കിയാൽ രണ്ടാഴ്ച കൂടുമ്പോൾ കനാൽ തുറന്നുവിടുന്ന വെള്ളം പ്രസ്തുത തലക്കുളങ്ങളിൽ ശേഖരിച്ച് കൃഷിക്ക് ഉപയോഗിക്കാൻ കഴിയുമെന്ന് വിലയിരുത്തുകയും കൃഷിയിടങ്ങൾക്കിടയിലൂടെ കടന്ന് പോകുന്ന കനാലുകൾക്ക് സമീപം തലക്കുളം നിർമ്മിക്കുമ്പോൾ കനാലിലെ വെള്ളം അതിൽ ശേഖരിക്കുകയോ അല്ലെങ്കിൽ കനാലിന്റെ വശങ്ങളിലോ അല്പം മാറിയോ സബ് കനാൽ നിർമ്മിച്ചാലോ മതിയാകുമെന്നും അഭിപ്രായപ്പെട്ട സമിതി, ഇത്തരത്തിൽ വെള്ളം ശേഖരിക്കുമ്പോൾ കനാലിലൂടെ ഒഴുക്കിവിടുന്ന ജലത്തിന്റെ അളവിൽ വ്യത്യാസം വരില്ലേ എന്ന് ആരായുകയും ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി അങ്ങനെയുള്ള ഡാമുകളേത്, പ്രോജക്ടുകളേത് എത്ര കുളങ്ങൾ നിർമ്മിക്കേണ്ടി വരും അതിനാവശ്യമായ വെള്ളമുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

കനാലുകളിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ട് 50 വർഷത്തിനുമുകളിലായി എന്നും കനാലിൽ കൂടി ഒഴുകിവരുന്ന വെള്ളത്തിന്റെ അളവ് കണക്കാക്കിയിട്ടുണ്ടെന്നും നിലവിലുള്ള വെള്ളം അവസാന ദിവസം വരെ ഉപയോഗിക്കത്തക്ക രീതിയിലാണ് കലണ്ടർ സെറ്റ് ചെയ്തിരിക്കുന്നതെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റ്യാടി ജലസേചന പദ്ധതി സമിതിയെ ധരിപ്പിച്ചു. തുടർന്ന് കാലാവസ്ഥ വ്യതിയാനത്തിനനുസരിച്ച് ഒഴുകി വരുന്ന വെള്ളവും അവയുടെ സോത്രസ്സും പരിപാലിക്കാൻ കഴിഞ്ഞാൽ മാത്രമേ ഭാവിയിൽ മഴവെള്ളം പ്രയോജനപ്പെടുത്താൻ കഴിയുള്ളുവെന്നും മഴവെള്ളം എങ്ങനെ പ്രയോജനപ്പെടുത്താം എന്നത് സംബന്ധിച്ച് പഠനം നടത്തേണ്ടതാണെന്നും ഇത്തരത്തിൽ വെള്ളം ശേഖരിച്ചു നിർത്താൻ കഴിയുന്ന തരത്തിലുള്ള സ്രോതസ്സുകൾ രൂപപ്പെടുത്തിയെടുത്താൽ കനാലുകളില്ലായെങ്കിൽപോലും മഴവെള്ളം തടഞ്ഞുനിർത്താൻ സാധിക്കുമെന്നും വിലയിരുത്തിയ സമിതി, കനാലിന്റെ വശങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി

കുളം നിർമ്മിച്ച് ജലം ശേഖരിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തണമെന്ന് നിർദ്ദേശിച്ചു. ആയതിനു ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കാമെന്നും ചെലവുകുറഞ്ഞ രീതിയിൽ നടപ്പിലാക്കുമെന്നും ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി സമിതിയിൽ ബോധിപ്പിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 7**-ന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ മലിനജലം ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും പ്രാമുഖ്യം നൽകിക്കൊണ്ട് 7-2020-ൽ വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു സ്വീവറേജ് വെർട്ടിക്കിൽ വിംഗ് രൂപീകരിച്ചുവെന്നും 14 ജില്ലകൾക്കും വേണ്ടി ഒരു ട്രാവലിംഗ് എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 80,385 കോടി രൂപ അനുവദിച്ചുവെങ്കിലും ജനസംഖ്യാടിസ്ഥാന ത്തിൽ ഓരോ ജില്ലയിലും രണ്ടു വീതം മുനിസിപ്പാലിറ്റികൾ എന്ന നിലയിൽ 28 മുനിസിപ്പാലിറ്റികൾക്കും നാല് കോർപ്പറേഷനു കൾക്കും പിന്നീട് കണ്ടെത്തിയ ഗവൺമെന്റ് ഭൂമിയുള്ള 9 മുനിസിപ്പാലിറ്റികൾക്കും വേണ്ടി ഡി.പി.ആർ. തയ്യാറാക്കാൻ ആർ.കെ.ഐ.-ൽ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 34 ഡി.പി.ആറുകൾ തയ്യാറാക്കിയതിൽ 27 എണ്ണം ഭരണാനുമതിക്കായി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഏഴ് ഡി.പി.ആറുകൾ കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും എറണാകുളം ജില്ലയിലെ ഇളംകുളത്ത് സ്വീവറേജ് നെറ്റ്വർക്ക് സ്ഥാപിക്കാൻവേണ്ടി ആർ.കെ.ഐ.ന് 63 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളത് കൂടാതെ ഇളംകുളത്ത് 5 എം.എൽ.ഡി. സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ വേണ്ടി 193 കോടി രൂപയുടെ ഭരണാനുമതിയും ഇതിനകം ലഭിച്ചിട്ടുണ്ടെന്നും കേരളത്തിൽ നാല് സ്ഥലങ്ങളിലാണ് വാട്ടർ അതോറിറ്റിയുടെ കീഴിൽ എസ്.ടി.പി. പ്രവർത്തിക്കുന്നതെന്നും കൊല്ലം കുരീപ്പുഴയിൽ 12 എം.എൽ.ഡി. എസ്.ടി.പി.യുടെ 80 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ശേഷിക്കുന്നത് 2023 മേയ് 31-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും മൂന്ന് സ്ഥലത്ത് എസ്.ടി.പി.-യുടെ കീഴിൽ സെപ്റ്റേജ് കോ-ട്രീറ്റ്മെന്റ് സൗകര്യം ലഭ്യമാക്കണമെന്ന തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം ഇളംകുളം, കുരീപ്പുഴ, ഗുരുവായൂർ എന്നീ പ്ലാന്റുകളിൽ കോ-ട്രീറ്റ്മെന്റിനുള്ള സൗകര്യം സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചു വരികയാണെന്നും അതുപോലെ വിയ്യൂർ സെൻട്രൽ ജയിലിനുവേണ്ടിയുള്ള എസ്.ടി.പി., പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ സി.എച്ച്.സിക്കുവേണ്ടിയുള്ള എസ്.ടി.പി. എന്നിവയുടെ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ഇത്രയും പ്രവൃത്തികളാണ് സ്വീവറേജ് വെർട്ടിക്കിൽ വിംഗ് രൂപീകരിച്ചതിനുശേഷം നടപ്പിലാക്കിയതെന്നും ഇതുവരെ 34 ഡി.പി.ആർ.കൾ തയ്യാറാക്കിയതിൽ മൊത്തം 4,680 കോടി രൂപ ചെലവ് വന്നിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ, സ്വീവറേജ്, പി.പി.ഡി. & വാസ്കോൺ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

തുടർന്ന് നിലവിലുള്ള ഘടന പ്രകാരമാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നതെന്നും തുടർന്നും പ്രോജക്ടുകൾ വരുമ്പോൾ കൂട്ടിച്ചേർക്കലുകൾ വേണ്ടിവരുമെന്നും ഓവർസിയർ തലത്തിൽ താഴെത്തട്ടിൽ കുറച്ചുകൂടി ജീവനക്കാരും ആവശ്യത്തിന് ഫണ്ടും ഉണ്ടെങ്കിൽ മാത്രമേ പ്രസ്തുത പ്രോജക്ട് നല്ലരീതിയിൽ കൊണ്ടുപോകാൻ സാധിക്കുകയുള്ളൂവെന്നും വലിയ എസ്.ടി.പി. കൾ ചെയ്യുമ്പോൾ കൂടുതൽ ചെലവ് വരുമെന്നതിനാൽ ചെറിയ എസ്.ടി.പി. കൾ ചെയ്ത് കുറച്ച് നെറ്റ്‌വർക്ക് ഏരിയമാത്രം തീർപ്പാക്കിയതിനുശേഷം മറ്റുസ്ഥലങ്ങളിൽ നിന്ന് മാലിന്യം ലോറികളിൽ കൊണ്ടുവന്ന് നിക്ഷേപിക്കാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനമുണ്ടാക്കണമെന്നും ഫണ്ടും ഭരണാനുമതിയും ലഭിക്കുന്നമുറയ്ക്കേ ഇത് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ കുറച്ചു ഭൂമിയുള്ളതിനാൽ പ്രാരംഭഘട്ടത്തിൽ ഭൂമിയുമായി ബന്ധപ്പെട്ട തടസ്സം ഉണ്ടാകുന്നില്ലായെന്നും പക്ഷേ മറ്റുസ്ഥലങ്ങളിൽ ചെയ്യണമെങ്കിൽ ഭൂമിയും ആളുകളെവച്ച് ചെയ്യിപ്പിക്കുന്നതിനുള്ള അധികാരവും വേണമെന്നും പ്രസ്തുത സിസ്റ്റം സ്ഥാപിച്ചു കഴിഞ്ഞതിനുശേഷം മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി റോബോർട്ട് സിസ്റ്റം കൊണ്ടുവന്നിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി & എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യൂ.എസ്.എ. കൂട്ടിച്ചേർത്തു.

6. **10-7-2019-ലെ സമിതിയോഗ നിർദ്ദേശം - കോവളം മുതൽ കാസർഗോഡ് വരെയുള്ള ജലപാതയുടെ ഭാഗമായുള്ള കനാലിന്റെ വശങ്ങളിൽ നടക്കുന്ന കരിമണൽ ഖനനം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന സമിതിയോഗ നിർദ്ദേശം - കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് .**

(ഫയൽ നം. 2419/സബ്.സി.എ 1/2017/നി.സെ.)

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി ആയത് അംഗീകരിച്ചു.**

7. **12-1-2022-ലെ സമിതിയോഗ നിർദ്ദേശം - ഫാർമേഴ്സ് അസോസിയേഷൻ രൂപകരണം സംബന്ധിച്ച കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച് - ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.**

(ഫയൽ നം. 3355/സബ്.സി.എ 1/2019/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ഫാർമേഴ്സ് അസോസിയേഷനുകളുടെ അപ്പെക്സ് ബോഡി എന്ന നിലയിൽ നിയമസഭ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഓരോ എം.എൽ.എ.യുടെയും നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച രേഖകൾ പരിശോധിച്ചപ്പോൾ പ്രസ്തുത വിഷയം പരിഗണിക്കേണ്ടതില്ല എന്നാണ് നിയമ വകുപ്പ് തീരുമാനിച്ചതെന്ന് ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു.

പ്രസ്തുത വിഷയം നിയമവകുപ്പിന്റെ പരിഗണനയ്ക്ക് പോകേണ്ടതുണ്ടോ എന്ന് ആരാഞ്ഞ സമിതി, ഇത് ഉപദേശക സമിതിയല്ലേ എന്നും ചട്ടം രൂപപ്പെടുത്തണമെങ്കിൽ ആക്റ്റിൽ ഭേദഗതി വരുത്തണമെന്നുണ്ടെങ്കിലും അങ്ങനെ ചെയ്യാത്തതുകൊണ്ടാണ് നിയമവകുപ്പിലേക്ക് അയച്ചതെന്നും നിയമവകുപ്പിന്റെ പരിശോധനയിൽ നിലവിൽ ഒരു സമിതിയുള്ളതുകൊണ്ടാണ് ഇപ്രകാരം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചതെന്ന് ചൂണ്ടിക്കാട്ടുകയും നിലവിൽ മണ്ഡലാടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഒരു സമിതിയുണ്ടോ എന്നും ആരാഞ്ഞു.

നിലവിൽ അത്തരത്തിലുള്ളൊരു സമിതി ഇല്ലാ എന്നും ജലസേചന വകുപ്പിൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ ഉണ്ടെന്നും ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ് മറുപടി നൽകി. തുടർന്ന് ഫാർമേഴ്സ് അസോസിയേഷനുകളുടെ അപ്പെക്സ് ബോഡി എന്ന നിലയിൽ നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഓരോ എം.എൽ.എ.യുടെയും നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കേണ്ടതില്ല എന്ന് നിയമ വകുപ്പ് പറഞ്ഞിട്ടില്ലായെന്നും ഇത് വകുപ്പ് തലത്തിൽ എടുത്ത നയപരമായ തീരുമാനമാണെന്നും ഇതുമായി ബന്ധപ്പെട്ട രേഖകൾ ഇപ്പോൾ കൈവശമില്ലാത്തതിനാൽ ഏതെങ്കിലും യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ ഗവൺമെന്റ് തലത്തിൽ ഇത്തരത്തിലൊരു തീരുമാനം കൈക്കൊണ്ടതെന്ന് പരിശോധിക്കാമെന്നും ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു.

തുടർന്ന് ആക്റ്റിൽ ഇത്തരത്തിലൊരു കരട് ചട്ടം രൂപീകരിക്കുന്നതിന് വ്യവസ്ഥയുണ്ടോ എന്ന് പരിശോധിക്കണമെന്നും അപ്രകാരം വ്യവസ്ഥ ചെയ്യപ്പെടുന്നുണ്ടെങ്കിൽ പരിശോധിച്ച് നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**8. <u>2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 12-2-2018, 16-2-2018, 21-2-2018 എന്നീ തീയതികളിലെ സമിതിയോഗ നിർദ്ദേശം - ശിപാർശ നം.(6) -ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി.</u>**

(ഫയൽ നം. 523/സബ്.സി.എ 1/2019/നി.സെ.)

**ശിപാർശ നം. 6**-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി പരിഗണിച്ച സമിതി, പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ സ്ഥിതി സി.ഡബ്ല്യു.സി.-യെ അറിയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഗ്രാമ പ്രദേശങ്ങളിൽ അഞ്ച് ഹെക്ടർ വിസ്തൃതിയും നഗര പ്രദേശങ്ങളിൽ രണ്ട് ഹെക്ടർ വിസ്തൃതിയും ഉള്ള കുളങ്ങളുണ്ടാക്കുക എന്നത് കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് പ്രായോഗികമല്ല എന്നും അഭിപ്രായപ്പെട്ടു.

ഇന്ത്യാഗവൺമെന്റ് പുറത്തിറക്കിയ ജലാശയങ്ങളുടെ സെൻസസ് റിപ്പോർട്ട് പ്രകാരം നഗര, ഗ്രാമീണ മേഖലകളെ തരം തിരിച്ച് 0-5, 5-10, 10-15 ഹെക്ടർ വിസ്തൃതിയുള്ള ജലാശയങ്ങളുടെ കണക്ക് സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ടെന്നും ഇത്തരത്തിൽ ഗ്രാമീണ മേഖലയിൽ 0.5-1 ഹെക്ടർ വിസ്തൃതിയുള്ള 975 കുളങ്ങളും 1-5 ഹെക്ടറിനിടയ്ക്ക് വിസ്തൃതിയുള്ള 429 കുളങ്ങളാണുള്ളതെന്നും മുമ്പ് സാറ്റലൈറ്റ് വഴിയാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത് പല സ്ഥലത്തും പാറ ക്വാറികളെയും ഇഷ്ടിക കുളങ്ങളെയും ജലാശയങ്ങളായി പരിഗണിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലാണ് ഇത്തരത്തിലുള്ളൊരു കണക്ക് വന്നതെന്നും സംസ്ഥാനാടിസ്ഥാനത്തിൽ ഇത്രയും വിസ്തൃതിയുള്ള കുളങ്ങളുണ്ടോ എന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടിവരുമെന്നും ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ് സമിതിയെ അറിയിച്ചു.

കേരളത്തിന്റെ ഭൂപ്രകൃതി സംബന്ധിച്ച കാര്യങ്ങൾ സെൻട്രൽ വാട്ടർ കമ്മീഷനെ അറിയിച്ച് ജലാശയങ്ങളുടെ വിസ്തൃതിയിലുള്ള പരിമിതി പരിഹരിച്ചാൽ മാത്രമേ ഇതിനായുള്ള ഫണ്ട് വിനിയോഗിക്കാൻ സാധിക്കുകയുള്ളുവെന്ന് വിലയിരുത്തിയ സമിതി, കേരളത്തിലെ ജലാശയങ്ങളുടെ വിസ്തൃതി കണക്കിലെടുക്കുന്നതിന് പകരം സംഭരണ ശേഷി അടിസ്ഥാനമാക്കിയെടുക്കാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് പരിശോധിക്കപ്പെടണമെന്ന് അഭിപ്രായപ്പെട്ടു. സംസ്ഥാനം മുൻപ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച അളവാണ് ഇപ്പോഴുള്ളതെന്നും നേരത്തെ നഗര പ്രദേശങ്ങളിൽ ജലാശയങ്ങൾക്ക് 5 ഹെക്ടർ വിസ്തൃതിയും ഗ്രാമപ്രദേശങ്ങളിൽ 10 ഹെക്ടർ വിസ്തൃതിയും വേണമെന്നായിരുന്നുവെന്നും ഇത് ജലാശയങ്ങളുടെ സംഭരണശേഷിയെ അടിസ്ഥാനമാക്കി എടുക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ ചട്ടത്തിൽ മാറ്റം വരുത്തിയില്ലായെന്നും ജലാശയങ്ങളെ പരസ്പരം ലിങ്ക് ചെയ്യുമ്പോൾ നിഷ്കർഷിത വിസ്തൃതി കിട്ടുകയാണെങ്കിൽ കണക്കിലെടുക്കാമെന്ന കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, ആലപ്പുഴ തുടങ്ങിയ ഒരേ ഭൂപ്രകൃതിയുള്ള പ്രദേശങ്ങളെ പരസ്പരം ലിങ്ക് ചെയ്താൽ പ്രോജക്ടുകൾ ഉണ്ടാക്കാൻ സാധിക്കുമെന്നും ഇത്തരത്തിലുള്ള പ്രോജക്ടുകൾക്കായി 75 ശതമാനം തുക സംസ്ഥാനവും 25 ശതമാനം തുക കേന്ദ്ര സർക്കാരുമാണ് നൽകേണ്ടതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സമിതിയെ ധരിപ്പിച്ചു. തുടർന്ന് കേരളത്തിന്റെ ഭൂപ്രകൃതിക്കനുയോജ്യമായ രീതിയിൽ ഇപ്രകാരംജലം സംരക്ഷിക്കുന്നതിനായി ചെറിയ പദ്ധതികൾ പരസ്പരം ലിങ്ക് ചെയ്യുമ്പോൾ വ്യവസ്ഥകൾ പാലിക്കാൻ സാധിക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**II <u>കാലതാമസപത്രികകളുടെ പരിഗണന</u>**

**9. <u>കേരള സംസ്ഥാന ഭൂജല വകുപ്പ്, കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (ജലനിധി) എന്നിവയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ</u>**

(ഫയൽ നം. 97/സബ്.സി. എ 1/2019/നി.സെ.)

**പ്രസ്തുത കാലതാമസ പത്രിക സമിതി അംഗീകരിച്ചു.**

**10.<u>കുട്ടനാട് പാക്കേജ്, കേരള സംസ്ഥാന ഭൂജല വകുപ്പ് എന്നിവയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ</u>**

(ഫയൽ നം. 607/സബ്.സി. എ 1/2021/നി.സെ.)

**പ്രസ്തുത കാലതാമസ പത്രിക സമിതി അംഗീകരിച്ചു.**

**11. ജലവിഭവ വകുപ്പിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്**

(ഫയൽ നം. 104/സബ്.സി. എ 1/2022/നി.സെ.)

**പ്രസ്തുത കാലതാമസ പത്രിക സമിതി അംഗീകരിച്ചു.**

**III സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ**

**12. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 23-3-2017-ലെ യോഗം - അനന്തര നടപടി സംബന്ധിച്ച്.**

(ഫയൽ നം. 4237/സബ്.സി. എ 1/2017/നി.സെ.)

പ്രസ്തുത വിഷയം വിഭാഗം I-മായി ബന്ധപ്പെട്ട് വരുന്നതാണെന്ന് ചീഫ് എഞ്ചിനീയർ, പ്രോജക്ട് - II, ജലസേചന വകുപ്പ് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് 20 ആദിവാസി കുടുംബങ്ങളാണ് അട്ടപ്പാടിയിലെ ഭൂമി കയ്യേറിയിരിക്കുന്നതെന്നും കയ്യേറിയ ഭൂമിയിൽ നിന്നും ഒഴിഞ്ഞുപോകാൻ സാധിക്കുന്ന രീതിയിലുള്ള താല്ക്കാലിക കെട്ടിടങ്ങളാണ് അവിടെ നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നും പദ്ധതിക്ക് സെൻട്രൽ വാട്ടർ കമ്മീഷന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കാൻ കഴിയുമെന്നാണ് പാലക്കാട് ജില്ലാകളക്ടർ അറിയിച്ചിട്ടുള്ളതെന്നും പ്രസ്തുത ഭൂമി കയ്യേറ്റം അംഗീകരിച്ച രീതിയിൽ ഒരു നടപടിയും അട്ടപ്പാടിയിൽ ഉണ്ടായിട്ടില്ലായെന്നും കെട്ടിടങ്ങൾ പുഴയുടെ മധ്യത്തിൽ സ്ഥിതി

ചെയ്യുന്നതിനാലും മഴക്കാലം വരുമ്പോൾ വെള്ളം പൊങ്ങുന്ന സ്ഥലമായതിനാലും ആദിവാസികൾ അവിടെനിന്ന് ഒഴിഞ്ഞ് മലമുകളിലേക്ക് പോകുന്ന സ്ഥിതിവിശേഷമാണ് കാണുന്നതെന്നും പ്രസ്തുത സ്ഥലത്ത് കയ്യേറ്റം നടന്നു എന്ന രീതിയിൽ നൽകിയിട്ടുള്ള റിപ്പോർട്ടുകൾ തെറ്റാണെന്നും പ്രസ്തുത 20 ആദിവാസി കുടുംബങ്ങൾക്കും സർക്കാർ വേറെ ഭൂമി കൊടുത്തിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു. തുടർന്ന് പ്രസ്തുത ഭൂമി നിലവിൽ ആരുടെ കീഴിലാണെന്ന് സമിതി ആരാഞ്ഞു. അട്ടപ്പാടിയിലെ ഭൂമിയുടെ മുഴുവൻ രേഖകളും സർക്കാരിന്റെയും ജലസേചന വകുപ്പിന്റെയും കീഴിലാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മറുപടി നല്കി. തുടർന്ന് ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് പ്രോജക്ട്-I-ൽ നിന്ന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**13. <u>2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 16-2-2018-ലെ യോഗം - അനന്തര നടപടി സംബന്ധിച്ച്.</u>**

(ഫയൽ നം. 523/സബ്.സി. എ 1/2019/നി.സെ.)

റെഗുലേറ്റർ പദ്ധതിയുമായി ബന്ധപ്പെട്ട മെക്കാനിക്കൽ വിഭാഗത്തിലാണ് നിരവധി പ്രശ്നമുള്ളതെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

**14. 25-7-19-ലെ കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശ സന്ദർശനവുമായി ബന്ധപ്പെട്ട യോഗം - അനന്തര നടപടി സംബന്ധിച്ച്.**

(ഫയൽ നം. 5952/സബ്.സി. എ 1/2019/നി.സെ.)

2019-ലെ കല്ലട ഇറിഗേഷൻ പദ്ധതി പ്രദേശ സന്ദർശനവുമായി ബന്ധപ്പെട്ട സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞു. 10000 ഹെക്ടറിൽ പുതുതായി കൃഷി ചെയ്യുന്നതിനുവേണ്ടി നിലവിലുള്ള ഭൂമിയുടെയെല്ലാം കണക്കെടുത്ത് കഴിഞ്ഞുവെന്നും കുടുംബശ്രീ വഴിയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ ഈ പ്രദേശങ്ങളിലെല്ലാം കൃഷി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രോജക്ട് II-ന് കീഴിലുള്ള എല്ലാ പ്രോജക്ടുകളിലും ഒഴിഞ്ഞ ഭൂമി സംബന്ധിച്ച കണക്കുകളും ഏതെല്ലാം സ്ഥലങ്ങളിൽ ജലമെത്തിച്ച് കൃഷിയോഗ്യമാക്കാമെന്നുള്ള കണക്കുകളും എടുത്തുകഴിഞ്ഞുവെന്നും ഗവൺമെന്റ് തീരുമാനം വരുന്നമുറയ്ക്ക് അത് പരിഗണിക്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട് - II, ജലസേചന വകുപ്പ് സമിതിയെ അറിയിച്ചു.

കെ.ഐ.പി.യുടെ ധാരാളം സ്ഥലങ്ങൾ ആളുകൾ കൈയ്യേറുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ, അത്തരത്തിലുള്ള സ്ഥലങ്ങൾ കളിസ്ഥലത്തിനുവേണ്ടി ലീസിന് കൊടുക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന് സമിതി ആരാഞ്ഞു. ഇറിഗേഷൻ ടൂറിസംപോലെ കായികമേഖലയെക്കൂടി പരിഗണിച്ച് പ്രോത്സാഹനം കൊടുക്കുവാൻ കഴിയുമോയെന്ന്

പരിശോധിക്കണം. അതിനായി നിശ്ചിത സ്ഥലം കളിക്കാൻ മാത്രമായി ഉപയോഗിക്കാമെന്ന് കാണിച്ചുകൊണ്ട് ഇറിഗേഷൻ ടൂറിസത്തിനും സ്പോർട്സ് ആക്ടിവിറ്റീസിനും കൂടി ഒരു പോളിസി തയ്യാറാക്കി ഉത്തരവിറക്കാൻ കഴിയണമെന്നും അതിൽ തദ്ദേശ സ്വയംഭര സ്ഥാപനങ്ങളുമായി യോജിച്ചുപ്രവർത്തിക്കാനും ഇതിന്റെയെല്ലാം ചുമതല വകുപ്പിനായിരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. കെ.ഐ.പി. യുടെ പ്രോജക്ടുണ്ടായ കാലത്ത് കനാലിലെ വെള്ളം കൃഷിയിടങ്ങളിലേക്കെത്തിക്കുന്നതിനായി പൈപ്പിടുന്ന സ്കീമുണ്ടായിരുന്നുവെന്നും കൃഷിയിടങ്ങളിൽ ആയിരക്കണക്കിന് മീറ്റർ പൈപ്പുകൾ ഇട്ടുവെങ്കിലും അതിന്റെ സ്കെച്ചുപോലും കെ.ഐ.പി. യുടെ കൈവശമില്ലായെന്നും  ഇത്തരം അശാസ്ത്രീയതകൾ പരിഹരിക്കാൻവേണ്ടിയുള്ള സമഗ്രമായ ചർച്ചയുടെ ഭാഗമായാണ് ഈ നിർദ്ദേശങ്ങളെല്ലാം കൊണ്ടുവന്നിട്ടുള്ളതെന്നും അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

വൈകുന്നേരം 5.10-ന് യോഗം അവസാനിച്ചു.

## 2. 26-7-2023-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2023 ജൂലൈ മാസം 26-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. ലിന്റോ ജോസഫ്
2. ശ്രീ. സി.ആർ. മഹേഷ്
3. ശ്രീ. മാണി സി. കാപ്പൻ.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ

1. ശ്രീ. പി. മമ്മിക്കുട്ടി
2. ശ്രീ. ടി. സിദ്ദിഖ്.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി,  ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ് കുമാർ എം.കെ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. അശോക് കുമാർ സിംഗ്, സെക്രട്ടറി, ജലവിഭവ വകുപ്പ്.
2. ശ്രീമതി ഭണ്ഡാരി സ്വാഗത് രൺവീർചന്ദ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി.
3. ശ്രീ. സുഭാഷ് ആർ., അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.
4. ശ്രീ. ജോൺ വി. സാമുവൽ, ഡയറക്ടർ, ഭൂഗർഭജല വകുപ്പ്
5. ശ്രീ. പ്രേം ലാൽ എം., ഡയറക്ടർ (എച്ച്.ആർ), ജലനിധി
6. ശ്രീ. ലാലച്ചൻ പി.വി., ഡയറക്ടർ, ജലനിധി
7. ഡോ. ദിനേശ് ചെറുവത്ത്, എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി
8. ശ്രീമതി ആർ.സിന്ധു, ജോയിന്റ് ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ്
9. ശ്രീ. ജി. ശ്രീകുമാർ, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
10. ശ്രീ. എം. ശിവദാസൻ, ചീഫ് എഞ്ചിനീയർ, പ്രോജക്ട് -I, കോഴിക്കോട്
11. ശ്രീമതി ശ്രീദേവി. പി., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ്.
12. ശ്രീ. ബാജി ചന്ദ്രൻ. ആർ., ചീഫ് എഞ്ചിനീയർ, പ്രോജക്ട് -II, ജലസേചന വകുപ്പ്
13. ശ്രീ. പ്രിയേഷ്. ആർ., ചീഫ് എഞ്ചിനിയർ, ജലസേചന വകുപ്പ്
14. ശ്രീ. നാരായണൻ നമ്പൂതിരി ടി.വി., ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
15. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ
16. ശ്രീ. എം. ഹരികൃഷ്ണൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
17. ശ്രീ. എസ്. തിലകൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

18. ശ്രീ. ഷിജിത്ത് വി., ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി

19. ശ്രീ. എ.ജി. ഗോപകുമാർ, സൂപ്രണ്ടിംഗ് ഹൈഡ്രോളജിസ്റ്റ്, ഭൂഗർഭജല വകുപ്പ്

20. ശ്രീ. ടി.കെ.മണി, ടെക്നിക്കൽ മാനേജർ, ജലനിധി

പ്രസ്തുത യോഗത്തിൽ വിവിധ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## 1. നടപടി പത്രികകളുടെ പരിഗണന

### 22-10-2022-ലെ സമിതിയോഗ നിർദ്ദേശം-ശിപാർശ നം.1-ന്മേലുള്ള ഇടക്കാല മറുപടി, ശിപാർശ നം. (3), (4) എന്നിവയിന്മേലുള്ള നടപടി റിപ്പോർട്ട് എന്നവയുടെ പരിഗണന

(ഫയൽ നം.2419/സബ്ജ.സി.എ 1/2017/നി.സെ.)

**ശിപാർശ നമ്പർ (1)-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ ഇടക്കാല നടപടി സമിതി പരിഗണിച്ച വേളയിൽ 2021-ൽ ജലസേചന വകുപ്പും വനംവകുപ്പും തമിഴ്നാട് ഉദ്യോഗസ്ഥരും ചേർന്ന് നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ പറമ്പികുളം, തുണക്കടവ്, പെരുവാരിപ്പളം എന്നീ പ്രദേശങ്ങളിലുള്ള 165 കെട്ടിടങ്ങളിൽ 87 എണ്ണം തമിഴ്നാടിന്റെ കൈവശമാണുള്ളതെന്ന തീരുമാനത്തിലെത്തിച്ചേർന്നിട്ടുണ്ടെന്നും എന്നാൽ സംയുക്ത പരിശോധനാ റിപ്പോർട്ട് നാളിതുവരെ അംഗീകരിക്കാൻ തമിഴ്നാട് തയ്യാറായിട്ടില്ലെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2023 ജനുവരി മാസത്തിൽ ഒരു യോഗം ചേർന്നതിനു പുറമേ വകുപ്പുതലത്തിലും സർക്കാർ തലത്തിലും കത്തിടപാടുകൾ നടത്തിയെങ്കിലും ഇതുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാർ സഹകരിക്കാത്തത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ടെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു. തുടർന്ന് 87 കെട്ടിടങ്ങൾ തങ്ങളുടെ കൈവശമുണ്ടെന്നുള്ളത് തമിഴ്നാട് അംഗീകരിച്ചിട്ടുണ്ടോയെന്നും പ്രസ്തുത 87 കെട്ടിടങ്ങളിൽ 14 കെട്ടിടങ്ങൾ ഉപയോഗ ശൂന്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു. തമിഴ്നാടിന്റെ കൈവശം നിരവധി കെട്ടിടങ്ങളുണ്ടെങ്കിലും ഈ പ്രോജക്ടുകളെല്ലാം മുന്നോട്ടു കൊണ്ടുപോകുന്നതിന് പ്രസ്തുത കെട്ടിടങ്ങൾ ആവശ്യമായതിനാലാണ് അവരുടെ കൈവശമുള്ള 14 കെട്ടിടങ്ങൾ ഉപയോഗശൂന്യമാണെന്ന കണക്ക് മുന്നോട്ടു വയ്ക്കുന്നതെന്നും

തമിഴ്നാടിന്റെ കൈവശം 87 കെട്ടിടങ്ങളുണ്ടെന്ന് സംയുക്ത പരിശോധനാ റിപ്പോർട്ടിൽ നിന്നും കണ്ടുപിടിച്ചതാണെന്നും എന്നാൽ പ്രസ്തുത റിപ്പോർട്ട് തത്വത്തിൽ തമിഴ്നാട് അംഗീകരിച്ചില്ലെങ്കിലും യോഗങ്ങൾ ചേരുമ്പോൾ പ്രസ്തുത കണക്ക് അവലംബമായി എടുക്കാറുണ്ടെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി നൽകി.

തുടർന്ന് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വീണ്ടും കത്തയയ്ക്കുകയും ഇക്കാര്യങ്ങൾ അതിലുൾപ്പെടുത്തുകയും വേണമെന്നും 2024 ജനുവരി മാസം കൂടാനിരിക്കുന്ന സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ പ്രസ്തുത വിഷയം കൊണ്ടുവരേണ്ടതിനാൽ അതിനാവശ്യമായ തുടർനടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**പ്രസ്തുത ഇടക്കാല മറുപടി സമിതി അംഗീകരിച്ചു.**

**ശിപാർശ നം.(3)-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ ഏകദേശം 68 ഗേജിംഗ് പോയിന്റുകളാണുള്ളതെന്നും നിലവിൽ മാന്വലായാണ് അളവുകൾ എടുക്കുന്നതെന്നും തമിഴ്നാടിന്റെ ഡാമുകളിൽ സ്ഥാപിച്ചിട്ടുള്ള ഡിജിറ്റൽ വാട്ടർ ലെവൽ റെക്കോർഡറിൽ നിന്നുള്ള അളവുകൾ കേരളവുമായി പങ്കുവയ്ക്കുന്നുണ്ടെങ്കിലും കേരളത്തിലും തമിഴ്നാട്ടിലും റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം സ്ഥാപിക്കേണ്ടതുള്ളതിനാൽ ഇത് സ്ഥാപിക്കുന്നതിനായി തമിഴ്നാടിനോട് സമ്മതം ആവശ്യപ്പെട്ടെങ്കിലും അവരത് അംഗീകരിച്ചില്ലായെന്നും പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് തർക്കങ്ങളുണ്ടെന്നും പ്രവൃത്തി ആര് ചെയ്താലും അതിനുള്ള ചെലവ് പങ്കുവയ്ക്കാൻ സംസ്ഥാനം തയ്യാറാണെന്നും തമിഴ്നാടിന്റെ അംഗീകാരമില്ലാതെ പ്രസ്തുത പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്നത് ബുദ്ധിമുട്ടാണെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു. തുടർന്ന് അമ്പ്രാംപാളയത്ത് പ്രത്യേക റിയൽ ടൈം ഡാറ്റാ അക്വിസിഷൻ സിസ്റ്റം സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രവൃത്തി നടക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞു. മൂലത്തറയിൽ നിന്നും 18 കിലോമീറ്റർ മുകളിലാണ് അമ്പ്രാംപാളയമെന്നും ഇപ്പോൾ ഷട്ടറുള്ളത് മണക്കടവിലായതിനാലും മൂലത്തറയും മണക്കടവും തമ്മിൽ മൂന്ന് കിലോമീറ്റർ വ്യത്യാസമുള്ളതിനാലും വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഷട്ടർ പ്രവർത്തിപ്പിക്കാനുള്ള സമയം ലഭിക്കുന്നില്ലായെന്നും എന്നാൽ പതിനെട്ട് കിലോമീറ്റർ മുകളിൽ CWC-ക്ക് ഉള്ള ഗേജിംഗ് സ്റ്റേഷൻ ഓട്ടോമാറ്റിക്ക് ആക്കിയാൽ മാത്രമേ മൂലത്തറ ഷട്ടർ പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയുള്ളൂവെന്നും അതുപ്രകാരം സംസ്ഥാനം CWC-ക്ക് കത്ത് നല്കുകയും അതിനവർ തയ്യാറാണെന്ന് മറുപടി നല്കുകയും ചെയ്തിട്ടുണ്ടെന്നും ടെക്നിക്കൽ മാനേജർ, ജലനിധി മറുപടി നൽകി. ആയത് കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 4-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ 1958-ലെ പറമ്പിക്കുളം ആളിയാർ പാട്ടക്കരാർ 1988-ൽ പുതുക്കേണ്ടതായതിനാൽ പ്രസ്തുത കരാർ പുതുക്കാത്തതുമായി ബന്ധപ്പെട്ട എഗ്രിമെന്റ് പ്രൊവിഷൻ പലതവണ തമിഴ്നാടുമായുള്ള യോഗത്തിന്റെ അജണ്ടയായി കൊണ്ടുവന്നിട്ടുണ്ടെങ്കിലും മുഖ്യമന്ത്രിയുമായുള്ള യോഗത്തിനുശേഷം ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ സംസ്ഥാനത്തിന് സൂചിപ്പിക്കണമെങ്കിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് അതുമായി മുന്നോട്ടുപോകാമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതെന്നും പറമ്പിക്കുളം-ആളിയാർ കരാറിന്റെ അനുബന്ധം II ഖണ്ഡിക 7 അനുസരിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണങ്ങളുടെ പൂർത്തീകരണത്തിനുശേഷം പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും കേരളത്തിന് തിരിച്ചുകൈമാറണമെന്ന് വ്യവസ്ഥയുണ്ടെന്നും ഏകദേശം 2457.3466 ഹെക്ടർ ഭൂമിയാണ് കേരളത്തിന് തിരിച്ചുകൈമാറേണ്ടിയിരുന്നതെങ്കിലും റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2.119 ഹെക്ടർ ഭൂമി മാത്രമാണ് ഇപ്പോൾ കേരളത്തിന് കൈമാറിയിട്ടുള്ളതെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു.

പദ്ധതി നിർവ്വഹണത്തിനുശേഷം പ്രസ്തുത ഭൂമിയും കെട്ടിടങ്ങളും കേരളത്തിന് തിരിച്ച് കൈമാറണമെന്ന് ആവശ്യപ്പെട്ടിട്ടും അത് നല്കാത്തത് സംസ്ഥാനത്തിന്റെ വീഴ്ചയായി മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളുവെന്ന് വിലയിരുത്തിയ സമിതി, വളരെ ഗുരുതരമായിട്ടുള്ള ഒരു വിഷയമായതിനാൽ ഇതിന് എന്തെങ്കിലും നിയമവശമുണ്ടോ എന്നുള്ളതുകൂടി പരിശോധിക്കണമെന്നും അന്തർ-സംസ്ഥാന നദീജല വിഷയങ്ങൾ ചർച്ച ചെയ്യുമ്പോഴുണ്ടാകുന്ന ഇത്തരം തർക്കങ്ങൾ കോടതി കൂടി അറിയണമെന്നും ആയതിനാൽ, ഇതിന്റെ സുരക്ഷാ നടപടികൾ പരിശോധിച്ചതിനുശേഷം മുന്നോട്ടുപോയാൽ മതിയെന്നും അഭിപ്രായപ്പെട്ടു. സമിതി ശിപാർശയായി ഇത് ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

**പ്രസ്തുത നടപടി പത്രിക സമിതി അംഗീകരിച്ചു.**

2. **2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 16-6-2021, 22-6-2021, 5-7-2021 എന്നീ തീയതികളിലെ സമിതി യോഗനിർദ്ദേശം -ശിപാർശ നം. (2), (3), (4), (5), (6), (7), (8) എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ**

(ഫയൽ നം. 14448/സബ്.സി.എ.1/2021/നി.സെ.)

**ശിപാർശ നം. 2-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കുളവാഴയിൽ നിന്നും വ്യവസായികാടിസ്ഥാനത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച് 10.11.2021-ൽ ഹരിത കേരളം മിഷനുമായി

ചേർന്ന് നടത്തിയ യോഗത്തിൽ ROPE എന്ന കമ്പനി പങ്കെടുക്കുകയും കുളവാഴയിലെ ഫൈബർ കണ്ടന്റുകളുപയോഗിച്ച് പേപ്പർ പ്ലേറ്റ്, ബ്രിക്ക് തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ ആലപ്പുഴയിലെ നീലംപേരൂർ മുനിസിപ്പാലിറ്റി, കോട്ടയത്തെ തിരുവാർപ്പ് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് പ്രസ്തുത കമ്പനി ഈ ഉൽപന്നങ്ങൾ കൊണ്ടുപോകുകയും കുളവാഴയുടെ വേരുകളിൽ വരുന്ന അവശിഷ്ടങ്ങൾ അവിടെത്തന്നെ നിക്ഷേപിക്കപ്പെടുകയുമാണ് ചെയ്യുന്നതെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു.

തുടർന്ന് കുളവാഴയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിനുള്ള മറ്റ് മാർഗ്ഗങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞ സമിതി വകുപ്പിന്റെ സൗകര്യാർത്ഥം കുടുംബശ്രീ പ്രവർത്തകരെക്കൂടി ഉൾപ്പെടുത്തിയെങ്കിലും പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുവാൻ അവർക്ക് കഴിയുന്നില്ലായെങ്കിൽ വകുപ്പിന് ചെയ്യാൻ സാധിക്കുന്ന മറ്റ് തുടർനടപടികളെ സംബന്ധിച്ച വിശദാംശങ്ങൾ കൂടി കൃത്യമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന് അഭിപ്രായപ്പെട്ടു.

കുട്ടനാട്ടിൽ പല സ്ഥലങ്ങളിലും കുളവാഴ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ചെലവ് കൂടുതലായതിനാൽ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുവാൻ ആരും തയ്യാറാകുന്നില്ലായെന്നും ഹരിത കേരളം മിഷൻ ഇതുമായി ബന്ധപ്പെട്ട് കുറച്ച് കാര്യങ്ങൾ നിർവ്വഹിച്ചെങ്കിലും ഫലവത്തായിട്ടില്ല എന്നത് ഒരു ഭീഷണി തന്നെയാണെന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാൻ ഉണങ്ങിയ പോളകളാണ് വേണ്ടത് എന്നതിനാൽ പോളകൾ ഉണക്കുവാൻ ആരും തയ്യാറാകാത്തത് പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിന് തടസ്സമാകുന്നുണ്ടെന്നും ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് സമിതിയെ ധരിപ്പിച്ചു. തുടർന്ന് ഇതിനായുള്ള ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞു. ഇതിനായി അക്വാട്ടിക് വീഡ്സ് റിമൂവൽ എന്ന ഉപകരണം വിദേശരാജ്യങ്ങളിൽ ഉപയോഗിക്കുന്നുണ്ടെന്നും കേരളത്തിൽ മെക്കാനിക്കൽ ചീഫ് എഞ്ചിനീയറുടെ കീഴിലും ഇതുമായി ബന്ധപ്പെട്ട് സ്ലീറ്റ് പുഷർ എന്നൊരു ചെറിയ ഉപകരണമുണ്ടെന്നും കുളവാഴകൾ നീക്കം ചെയ്യുന്നതിന് കുടുംബശ്രീയുടെ സഹായം തേടുന്നതിനുപകരം അക്വാട്ടിക് വീഡ്സ് റിമൂവർ പോലെയുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗപ്പെടുത്തണമെന്നും ഇത്തരത്തിലുള്ള മെഷീന് ഏതാണ്ട് ഒരു കോടി രൂപയിൽത്താഴെ മാത്രമാണ് വില വരുന്നതെന്നും ഒരു ജില്ലയിൽ കുറഞ്ഞത് ഒരു മെഷീനെങ്കിലും കൊടുക്കുകയാണെങ്കിൽ വലിയ രീതിയിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കുമെന്നും മുൻപ് വാങ്ങിയ കേളചന്ദ്രയുടെ മെഷീനിൽ വലിയ പോളകൾ കയറുകയില്ലെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് II, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു.

പ്രസ്തുത മെഷീൻ ഉപയോഗിച്ച് പോളകൾ കരയ്ക്കടുപ്പിക്കാനേ കഴിയുന്നുള്ളുവെന്നും തുടർന്നുള്ള സംസ്കരണം ചെയ്യാൻ കഴിയുന്നില്ലായെന്നും അതിനെന്താണ് മാർഗ്ഗമെന്ന് വകുപ്പ് കണ്ടെത്തണമെന്നും രാജ്യത്തെവിടെയെങ്കിലും അത്തരത്തിലുള്ള സംവിധാനം ഉണ്ടോയെന്ന് അന്വേഷിക്കണമെന്നും കുടുംബശ്രീയെ ഉൾപ്പെടുത്തി ഒരു പ്രോജക്ട് തയ്യാറാക്കിയതുകൊണ്ടുമാത്രം പ്രശ്നം തീരുന്നില്ലായെന്നും അതിന്റെ അടുത്ത ഘട്ടത്തിലേയ്ക്ക് പോകാൻ കഴിയണമെന്നും അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത സ്ലിറ്റ് പുഷർ മെഷീൻ വാങ്ങിയതിനുശേഷം നിർവ്വഹിച്ച പ്രവൃത്തികളുടെ വിശദാംശം, പ്രസ്തുത മെഷീൻ എന്തിനുവേണ്ടി വാങ്ങിയെന്നും, വാങ്ങിയ ആവശ്യത്തിലേക്കായി പ്രസ്തുത മെഷീൻ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നും, പ്രസ്തുത ഉപകരണമുപയോഗിച്ച് പോളകൾ മാറ്റാമെന്നല്ലാതെ പോളയുടെ മറ്റ് സംസ്കരണം നടത്താൻ കഴിയില്ലാത്തതിനാൽ ഇതിനായി എന്തെങ്കിലും ബദൽ സംവിധാനമുണ്ടോയെന്ന് പരിശോധിക്കണമെന്നും കുളവാഴകളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള തടസ്സവും അതിന്റെ പോരായ്മകളും കണ്ടെത്തണമെന്നും അതുപോലെ സ്ലിറ്റ് പുഷർ മെഷീൻ ഉപയോഗിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് ചെയ്തിട്ടുള്ളതെന്നുമുള്ള റിപ്പോർട്ടും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 6-മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ തിരുവനന്തപുരം നഗരഭാഗത്ത് വരുന്ന നദികൾക്ക് കുറുകെയുള്ള പാലങ്ങളിൽ കമ്പിവല സ്ഥാപിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം ഏകദേശം 30 ലക്ഷം രൂപയുടെ പ്രവൃത്തി നടത്തുകയും നടപ്പ് വർഷം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം നടത്തുകയും ചെയ്തിട്ടുണ്ടെന്നും കമ്പിവല കെട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിൽ 3.7 കോടി രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളതിൽ 2 കോടി രൂപയുടെ ഒരു പ്രൊവിഷൻ നാഷണൽ ഗ്രീൻ ട്രിബ്യൂണലുമായി (എൻ.ജി.റ്റി.) ബന്ധപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത തുക നിയന്ത്രിച്ച് ബഡ്ജറ്റ് പ്രൊവിഷൻ കൂടി ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാമെന്നും ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു. തുടർന്ന് കേരളത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ ഇത്തരത്തിൽ കമ്പിവല സ്ഥാപിക്കാൻ കഴിയുമെന്നുള്ളതിന്റെ സംസ്ഥാന തലത്തിലുള്ള കണക്കുണ്ടെങ്കിൽ മാത്രമേ ഇത് പൂർണ്ണമാകുകയുള്ളുവെന്നും പ്രസ്തുത പ്രവൃത്തിക്കായി പണം കണ്ടെത്തുക എന്നത് പ്രധാനപ്പെട്ട കാര്യമായതിനാൽ നിയമസഭാ മണ്ഡലങ്ങളിൽ ഇത്തരം കാര്യങ്ങൾ ഭംഗിയായി നടപ്പാക്കാനും കമ്പിവല സ്ഥാപിക്കാനും മറ്റ് കാര്യങ്ങൾക്കുമായി ബന്ധപ്പെട്ട എം.എൽ.എ.മാരുടെ സഹകരണം തേടാവുന്നതും ഇതിനു പുറമേ മറ്റ് വകുപ്പുകളുമായി സഹകരിക്കേണ്ടി വന്നാൽ അവരുമായി സഹകരിക്കണമെന്നും പി.ഡബ്ല്യൂ.ഡി.,

ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ എന്നിവയുമായി സഹകരിക്കാൻ കഴിയുമോയെന്നത് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെടുകയും നദികൾ മാലിന്യമുക്തമാക്കുന്നതിനുവേണ്ടി പ്രായോഗിക തലത്തിൽ നമ്മുടെ മുമ്പിൽ വരുന്ന പോരായ്മകൾ പരിഹരിക്കുകയും പാലങ്ങളോട് ചേർന്ന് വരുന്ന പ്രദേശങ്ങളുടെ കണക്കെടുക്കാൻ കഴിയുമോയെന്നത് പരിശോധിക്കുകയും ഡേറ്റാബേസ് തയ്യാറാക്കുകയും ചെയ്യണമെന്നും എല്ലാ ജില്ലകളിലും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുകയും അതിനുശേഷം ജില്ലാതലത്തിലുള്ള ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ത്രിതല പഞ്ചായത്തുകളുമായി ആലോചിച്ച് തീരുമാനമെടുക്കണമെന്നും ജലവിഭവ വകുപ്പ് മുൻകൈയെടുത്ത് പി.ഡബ്ല്യൂ.ഡി.യെയും തദ്ദേശ സ്വയംഭരണ വകുപ്പിനെയും കൂടി സഹകരിച്ച് മുന്നോട്ട് പോകണമെന്നും കൂട്ടിച്ചേർത്തു.

പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ സമീപത്താണ് കമ്പിവല സ്ഥാപിക്കേണ്ടതെങ്കിൽ അവരുടെ പരസ്യം അതിൽ സൗജന്യമായി പതിക്കാൻ അനുവദിച്ചുകൊണ്ട് അവരോടുതന്നെ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുവാൻ ആവശ്യപ്പെടുന്നത് അഭികാമ്യമായിരിക്കുമെന്ന് ചീഫ് എഞ്ചിനീയർ ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് സമിതിയെ ധരിപ്പിച്ചു. തുടർന്ന് നദികൾ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി എവിടെയൊക്കെയാണ് പാലങ്ങളിൽ നിന്ന് നദികളിലേക്ക് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവല സ്ഥാപിക്കേണ്ടതെന്ന് കണ്ടെത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും അപ്രകാരം ചെയ്യാമെന്ന് ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് സമിതിയെ അറിയിക്കുകയും ചെയ്തു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 3-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ നിർവ്വാഹമില്ലാത്തതിന്റെ പേരിൽ ജലവിതരണം തടസ്സപ്പെട്ടിട്ടുള്ള ആദിവാസി കോളനികളൊന്നുമില്ല എന്ന വിവരം ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

ആദിവാസി കോളനികളിൽ മോട്ടോർ പമ്പുകൾ കേടുവരുന്നതും വൈദ്യുതി ചാർജ്ജ് അടയ്ക്കാത്തതിന്റെ പേരിൽ ജലവിതരണം വിച്ഛേദിക്കപ്പെടുന്നതും സജീവമായ ചർച്ച വിഷയമാണെന്നും ഇതുമായി ബന്ധപ്പെട്ട കണക്കുകൾ വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ടെന്നും വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ നിർവ്വാഹമില്ലാത്തതിന്റെ പേരിൽ ജലവിതരണം തടസ്സപ്പെട്ടിട്ടുള്ള ആദിവാസി കോളനികളൊന്നുമില്ലെന്നുള്ള വാദം ശരിയല്ലായെന്നും അടയ്ക്കേണ്ടിവരുന്നത് വളരെ തുച്ഛമായ തുകയാണെങ്കിൽ കൂടി അവർക്കതിനെപ്പറ്റി മതിയായ അവബോധമില്ലാത്തതിനാൽ അടയ്ക്കാൻ സാധ്യതയില്ലായെന്നും തുക അടയ്ക്കാത്തതുകൊണ്ടും മോട്ടോർ കേടായതുകൊണ്ടും മുടങ്ങിക്കിടക്കുന്നതായ വിവിധ

പദ്ധതികളിൽ ജലനിധിയുടെയും വാട്ടർ അതോറിറ്റിയുടെയും മറ്റുള്ളവയുടെയും സ്കീമുകൾ ഉൾപ്പെടുന്നുണ്ടെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് ആദിവാസി കോളനികളിൽ ജലനിധിയുടെ പദ്ധതികൾ ഏതെങ്കിലും മുടങ്ങിക്കിടക്കുന്നുണ്ടോയെന്നും അങ്ങനെയുണ്ടെങ്കിൽ അതിന് SCP/TSP ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 4-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ജലനിധി നടപ്പിലാക്കിയ 3710 സ്കീമുകളിൽ 264 സ്കീമുകൾ ആദിവാസി മേഖലയുമായി ബന്ധപ്പെട്ടാണെന്നും ഇതിൽ 82 സ്കീമുകളിൽ 49 എണ്ണം പൂർണ്ണമായും 33 എണ്ണം ഭാഗികമായും തടസ്സപ്പെട്ടിട്ടുണ്ടെന്നും തടസ്സപ്പെട്ട പദ്ധതികൾ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഓരോ വർഷവും മെച്ചപ്പെടുത്തി വരുന്നുണ്ടെന്നും ഗുണഭോക്താക്കളുടെ വിഹിതം കൂടി ഉപയോഗപ്പെടുത്തിയാണ് ചെറിയ പദ്ധതികൾ മുന്നോട്ടുപോകുന്നതെങ്കിലും ചില സ്ഥലങ്ങളിൽ ഗുണഭോക്തൃ വിഹിതം എടുക്കുന്നതിനും പഞ്ചായത്ത് വിഹിതം ലഭിക്കുന്നതിനും തടസ്സം നേരിടുന്നതുകൊണ്ടാണ് പല പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാതെ വരുന്നതെന്നും പമ്പുകൾ, സ്രോതസ്സുകൾ എന്നിവ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം എല്ലാ വർഷവും സുസ്ഥിര പ്രോജക്ടിൽ ഉൾപ്പെടുത്താറുണ്ടെന്നും ഡയറക്ടർ, ജലനിധി സമിതിയെ ധരിപ്പിച്ചു.

ജനറൽ മേഖലയിൽ പദ്ധതി നടപ്പിലാക്കിയ രീതിയിൽ തന്നെയാണോ ആദിവാസി മേഖലയിലും നടപ്പിലാക്കിയതെന്ന് സമിതി ആരാഞ്ഞു. അത്തരത്തിലല്ല പദ്ധതി നടപ്പിലാക്കുന്നതെന്നും ജനറൽ മേഖലയിലുള്ളതിന്റെ 50 ശതമാനം ഗുണഭോക്തൃ വിഹിതം മാത്രമേ ആദിവാസി മേഖലയിൽ നിന്നും ഈടാക്കുന്നുള്ളുവെന്നും SCP/TSP ഫണ്ടുപോലുള്ള സഹായങ്ങൾ ലഭിക്കുകയാണെങ്കിൽ ആദിവാസി മേഖലയെ കുറച്ചുകൂടി സഹായിക്കാൻ സാധിക്കുമെന്നും ജലനിധി നടപ്പിലാക്കുന്ന പദ്ധതികളിൽ ഓരോ സ്കീമിനും ഓരോ ഗുണഭോക്തൃ കമ്മിറ്റികളുണ്ടെന്നും പുനരുദ്ധാരണം ഉൾപ്പെടെയുള്ള കാര്യങ്ങളെല്ലാം പ്രസ്തുത കമ്മിറ്റികൾ സമാഹരിക്കുന്ന തുകയിൽ നിന്നാണ് നടത്തിവരുന്നതെന്നും പദ്ധതി നടപ്പിലാക്കുന്ന സമയത്ത് പഞ്ചായത്ത് വിഹിതമായി 15 ശതമാനം തുക മാറ്റിവയ്ക്കുന്നതല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുനരുദ്ധാരണം നടത്തുന്നില്ലായെന്നും ഡയറക്ടർ, ജലനിധി സമിതിയെ അറിയിച്ചു.

തുടർന്ന് പദ്ധതിയുടെ വാർഷിക അറ്റകുറ്റപണികൾക്കായി ജലനിധി ഗ്രാന്റ് അനുവദിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞു. അതിനായി തുക അനുവദിക്കുന്നില്ലായെന്നും പക്ഷേ പുനസ്ഥാപന ചെലവിനുവേണ്ടി പദ്ധതി ശീർഷകത്തിൽ തുക വകയിരുത്താറുണ്ടെന്നും ഓരോ വർഷവും ലഭിക്കുന്ന അലോക്കേഷന് ആനുപാതികമായാണ് അവ നടപ്പിലാക്കുന്നതെന്നും ഡയറക്ടർ, ജലനിധി കൂട്ടിച്ചേർത്തു. ആദിവാസി മേഖലയിൽ ഉള്ള ജലനിധി സ്കീമുകളുടെ ജില്ലതിരിച്ചുള്ള കണക്കെടുക്കണമെന്നും അതനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ വർക്ക്ഷോപ്പ് സംഘടിപ്പിക്കണമെന്നും സമിതി അഭിപ്രായപ്പെടുകയും അത്തരത്തിൽ ചെയ്യാമെന്ന് ഡയറക്ടർ ജലനിധി സമിതിയെ അറിയിക്കുകയും ചെയ്തു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 5-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത 97 പദ്ധതികളും 100 ശതമാനം പൂർത്തീകരിച്ചതായി ഡയറക്ടർ, ജലനിധി സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 7-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ മലങ്കര പദ്ധതിയുടെ ഇൻടേക്ക് വെല്ലും അനുബന്ധ ഘടകങ്ങളും ടെണ്ടർ ചെയ്തുകഴിഞ്ഞുവെന്നും നിലവിൽ 93 കോടി രൂപയ്ക്ക് വർക്ക് ഓർഡർ കൊടുക്കാൻ കഴിയുന്ന നിലയിലാണെന്നും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തിക്ക് ടെണ്ടർ ചെയ്ത തുക അവാർഡ് ചെയ്തുകഴിഞ്ഞുവെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. തുടർന്ന് 13 പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയായ രാമപുരം കുടിവെള്ള പദ്ധതിയെ മലങ്കരയിൽ നിന്നും വെള്ളമെടുത്ത് മീനച്ചിൽ പഞ്ചായത്ത് വിതരണം നടത്തുന്നതുകൊണ്ട് മലങ്കര- മീനച്ചൽ പദ്ധതിയെന്ന് നാമമാറ്റം ചെയ്യുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി വിലയിരുത്തി. 13 പഞ്ചായത്തുകളിലേയ്ക്കുമുള്ള എല്ലാ ടാങ്കുകളുടെയും വിതരണ ശൃംഖലയും ട്രാൻസ്മിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളും ടെണ്ടർ ചെയ്തുകഴിഞ്ഞുവെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 8-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ എറണാകുളം ജില്ലയിലെ വൈപ്പിനിൽ നിർമ്മാണത്തിലിരുന്ന മൂന്ന് ഓവർഹെഡ് ടാങ്കുകളുടെയും പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തുവെന്നും എളംകുന്നപ്പുഴ ഞാറക്കൽ പഞ്ചായത്തുകളിൽ ലൈനിൽ നിന്നും ടാങ്കിലേയ്ക്ക് വെള്ളം കയറ്റുന്നതിനുള്ള ഇന്റർ കണക്ട് ജോലിയാണ് ശേഷിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തി രണ്ട് ആഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നതാണെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

3. **<u>2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-4-2022, 14-4-2022, 27-4-2022 എന്നീ തീയതികളിലെ സമിതിയോഗ നിർദ്ദേശം ശിപാർശ നം. (1), (2) എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ</u>**

(ഫയൽ നം. 12030/സബ്.സി.എ.1/2022/നി.സെ.)

**ശിപാർശ നം. 1-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കാലപ്പഴക്കം ചെന്ന എ.സി. പൈപ്പ് ലൈനുകൾ മാറ്റുന്നതിനായി 2016-17 കാലഘട്ടം മുതൽ 2023 വരെ സ്റ്റേറ്റ് പ്ലാനിൽ 326 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതിൽ 193.71 കോടി രൂപ പൂർത്തീകരിച്ച പ്രവൃത്തികൾക്കായി ചെലവായെന്നും ശേഷിക്കുന്ന ജോലികൾ അമൃത് പദ്ധതിയിലും കിഫ്ബി പദ്ധതികളിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ടെന്നും നാളിതുവരെ കിഫ്ബിയിൽ ഏറ്റെടുത്ത 430.23 കോടി രൂപയുടെ പദ്ധതികളിൽ പൂർത്തീകരിച്ച 46 പ്രവൃത്തികൾക്കായി 143.53 കോടി രൂപ ചെലവായിട്ടുണ്ടെന്നും ശേഷിക്കുന്ന ജോലികൾ നടന്നുവരികയാണെന്നും അമൃത് പദ്ധതിയിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതിനുവേണ്ടി 245.09 കോടി രൂപയുടെ 20 പ്രവൃത്തികൾക്ക് അനുമതി ലഭിക്കുകയും അവ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും 2016-17-ൽ സ്റ്റേറ്റ് പ്ലാനിൽ ഓപ്റ്റിമൈസേഷൻ ഫണ്ടിനത്തിൽ 100 കോടി രൂപ വകയിരുത്തിയതിനുശേഷം വന്ന കിഫ്ബി പദ്ധതികളിലും പഴയ പൈപ്പുകൾ മാറ്റുന്നതിന് ശീർഷകം ഉൾപ്പെടുത്തുകയും നിലവിൽ അമൃത് പദ്ധതി വഴി ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്നതിന് സാധിക്കാത്ത സാഹചര്യമായതിനാൽ സ്റ്റേറ്റ് പ്ലാനിൽ കൂടുതൽ തുക അനുവദിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്കായി പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച തുക സംബന്ധിച്ച് സമിതി ആരാഞ്ഞു. സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തി പ്ലാൻ ഫണ്ടിൽ നിന്നും 2016-17 കാലഘട്ടം മുതൽ 193.71 കോടി രൂപയുടെ 326 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 54.64 കോടി രൂപയുടെ 50 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നതായും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

തുടർന്ന് ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പൈപ്പ് ലൈനുകൾ മാറ്റുന്നതിനുള്ള സാധ്യത സംബന്ധിച്ച് സമിതി ആരാഞ്ഞു. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഒറിജിനൽ എസ്.എൽ.സി.-യുടെ സാംഗ്ഷനിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിലെ പൈപ്പ് പുനഃസ്ഥാപിക്കൽ കൂടി ചേർത്താൽ ചെലവ് വളരെ കൂടുതലായിരിക്കുമെന്നതിനാൽ അത്തരം പ്രൊപ്പോസലുകൾക്ക് ഇന്ത്യാഗവൺമെന്റ് അംഗീകാരം നല്കില്ലായെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. തുടർന്ന് പൈപ്പ് പുനഃസ്ഥാപിക്കൽ എന്നതിനു പകരം പുതിയ കണക്ഷനായി

കാണിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് സമിതി ആരാഞ്ഞു. അത്തരത്തിൽ ചെയ്യുമ്പോൾ അവിടെയുള്ള പൈപ്പ് മാറ്റുമ്പോഴുണ്ടാകുന്ന റോഡ് റെസ്റ്റോറേഷൻ ചെലവ് കൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതായി വരുമെന്നും ഒരു കുടുംബത്തിന് വേണ്ടി വരുന്ന റോഡ് റെസ്റ്റോറേഷൻ ചെലവിനത്തിൽ മൾട്ടി വില്ലേജുകളിൽ 47,000 രൂപയും സിംഗിൾ വില്ലേജുകളിൽ 27,000 രൂപയുമാണ് അനുവദിക്കുന്നതെന്നും 1985 കാലഘട്ടങ്ങളിൽ പൈപ്പ് പോളിസി പ്രോജക്ടുകളിൽ ആസ്ബറ്റോസ് സിമന്റ് പൈപ്പുകളും പ്രൊമോ പൈപ്പുകളുമായിരുന്നു ഉണ്ടായിരുന്നതെന്നും 2000-ത്തിനു ശേഷമാണ് പൈപ്പ് പോളിസിയിൽ മാറ്റം വന്നതെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു. ജൽജീവൻ മിഷന്റെ പൂർത്തീകരണത്തോടുകൂടി എത്രത്തോളം പഴയ പൈപ്പുകൾ മാറ്റേണ്ടിവരുമെന്നതിനെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് മുൻഗണന നിശ്ചയിക്കുമ്പോൾ പരിഗണിക്കാൻ പാകത്തിന് തയ്യാറാക്കിവയ്ക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുകയും അപ്രകാരം ചെയ്യാമെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിക്കുകയും ചെയ്തു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം. 2-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് ചെക്ക് ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുമ്പോൾ അതത് സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സമ്മതപത്രം ആവശ്യമാണെന്നും കാർഷികമേഖലയിൽ ഇത് മുഖേന എത്രത്തോളം പ്രയോജനം വരുന്നു എന്നുള്ളതിന്റെ കണക്ക് വേണ്ടതിനാൽ കൃഷി വകുപ്പ് അത് ടേക്കപ്പ് ചെയ്യുമെന്നും ജലസേചന വകുപ്പ് ശാസ്ത്രീയമായ രീതിയിൽ തന്നെയാണ് ചെക്ക് ഡാമുകൾ രൂപകൽപ്പന ചെയ്യുന്നതെന്നും ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു. തുടർന്ന് 2018-ലെ പ്രളയത്തിൽ തകർന്നുപോയ ഷൊർണ്ണൂർ മണ്ഡലത്തിലെ വാണിയംകുളത്തെ ചെക്ക് ഡാം ഇപ്പോൾ ആർ.കെ.വി.വൈ.-യുടെ ഫണ്ടുപയോഗിച്ച് പുനർനിർമ്മിക്കാനുള്ള അനുമതിയായിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ ആരംഭിച്ചുവെന്നും 12 കോടി രൂപയുടെ പ്രസ്തുത പ്രവൃത്തി KIJDC ആണ് ചെയ്യുന്നതെന്നും നേരത്തെയുണ്ടായിരുന്ന ഉരുക്കു തടയണ വെള്ളത്തിൽ ഒലിച്ചുപോയതുപോലെയുള്ള കാര്യങ്ങൾ ഭാവിയിൽ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് 2018-ലെ പ്രളയത്തെ അടിസ്ഥാനമാക്കി ഇനി വരാൻ പോകുന്ന കാര്യങ്ങളെയും വിലയിരുത്താൻ കഴിയില്ലായെന്നും അതൊരു പ്രത്യേക വിഷയമായി പരിഗണിക്കണമെന്നും സമിതി വിലയിരുത്തി.

തുടർന്ന് ചില സന്ദർഭങ്ങളിലുണ്ടാകുന്ന മഴയെ പ്രത്യേക കേസായി കാണേണ്ടി വരുമെന്നും കേന്ദ്ര സർക്കാരിന്റെ സെൻട്രൽ വാട്ടർ കമ്മീഷനാണ് ആധികാരികമായി ഡാമിന്റെ രൂപരേഖ അന്തിമമാക്കുന്നതെന്നും മാറിവരുന്ന പ്രളയത്തിനനുസരിച്ച് സെൻട്രൽ വാട്ടർ കമ്മീഷനുമായി ചർച്ച ചെയ്ത് രൂപരേഖയിൽ വ്യത്യാസം വരുത്താറുണ്ടെന്നും ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് സമിതിയെ അറിയിച്ചു.

കേന്ദ്ര സർക്കാരുമായി ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിൽ തെറ്റില്ലെങ്കിലും പ്രവൃത്തി തടസ്സപ്പെടാതെ നോക്കണമെന്നും എൻ.സി.സി.ആർ. (നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്) റിപ്പോർട്ടിനുവേണ്ടി 10 ഹോട്ട്സ്പോട്ടുകൾ അയച്ചിട്ട് കാലങ്ങളായി സർക്കാർ റിപ്പോർട്ടിനുവേണ്ടി കാത്തിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ട സമിതി കിഫ്ബി ആദ്യഘട്ടത്തിൽ 10 ഹോട്ട്സ്പോട്ടിനുവേണ്ടി 1300 കോടി രൂപ നൽകിയതിൽ 344 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളുവെന്നും 5400 കോടി രൂപയാണ് തീരദേശ സംരക്ഷണത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ളതെന്നും ഇതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നത് ഉചിതമായിരിക്കുമെന്നും എങ്കിൽ മാത്രമേ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ അകറ്റാൻ സാധിക്കുകയുള്ളൂവെന്നും അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**4. 4-9-2019 ലെ സമിതിയോഗ നിർദ്ദേശം നം.2-ന്മേൽ 12-1-2022-ലെ യോഗ നിർദ്ദേശ പ്രകാരം ജലവിഭവ വകുപ്പ് ലഭ്യമാക്കിയ പുതുക്കിയ നടപടി റിപ്പോർട്ട്**

(ഫയൽ നം.6319/സബ്.സി.എ 1/2019/നി.സെ.)

**ശിപാർശ നം.-2 ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ മംഗലം,ചുള്ളിയാർ ഡാമുകളിലെ മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് സമിതി ആരാഞ്ഞു. മംഗലം ഡാമുമായി ബന്ധപ്പെട്ട് ടെണ്ടർ ചെയ്തതിൽ 6 കോടി രൂപയോളം ബാദ്ധ്യത വന്നതിനാൽ എംപവേർഡ് കമ്മിറ്റി പ്രസ്തുത പ്രവൃത്തി നിർത്തിവയ്ക്കുകയും തുടർന്ന് എൻ.സി.എൽ.റ്റി. ( നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ) ഹൈദ്രാബാദ് കോടതിയിൽ സ്റ്റേ വാങ്ങുകയും പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്യാൻ വേണ്ടി സംസ്ഥാന സർക്കാർ കേസ് നടത്തുകയും 11-8-2023-ൽ അതിന്റെ വിധിയാകുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും ചുള്ളിയാർ ഡാമിലെ പ്രവൃത്തി KIIDC-വഴിയാണ് ചെയ്യുന്നതെന്നും അതിന്റെ 30 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും മീങ്കര ഡാമും, വാളയാർ ഡാമും KEMDEL വഴിയാണ് ചെയ്യുന്നതെന്നും KIIDC-യുടേയും KEMDEL-ന്റെയും കാലാവധി അവസാനിച്ചതിനാൽ കഴിഞ്ഞ എംപവേർഡ് കമ്മിറ്റിയിൽ കാലാവധി നീട്ടുന്ന കാര്യം പരിഗണിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട്- I, കോഴിക്കോട് സമിതിയെ ധരിപ്പിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**5. 4-9-2019-ലെ സമിതിയോഗ നിർദ്ദേശം- ശിപാർശ നം. (3), (6), (7), (8) എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ.**

(ഫയൽ നം.6319/സബ്.സി.എ 1/2019/നി.സെ.)

**ശിപാർശ നം. 3-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ കൃഷിക്കാവശ്യമായ ജലം എത്തിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളുടെ ആയക്കെട്ട് പുനഃസ്ഥാപിച്ചാൽ യഥാർത്ഥത്തിൽ രൂപകല്പന ചെയ്ത രീതിയിൽ കനാൽ വഴി വെള്ളം കൊടുക്കാൻ കഴിയില്ലായെന്നും ഓരോ കനാലുകൾക്കും 60 വർഷത്തോളം പഴക്കമുള്ളതുകൊണ്ട് നിലവിൽ അവയുടെ കാര്യക്ഷമത 50 ശതമാനത്തിൽ താഴെയാണെന്നും ആയതിനാൽ, സ്വാഭാവികമായി എല്ലാ പ്രദേശത്തേയ്ക്കും വെള്ളം എത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്നും ഇപ്പോൾ പല പ്രോജക്ടുകളുടേയും റീവാമ്പിംഗിനുവേണ്ടിയുള്ള ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടെന്നും ചീഫ്എഞ്ചിനീയർ, പ്രോജക്ട്-II, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു. ഒരു പദ്ധതി പൂർത്തിയാക്കിയ സമയത്ത് കൊടുത്ത അളവിലുള്ള ജലം കനാലിന്റെ ചോർച്ച, കാലപ്പഴക്കം എന്നിവമൂലം ആയക്കെട്ടിൽ ഇപ്പോൾ കൊടുക്കാൻ കഴിയുന്നില്ലായെന്നും കനാലിന്റെ ആരംഭ ഭാഗത്തുനിന്നും പോകുന്ന ജലത്തിന്റെ 10 ശതമാനം പോലും അവസാന ഭാഗമെത്തുമ്പോൾ കൊടുക്കാൻ കഴിയുന്നില്ല എന്നതിൽ നിന്നും ജല നഷ്ടം എത്രത്തോളമാണെന്ന് കണക്കാക്കാമെന്നും കേരളത്തിലെ എല്ലാ കനാലുകളും വളരെ പഴക്കമുള്ളതായതിനാൽ പ്രസ്തുത കനാലുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നബാർഡ് മുഖേന നിർവ്വഹിക്കുവാൻ നോക്കിയിരുന്നുവെന്നും എന്നാൽ നിലവിൽ കനാലുകളുടെ പുനഃരുദ്ധാരണഘട്ടവും കഴിഞ്ഞുവെന്നും കനാൽ തകർന്നാലുള്ള നാശനഷ്ടങ്ങൾ വളരെ വലുതായതിനാൽ കുറഞ്ഞത് 60 വർഷമെങ്കിലും പഴക്കമുള്ള കനാലുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി വികസിപ്പിച്ചെടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

60 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കനാലുകളുണ്ടെന്നും പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ യഥാർത്ഥ രൂപകല്പനയിൽ 32500 ഹെക്ടർ ആയിരുന്നത് ഇപ്പോൾ 23200 ഹെക്ടറായി കുറഞ്ഞിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത പ്രോജക്ടിന്റെ കാര്യക്ഷമത 40 ശതമാനത്തോളം കുറവാണെന്നും കേരളത്തിലെ ഇത്തരത്തിൽ പഴക്കമുള്ള പ്രോജക്ടുകൾ പുനഃസ്ഥാപിക്കുന്നതിന് ഏതെങ്കിലും രീതിയിൽ ഫണ്ട് കണ്ടെത്തുകയാണെങ്കിൽ അത് വളരെ പ്രയോജനകരമായിരിക്കുമെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട്-II, ജലസേചന വകുപ്പ് സമിതിയെ അറിയിച്ചു. നബാർഡിന്റെ High Level Empowered Committee യോഗത്തിൽ നബാർഡിന് കൊടുക്കുവാനുള്ള തുക

നൽകാൻ ചീഫ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജലവിഭവ വകുപ്പിന്റെ 100 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുന്ന സമയത്ത് നബാർഡിന്റെ തുക കൊടുക്കാൻ കഴിയുമെന്നും ഉന്നത തലത്തിൽ ഇത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം.-8 ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ സാങ്കേതിക സഹായം ലഭിക്കുമെന്നതിനാൽ നിലവിലെ മൈക്രോ ഇറിഗേഷൻ പ്രോജക്ടുകളെല്ലാം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും ജലസേചന വകുപ്പ് തെരഞ്ഞെടുത്ത പദ്ധതികളിൽ ഭരണാനുമതി ലഭ്യമായവയെല്ലാം KIIDC വഴിയാണ് നടത്തുന്നതെന്നും മറ്റ് പ്രോജക്ടുകളുടെ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ട നടപടികളൊന്നുമുണ്ടായിട്ടില്ലായെന്നും ചീഫ്എഞ്ചിനീയർ, പ്രോജക്ട്-II, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു. തുടർന്ന് നിലവിലുള്ള പ്രോജക്ടുകളെ സംബന്ധിച്ച് സിമിതി ആരാഞ്ഞു. RKI-യിലെ 5 പ്രോജക്ടുകളും കരടിപ്പാറയിൽ സ്റ്റേറ്റ് ഫണ്ടിൽ നേരത്തേ ചെയ്ത ഒരു പ്രവൃത്തിയും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പുതുതായി ചെയ്ത 22 കോടി രൂപയുടെ 6 പ്രോജക്ടുകളും ഉണ്ടെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, സമിതിയെ അറിയിച്ചു. പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കണമെന്നും വർഷം കഴിയുന്തോറും പ്രസ്തുത പദ്ധതികളിൽ നിന്നും ജനങ്ങൾക്ക് ഒരു പ്രയോജനവും ലഭിക്കുന്നില്ലായെന്നും പ്ലാൻ ഫണ്ട് മാത്രം ഉപയോഗിച്ച് ഇത്തരം പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയില്ലാത്തതിനാൽ പുറത്തു നിന്നുള്ള ഫണ്ടും കൂടി ഇതിനായി ഉപയോഗപ്പെടുത്തണമെന്നും വിപുലമായി കൃഷിയെ സഹായിക്കുന്നതിനായി നല്ല നിലയിൽ പ്രോജക്ട് തയ്യാറാക്കി വ്യാപകമായി ചെയ്യേണ്ടതുണ്ടെന്നും അത്തരത്തിലുള്ള ഒരു പ്രോജക്ട് കൂടി തയ്യാറാക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെടുകയും അപ്രകാരം ശ്രദ്ധിക്കാമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപ്പറേഷൻ സമിതിയെ അറിയിക്കുകയും ചെയ്തു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം.-6 ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ വാട്ടർ അതോറിറ്റിയിലെ ഇലക്ട്രിക്കൽ ജോലികൾക്കായി അതോറിറ്റിയിലെ തന്നെ യോഗ്യരായ ജീവനക്കാരെ തെരഞ്ഞെടുത്ത് ദക്ഷിണ മേഖല, മദ്ധ്യ മേഖല, ഉത്തര മേഖല എന്നീ മൂന്ന് പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ദക്ഷിണ

മേഖലയിലും ഉത്തര മേഖലയിലുമായി രണ്ട് ടീം രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത ടീമിനകത്തുള്ളവർ മദ്ധ്യ മേഖലയിലെ ജോലികൾ കൂടി ചെയ്യത്തക്ക രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളതെന്നും ഇലക്ട്രോ മെക്കാനിക്കൽ ഫീൽഡിൽ പരിചയമുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടീമാണ് രൂപീകരിച്ചിട്ടുള്ളതെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. തുടർന്ന് ഇലക്ട്രോ മെക്കാനിക്കൽ യൂണിറ്റ് രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഓർഡർ കഴിഞ്ഞമാസം കൊടുത്തിട്ടുണ്ടെന്നും എല്ലാ ഡിവിഷനിലേയ്ക്കുമായി രണ്ടര ലക്ഷം രൂപ അനുവദിച്ചുവെന്നും നിലവിലുള്ള സ്ഥിരം ജീവനക്കാരിൽ നിന്നും ഇലക്ട്രിക്കൽ ജോലിയിൽ താല്പര്യമുള്ള 5 ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടീമാണ് രൂപീകരിച്ചിട്ടുള്ളതെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

കരാറുകാർ വഴിയാണ് നിലവിൽ ഇലക്ട്രിക്കൽ ജോലികൾ ചെയ്തു കൊണ്ടിരിക്കുന്നതെന്നും മെയിന്റനൻസ് വിഭാഗത്തിൽ HR കാറ്റഗറിയിൽപ്പെട്ട ജോലിക്കാരില്ലായെന്നും ഇപ്പോൾ എല്ലാ ഡിവിഷനിലേയ്ക്കുമായി രണ്ടരലക്ഷം രൂപ കൊടുക്കുകയും ടീം രൂപീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇത്തരത്തിൽ 24 ഡിവിഷനുകളിൽ ടീം രൂപീകരിച്ചു കഴിഞ്ഞുവെന്നും ശേഷിക്കുന്ന ജോലികളെല്ലാം വാട്ടർ അതോറിറ്റിയുടെ ഡിവിഷനുകൾ തന്നെ ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നതെന്നും ഓപ്പറേറ്റർമാരുൾപ്പടെയുള്ള കാറ്റഗറിയിലെ ജീവനക്കാരെ വിന്യസിച്ച് നിലവിലുള്ള ജീവനക്കാരെ വച്ച് ടീം രൂപീകരിച്ച് ജോലി ചെയ്യാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്നും, വാട്ടർ അതോറിറ്റിയുടെ കുറേ പമ്പ് ഹൗസുകൾ ഓട്ടോമാറ്റിക് ആക്കിയതിനാൽ അതിൽ നിന്നുള്ള ജീവനക്കാരെക്കൂടി ഇതിലേക്ക് വിന്യസിക്കാം എന്നുള്ളതിനാൽ നിലവിലുള്ള ജോലിയിൽ കുറവു വരാതെ തന്നെ ഇലക്ട്രിക്കൽ ജോലികൾ ചെയ്തു തീർക്കാമെന്നും മോട്ടോറിന്റെ വൈൻഡിംഗ് ജോലികൾക്കായി ക്വട്ടേഷൻ ക്ഷണിച്ചാണ് ജോലി ചെയ്യുന്നതെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

തുടർന്ന് വാട്ടർ അതോറിറ്റിയിലെ ജീവനക്കാരെത്തന്നെ ഇത്തരം ജോലികൾക്ക് നിയോഗിക്കുമ്പോൾ പെട്ടെന്നുണ്ടാകുന്ന പ്രശ്നങ്ങൾ പ്രസ്തുത ജീവനെക്കാരെക്കൊണ്ടു മാത്രം പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞു. പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കില്ലായെന്നും Specialized Nature of Repair Work ആണ് ഇതിൽ വരുന്നത് എന്നതിനാൽ അതോറിറ്റിക്കകത്തുള്ള ഇലക്ട്രോ മെക്കാനിക്കൽ വിംഗിൽ പരിചയ സമ്പന്നരായ ഇലക്ട്രീഷനും മറ്റുമുണ്ടെങ്കിലും 100 HP പോലുള്ള മോട്ടോറിന്റെ വൈൻഡിംഗ് പോയാൽ അത് പുറത്ത് കൊടുത്തുമാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂവെന്നും വൈൻഡിംഗിനു ശേഷം ഇന്റേണൽ ടീമിന് സാങ്കേതിക സഹായം കൊടുക്കാൻ മാത്രമേ സാധിക്കുകയുള്ളൂവെന്നും അതേ സമയം പ്രസ്തുത ജോലി

പുറത്ത് കൊടുത്ത് ചെയ്യേണ്ടി വരുമെന്നും എന്നാൽ 5 HP, 10 HP പോലുള്ള ചെറിയ പമ്പുകളാണെങ്കിൽ ഇന്റേണൽ ടീമിനെക്കൊണ്ട് ചെയ്യാൻ സാധിക്കുമെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി മറുപടി നൽകി.

വാട്ടർ അതോറിറ്റിയിലെ ഇലക്ട്രിക്കൽ ജോലികൾക്കായി 'പുറത്തുനിന്നും ആളുകളെ നിയോഗിക്കുന്നതിന് എന്നതിനുപകരം 'പുറത്തുനിന്നും നിയോഗിക്കുന്നവരുടെ ജോലിയിൽ മേൽനോട്ടം വഹിക്കാനും അവർ പറയുന്ന സാങ്കേതികവശങ്ങൾ മനസ്സിലാക്കി അവരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുവാനും കഴിയുന്ന വാട്ടർ അതോറിറ്റിയിലെ യോഗ്യരായ ജീവനക്കാരെ സർക്കിൾ ഓഫീസിലും ഡിവിഷൻ ഓഫീസിലും നിയോഗിക്കണം' എന്ന രീതിയിൽ റിപ്പോർട്ടിൽ മാറ്റം വരുത്തണമെന്നും അങ്ങനെ മാറ്റം വരുത്തിയില്ലായെങ്കിൽ എല്ലാ ഇലക്ട്രിക്കൽ ജോലികളും വാട്ടർ അതോറിറ്റി ജീവനക്കാർ തന്നെ ചെയ്യുമെന്ന അർത്ഥം വരുമെന്നും സമിതി ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് അത്തരത്തിൽ മാറ്റം വരുത്താമെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർഅതോറിറ്റി സമിതിയെ അറിയിക്കുകയും ചെയ്തു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം.-7 മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ഉപഭോക്താക്കൾക്ക് ഇ-ടാപ്പ് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നിലവിൽ വാട്ടർ കണക്ഷനുകൾ കൊടുക്കുന്നതെന്നും വാട്ടർ കണക്ഷനുവേണ്ടി പഞ്ചായത്ത് റോഡ് മുറിക്കുന്നതിനും കോൺക്രീറ്റ് ചെയ്യുന്നതിനുമായുള്ള എസ്റ്റിമേറ്റ് പ്രസ്തുത സോഫ്റ്റ്‌വെയർ വഴി ഉപഭോക്താവിനെ അറിയിക്കുകയും അവർക്ക് ഓൺലൈനായി തുക അടയ്ക്കാൻ സാധിക്കുമെന്നും പ്ലംബർമാരുടെ ഇടപെടൽ വഴി കൂടുതൽ തുക ഈടാക്കുന്നത് ഒഴിവാക്കാനും സുതാര്യത ഉറപ്പാക്കാനും ഈ സോഫ്റ്റ്‌വെയർ വഴി സാധിക്കുമെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**6. 16-5-2018-ലെ സമിതിയോഗ നിർദ്ദേശം- ശിപാർശ നം. (1), (3), എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ**

(ഫയൽ നം. 524/സബ്.സി.എ 1/2019/നി.സെ.)

**ശിപാർശ നം.-1 മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ജൽജീവൻ പദ്ധതികളെല്ലാം നടപ്പിലാക്കുന്ന സാഹചര്യത്തിൽ എല്ലാ നിയോജക മണ്ഡലത്തിലേയ്ക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഒരു ഓഫീസറെ നോഡൽ ഓഫീസറായി നിയോഗിച്ച് 5-4-2022-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം എല്ലാ നിയോജകമണ്ഡലത്തിലേയും

എം.എൽ.എ.-മാരുമായും ജനപ്രതിനിധികളുമായും പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നുണ്ടെന്നും കൂടാതെ, ഡിവിഷൻ തലത്തിൽ ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളവാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. പ്ലംബർമാരുടെ പരാതികൾ പരിഹരിക്കുന്നതിനാണ് ഉപദേശകസമിതി രൂപീകരിച്ചിട്ടുള്ളതെന്നും 29 ഡിവിഷനുകളുള്ളതിൽ 21 എണ്ണത്തിൽ സമിതി രൂപീകരിക്കുകയും കൊല്ലം, ആലുവ, തൃശ്ശൂർ, ഷൊർണ്ണൂർ, കടുത്തുരുത്തി, ഇടപ്പാൾ, ഇരിങ്ങാലക്കുട എന്നീ 7 ഡിവിഷനുകളിൽ യോഗം ചേരുകയും ചെയ്തുവെന്നും ജൽജീവൻ മിഷന്റെ പ്രവൃത്തികൾ മുഴുവൻ എം.എൽ.എ.-മാരെയും അറിയിക്കുന്നതിനും അതിലെ വിഷയങ്ങൾ ജനപ്രതിനിധികളിലേയ്ക്ക് എത്തിക്കുന്നതിനും വേണ്ടിയാണ് 140 നിയോജക മണ്ഡലങ്ങളിലും ഓരോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചുമതല നൽകിയതെന്നും ടെക്നിക്കൽ മെമ്പർ, കേരളവാട്ടർ അതോറിറ്റി കൂട്ടിച്ചേർത്തു. തുടർന്ന് എല്ലാ ജില്ലകളിലും യോഗം സംഘടിപ്പിക്കുകയും ഓരോ നിയോജക മണ്ഡലത്തിലും എം.എൽ.എ.-മാർക്കും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും സമിതിയുടെ ചുമതല കൊടുക്കുകയും എം.എൽ.എ.- മാരുടെ യോഗം വിളിച്ച് ഇത്തരം കാര്യങ്ങൾക്കുള്ള അധികാരം അവർക്ക് കൈമാറുകയും ചെയ്തിരിക്കുന്ന ഈ ഘട്ടത്തിൽ സമിതിയ്ക്ക് ലഭ്യമാക്കിയ റപ്പോർട്ടിൽ എം.എൽ.എ.-മാരിൽ ചിലരുടെ പേരുമാത്രം പരാമർശിച്ചത് കടുത്ത വിവേചനമാണെന്ന് നിരീക്ഷിച്ച സമിതി ഉപദേശക സമിതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ എം.എൽ.എ.-മാരുടേയും പേര് രേഖപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് ലഭ്യമാക്കണ മെന്ന് നിർദ്ദേശിച്ചു. ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ഇനി മുതൽ ശ്രദ്ധിക്കുന്നതാണെന്ന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർഅതോറിറ്റി സമിതിയെ ധരിപ്പിച്ചു.

ജൽജീവൻ മിഷന്റെ കീഴിൽ കൂടുതൽ പ്രവൃത്തികൾ വന്ന സാഹചര്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ എം.എൽ.എ.-മാർ ചെയർമാനായിട്ടുള്ള കമ്മിറ്റിയിൽ സബ് ഡിവിഷൻ, ഡിവിഷൻ എന്ന പരിധിവയ്ക്കാതെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പംബ്ലർമാരുടെ മാത്രമല്ല ശുദ്ധജല വിതരണ പദ്ധതികളുടെ നടത്തിപ്പിൽ പ്രാദേശിക തലത്തിലുള്ള പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും പ്രസ്തുത കമ്മിറ്റിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. അപ്രകാരം ചെയ്യാമെന്ന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**ശിപാർശ നം.3-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ വയനാട് ജില്ലയിൽ ഇൻവെസ്റ്റിഗേഷനിലുള്ള 7 പദ്ധതികളാണുണ്ടായിരുന്ന

തെന്നും പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ ജനവികാരമുണ്ടായതിന്റെ അടിസ്ഥാനത്തിൽ പല യോഗങ്ങൾ നടത്തിയിട്ടും തീരുമാനമാകാത്തതിനാൽ 10-11-2022-ൽ ബഹുമാനപ്പെട്ട ചെയർമാന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റുമാർ, എം.എൽ.എ.-മാർ, വിവിധ രാഷ്ട്രീയ ജനപ്രതിനിധികൾ എന്നിവരെയെല്ലാം ഉൾപ്പെടുത്തി നടന്ന യോഗത്തിൽ കടമാൻതോടും തൊണ്ടാറും പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കാൻ തീരുമാനിക്കുകയും പ്രസ്തുത പ്രോജക്ടുകളുടെ ഡി.പി.ആർ. പഠനവുമായി മുന്നോട്ടുപോകാൻ കെ.ഇ.ആർ.ഐ. (കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കടമാൻതോടിന് 2.95 കോടി രൂപയുടെയും തൊണ്ടാർ പദ്ധതിക്ക് 2.63 കോടി രൂപയുടെയും പ്രിൻസിപ്പൽ ഭരണാനുമതിക്കുവേണ്ടി ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുകയും ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം ഐ.ഡി.ആർ.ബി.-ക്ക് ഈ വർഷം ലഭിച്ച ഫണ്ടിൽനിന്നും പരമാവധി തുകയുപയോഗിച്ച് കടമാൻതോടിന്റെയും തൊണ്ടാറിന്റെയും പ്രവൃത്തി ആരംഭിക്കാൻ അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട് - I, കോഴിക്കോട് സമിതിയെ ധരിപ്പിച്ചു.

തുടർന്ന് 2030 വരെയാണ് പദ്ധതിയുടെ കാലാവധിയെന്നും 2018-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ അന്തിമവിധി വന്നിട്ട് ഇപ്പോൾ 5 വർഷം പിന്നിടുകയാണെന്നും സംസ്ഥാനം വിഭാവനം ചെയ്ത 21 ടി.എം.സി. വെള്ളമാണ് വയനാട് ജില്ലയ്ക്ക് വേണ്ടതെങ്കിലും പ്രസ്തുത പദ്ധതി അവിടെയുള്ള ജനങ്ങളെയും വനമേഖലയെയും ബാധിക്കുമെന്നുള്ളതിനാൽ കടമാൻതോടിലെയും തൊണ്ടയാറിലെയും വെള്ളത്തിന്റെ അളവ് ആദ്യം ഉള്ളതിനേക്കാൾ താഴേയ്ക്കുപോയെന്നും കടമാൻതോട് ജലസേചന പദ്ധതിക്ക് അനുവദിച്ചിട്ടുള്ള ജലത്തിന്റെ അളവ് 1.53 ടി.എം.സി.-യും തൊണ്ടാർ ജലസേചന പദ്ധതിക്ക് അനുവദിച്ചിട്ടുള്ള ജലത്തിന്റെ അളവ് 1.75 ടി.എം.സി.-യുമാണെന്നും ഇത്രയും ടി.എം.സി. ജലം സംസ്ഥാനത്തിന് നൽകിയിട്ടും അത് പ്രയോജനപ്പെടുത്താതിരുന്നാൽ ആ ജലം തമിഴ്നാട് ഉപയോഗിക്കുമെന്നുള്ളതിൽ സംശയമില്ലായെന്നും ചെറിയ പദ്ധതികളിലൂടെ ശേഖരിക്കാവുന്ന വെള്ളത്തിന്റെ അളവ് നോക്കിയപ്പോഴും ചെക്ക് ഡാമുകളുടെ ശൃംഖല നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോഴും പ്രായോഗികമല്ലെന്നാണ് അന്നത്തെ വിലയിരുത്തലിൽ നിന്നും മനസ്സിലായതെന്നും ചെക്കുഡാമുകൾ അല്ലെങ്കിൽപ്പോലും കുളങ്ങളും മറ്റും നിർമ്മിച്ച് വെള്ളം ശേഖരിക്കാൻ കഴിയുമോ എന്നുള്ള കാര്യം പിന്നീട് പരിശോധിക്കാമെന്നും കടമാൻതോട്, തൊണ്ടാർ പദ്ധതികൾ എത്രയുംവേഗം പൂർത്തിയാക്കാൻ കഴിയുമോയെന്നുള്ള കാര്യവും ഇതിന്റെ ഭാഗമായി വന്ന ഇടുക്കി ജില്ലയിലെ പട്ടിശ്ശേരി ഡാമിന്റെ കാര്യവും ഗൗരവമായി കാണണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

### 7. 16-5-2018-ലെ സമിതിയോഗ നിർദ്ദേശം നം. (5)-ന്മേൽ 12-1-2022-ലെ യോഗം നൽകിയ തുടർനിർദ്ദേശം - ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്

(ഫയൽ നം. 524/ സബ്.സി.എ 1/2019/നി.സെ.)

പി.എം.കെ.എസ്.വൈ.-യുടെ കീഴിൽ Acclerated Irrigation Benefit Programme, Surface Minor Irrigation, Repair, Renovation and Restoration എന്നിങ്ങനെ നിരവധി ചെറിയ പദ്ധതികളുണ്ടെങ്കിലും കേരളത്തെ സംബന്ധിച്ച് പ്രസ്തുത പദ്ധതികളെല്ലാം നടപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്നും കുളങ്ങളെ സംബന്ധിച്ച് Repair, Renovation and Restoration Scheme-നു വേണ്ടിയാണ് കേന്ദ്രത്തിൽനിന്നും ഫണ്ട് ലഭ്യമാക്കാനായി പ്രൊപ്പോസൽ കൊടുത്തിരുന്നതെന്നും കേരളത്തിലെ ഇപ്പോഴത്തെ അവസ്ഥയനുസരിച്ച് ഗ്രാമ പ്രദേശങ്ങളിൽ മിനിമം 2 ഹെക്ടറും നഗര പ്രദേശങ്ങളിൽ 1 ഹെക്ടറും വാട്ടർ സ്പ്രെഡ് ഏരിയ വേണമെന്നാണ് കേന്ദ്രത്തിൽനിന്നും നിഷ്കർഷിച്ചിരിക്കുന്നതെങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു കണക്കിലേയ്ക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും കേന്ദ്ര സർക്കാരുമായി നടന്ന ചർച്ചയിൽ, ഗ്രാമപ്രദേശങ്ങളിൽ രണ്ട് ഹെക്ടറും നഗര പ്രദേശങ്ങളിൽ ഒരു ഹെക്ടറും വിസ്തൃതി വരത്തക്കവിധം ഒരു ജില്ലയിൽത്തന്നെ രണ്ടോ മൂന്നോ കിലോമീറ്റർ വ്യത്യാസത്തിലുള്ളതാണെങ്കിൽപ്പോലും അവിടെയുള്ള കുളങ്ങളെയെല്ലാംകൂടി ചേർത്ത് അതിന്റെ വിസ്തൃതി ഒന്നായി പരിഗണിക്കാമെന്ന ഉറപ്പ് കേന്ദ്ര ജലകമ്മീഷൻ നിന്നും ലഭിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു.

തുടർന്ന് ജലസ്രോതസ്സുകളായി പരിഗണിക്കുമ്പോൾ സ്വാഭാവിക നീർച്ചാലുകൾ, തോടുകൾ, കനാലുകൾ എന്നിവയെ ഉൾപ്പെടുത്തുക എന്ന നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതിന്മേൽ മറുപടി ലഭിച്ചോ എന്ന് സമിതി ആരാഞ്ഞു. അതുസംബന്ധച്ച് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളൊന്നും വന്നിട്ടില്ലായെന്നും വെള്ളം ലഭിക്കുന്ന പ്രദേശത്തെ കുളങ്ങൾ ഉൾപ്പെടുത്താനാണ് അനൗപചാരികമായി നടത്തിയ ചർച്ചയിൽ തീരുമാനിച്ചതെന്നും ശേഷിക്കുന്ന സ്രോതസ്സുകളെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ലായെന്നും ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു. ഏതുവിധത്തിലും വെള്ളം ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നത് നല്ലതാണെന്നും ജലസ്രോതസ്സുകൾ പരിഗണിക്കുമ്പോൾ സ്വാഭാവിക നീർച്ചാലുകൾ, തോടുകൾ, കനാലുകൾ എന്നിവയെ ഉൾപ്പെടുത്തണമെന്നുള്ളത് ഒരിക്കൽക്കൂടി കേന്ദ്ര സർക്കാരിനെ അറിയിക്കണമെന്നും ഒരുമിച്ച് ചേർത്തെടുക്കുന്ന കുളങ്ങളുടെ വിസ്തീർണ്ണം സൂചിപ്പിക്കാതെ ജില്ലകളുടെയും

താലൂക്കുകളുടെയും എണ്ണം വർദ്ധിപ്പിച്ച് ഡി.പി.ആർ. തയ്യാറാക്കി അയയ്ക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു. ഷൊർണ്ണൂർ മണ്ഡലത്തിൽ അഞ്ചും ആറും ഏക്കർ വിസ്തീർണ്ണമുള്ള കുളങ്ങളുണ്ടെന്നും കൂടാതെ ഒരേക്കറിലും 50 സെന്റിലുമുള്ള ധാരാളം കുളങ്ങളുണ്ടെന്നും സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ രണ്ട് കോടി രൂപ കുളം നവീകരണത്തിനായി നിലവിൽ വകയിരുത്തിയിട്ടുണ്ടെന്നും പ്രൊപ്പോസൽ കൊടുക്കുമ്പോൾ തഹസീൽദാർ ആവശ്യപ്പെട്ടാൽ ഇക്കാര്യം ചൂണ്ടിക്കാണിക്കാൻ സാധിക്കുമെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. അത്തരം വിസ്തൃതിയുള്ള കുളങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**8. 18-11-2020-ലെ സമിതിയോഗ നിർദ്ദേശം-ശിപാർശ നം. (2), (5) എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ**

(ഫയൽ നം.236/സബ്.സി.എ 1/2021/നി.സെ.)

**ശിപാർശ നം.2-ന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി ആയത് അംഗീകരിച്ചു.**

**ശിപാർശ നം.5-ന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ വാമനപുരം നദിയിലെ വെള്ളം അരുവിക്കര ഡാമിലേയ്ക്ക് കൊണ്ടുപോകുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വാമനപുരം നദി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് പരിഗണനയിലുള്ള നാല് പ്രൊപ്പോസലുകളിൽ ഒരെണ്ണത്തിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടെന്നും മറ്റ് മൂന്നെണ്ണത്തിന്റെ പരിശോധനാതലം കഴിഞ്ഞ് രൂപകല്പന ചെയ്തുകൊണ്ടിരിക്കുകയാണെന്നും വാമനപുരം നദിയിൽനിന്നും അരുവിക്കര ഡാമിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്നതിന് ടണൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർമ്മിക്കേണ്ടതായി വരുമെന്നും മുമ്പ് വാമനപുരം ഇറിഗേഷൻ പ്രോജക്ട് എന്നൊരു പ്രോജക്ടുണ്ടായിരുന്നെങ്കിലും പിന്നീടത് മുന്നോട്ടുപോയില്ലായെന്നും ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു.

ജൽജീവൻ മിഷൻ പദ്ധതിയിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ സുസ്ഥിരതയുള്ള സ്രോതസ്സാണെന്ന് ഉറപ്പുവരുത്താൻ ജലസേചന വകുപ്പിന്റെ കൂടി സഹായം ഈ വർഷം ലഭിച്ചാൽ മാത്രമേ അത് വിജയിക്കുകയുള്ളൂവെന്ന് സമിതി ചൂണ്ടിക്കാട്ടി. വേനൽക്കാലത്ത് വെള്ളത്തിന് വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നതിനാൽ വാമനപുരം നദിയെ സംബന്ധിച്ചുള്ള ജലവിതരണ പദ്ധതികൾ വലിയ പ്രശ്നമാണെന്നും അവിടെ കാരേറ്റ് ബ്രിഡ്ജിനടുത്ത് ഒരു ആർ.സി.ബി.-യും പൂവമ്പാറ ബ്രിഡ്ജിന് അടിഭാഗത്ത് മറ്റൊരു ആർ.സി.ബി.-യും പ്രൊപ്പോസ് ചെയ്തിരുന്നുവെങ്കിലും മതിയായ

ഫണ്ടില്ലാത്തതിനാൽ ഭരണാനുമതി ലഭിച്ചില്ലെന്നും വാമനപുരം നദിയിൽ നിന്നും അരുവിക്കര ഡാമിലേയ്ക്ക് ചാനൽ നിർമ്മിക്കുന്നത് ബുദ്ധിമുട്ടാണെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി ചൂണ്ടിക്കാട്ടി. നദികളെ തമ്മിൽ ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്ന 'നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസി' എന്ന സ്ഥാപനത്തിന് ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് അന്വേഷിക്കാമെന്നും ആവശ്യമെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ സഹായം ഈ ആവശ്യത്തിലേക്കായി ലഭ്യമാക്കാമെന്നും നിലവിൽ നാലോ അഞ്ചോ ദിവസംപോലും ജലവിതരണം നടത്തുന്നതിനാവശ്യമായ വെള്ളം ലഭ്യമല്ലാത്തതിനാൽ വാമനപുരം നദിക്ക് കുറുകെയായി 1995-ൽ എടുത്തിട്ടുള്ള ഒരു ഡാമിന്റെ പ്രൊപ്പോസലിന്റെ സാദ്ധ്യത സംബന്ധിച്ച് പരിശോധിക്കേണ്ടിവരുമെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**9. 6-3-2019-ലെ സമിതിയോഗ നിർദ്ദേശം നം. (4)-ന്മേൽ 29-9-2021-ലെ യോഗനിർദ്ദേശ പ്രകാരം ജലവിഭവ വകുപ്പ് ലഭ്യമാക്കിയ പുതുക്കിയ നടപടി റിപ്പോർട്ട്**

(ഫയൽ നം.2890/സബ്.സി.എ.1/2019/നി.സെ.)

പാമ്പാർ നദീതടത്തിൽനിന്നും മൂന്ന് ടി.എം.സി. ജലം വിനിയോഗിക്കാൻ കേരളത്തിന് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ടി കൃത്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും ആദ്യത്തെ പ്രോജക്ടായ പട്ടിശ്ശേരി ഡാമിലേക്ക് 0.075 ടി.എം.സി. വെള്ളമാണ് വരുന്നതെന്നും തലയാർ സ്കീമിന്റെ മറ്റൊരു ഭാഗത്തുനിന്നും 7 കിലോമീറ്റർ ദൂരത്തിൽ വെള്ളം കൊണ്ടുവരുന്നതിനായി 8.31 കോടി രൂപയുടെ ഡി.പി.ആർ. ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും അങ്ങനെ വന്നുകഴിഞ്ഞാൽ 0.91 ടി.എം.സി വെള്ളം പട്ടിശ്ശേരി ഡാമിൽനിന്നും വിനിയോഗിക്കാൻ സാധിക്കുമെന്നും പട്ടിശ്ശേരി ഡാമിന്റെ കാര്യത്തിൽ പ്രവൃത്തി പകുതി കഴിഞ്ഞതിനുശേഷം രൂപകല്പനയിൽ മാറ്റം വന്നതിന്റെ അടിസ്ഥാനത്തിൽ നിരക്ക് പുനപരിശോധന ആവശ്യപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തി ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും അത് ലഭിച്ചുകഴിഞ്ഞാൽ മാത്രമേ പൂർത്തീകരണ തീയതി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂവെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട് - II, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു. തുടർന്ന് നിരക്ക് പുനഃപരിശോധന കഴിഞ്ഞതിനുശേഷം പൂർത്തീകരണ തീയതി പരിഗണിക്കാമെന്ന് സമിതി വിലയിരുത്തി.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**10. 22-7-2020-ലെ സമിതിയോഗ നിർദ്ദേശം നം. (3)-ന്മേൽ 12-1-2022-ലെ യോഗനിർദ്ദേശ പ്രകാരം ജലവിഭവ വകുപ്പ് ലഭ്യമാക്കിയ പുതുക്കിയ നടപടി റിപ്പോർട്ട്.**

(ഫയൽ നം. 4117/സബ്.സി.എ.1/2020/നി.സെ.)

പെരുവണ്ണ പഞ്ചായത്തിലും പെരുവയൽ പഞ്ചായത്തിലും ജൽജീവൻ മിഷൻ പദ്ധതി വഴിയെടുത്ത പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും പെരുവയൽ പഞ്ചായത്തിൽ 3008.78 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ നാളിതുവരെ 10486 കണക്ഷനുവേണ്ടി ടെണ്ടർ വിളിക്കുകയും അതിൽ 6750 കണക്ഷനുകൾ കൊടുത്തതിൽ 1286 കണക്ഷനുകൾ എച്ച്.ടി.സി. (Household Tap Connection) ആയി കൊടുക്കുകയും ശേഷിക്കുന്ന 2420 കണക്ഷനുകളുംകൂടി കൊടുത്താൽ എല്ലാ വീടുകളിലും വെള്ളമെത്തിക്കാൻ സാധിക്കുമെന്നും പെരുവണ്ണ പഞ്ചായത്തിൽ 2269 ലക്ഷം രൂപയുടെ അടങ്കൽ തുകയിൽ ജൽജീവൻ പദ്ധതിയുടെ പ്രവൃത്തി മുന്നോട്ട് പോകുകയാണെന്നും 10468 കണക്ഷനുകൾ നല്കേണ്ടതിൽ നിലവിൽ 7898 കണക്ഷനുകൾ കൊടുക്കുകയും അതിൽ 727 കണക്ഷൻ എച്ച്.ടി.സി. ആയി കൊടുക്കുകയും 1943 കണക്ഷൻ കൊടുക്കാൻ ശേഷിക്കുന്നുണ്ടെന്നും അവിടെ 82 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും പെരുവണ്ണാമൂഴിയിലെ ജിക്കയുടെ പ്രവൃത്തിയിൽനിന്ന് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നും കുറച്ച് പഴയ പൈപ്പ് ലൈൻ മാറ്റാനായി റീ-അപ്രോപ്രിയേഷന് കൊടുത്തിട്ടുണ്ടെന്നും അത് കൂടി ലഭിച്ചാൽ ആ പൈപ്പ് ലൈനുകളുംകൂടി മാറ്റി എച്ച്.ടി.സി. കണക്ഷനുകളെല്ലാം എഫ്.എച്ച്.ടി.സി. (Functional Household Tap Connection) കണക്ഷനാക്കി മാറ്റാൻ സാധിക്കുമെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. തുടർന്ന് കേരളത്തിൽ ജൽജീവൻ പദ്ധതിയുടെ ഏതാണ്ട് 90 ശതമാനം പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും ആഗസ്റ്റ് മാസം 10-ാം തീയതിയോടെ ശേഷിക്കുന്ന ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നും ആറ് മാസത്തിനുള്ളിൽ ഇത്തരത്തിലുള്ള തടസ്സങ്ങളെല്ലാം തീർക്കാൻ ശ്രമിക്കാമെന്നും ഡി.എൽ.പി. (Defect Liability Period) ഒരു വർഷം കഴിയട്ടെയെന്ന് പറഞ്ഞെങ്കിലും അടിയന്തരമായിട്ടുള്ളവയിൽ അനുവാദം കൊടുത്തുതുടങ്ങിയിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

പി.എം.ജി.എസ്.വൈ-യുടെ കീഴിലുള്ള റോഡിന്റെ ഡി.എൽ.പി. (Defect Liability Period)-ക്ക് ഒരു വർഷം കൂടിയുള്ളതിനാലും ജൽജീവൻ പദ്ധതിയുടെ കാലാവധി 2024-ൽ അവസാനിക്കുന്നതിനാലും പ്രസ്തുത പദ്ധതിയുടെ കാലാവധിക്കുള്ളിൽ പി.എം.ജി.എസ്. വൈ-യുടെ കീഴിലുള്ള റോഡിലൂടെ പദ്ധതിയുടെ പൈപ്പ് ലൈൻ കൊണ്ടുപോകാൻ സാധിക്കുകയില്ല എന്ന് ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് ഇത്തരം പ്രശ്നം

വരുന്ന നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുമായി നിയമസഭാ സമ്മേളന സമയത്ത് ഒരു യോഗം നടത്താമെന്ന് സമിതി വിലയിരുത്തി. കൂടാതെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ പരിഗണനയ്ക്ക് യഥാസമയം നൽകുന്നതിനും നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നതിനും ശ്രദ്ധിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

വൈകുന്നേരം 4.40-ന് യോഗം അവസാനിച്ചു.

## 3. 16-8-2023-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2023 ആഗസ്റ്റ് മാസം 16-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ലിന്റോ ജോസഫ്
2. ശ്രീ. പി. മമ്മിക്കുട്ടി
3. ശ്രീ. കെ.ജെ. മാക്സി

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ :

1. ശ്രീ. സി.ആർ. മഹേഷ്
2. ശ്രീ. എച്ച്. സലാം
3. ശ്രീ. ടി. സിദ്ധിഖ്

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ഷബാന അംജും, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ് കുമാർ എം.കെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീമതി ഭണ്ഡാരി സ്വാഗത് രൺവീർചന്ദ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതേറിറ്റി
2. ശ്രീ. സുഭാഷ് ആർ., അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. പ്രേംലാൽ എം., ഡയറക്ടർ(എച്ച്. ആർ.), ജലനിധി
4. ഡോ. ദിനേശ് ചെറുവത്ത്, എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി
5. ശ്രീ. ജി. ശ്രീകുമാർ, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
6. ശ്രീ. എം. ശിവദാസൻ, ചീഫ് എഞ്ചിനീയർ, പ്രോജക്ട് -I, കോഴിക്കോട്
7. ശ്രീ. സൂരജ് സുകുമാർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
8. ശ്രീമതി ജ്യോതി മേരി ചാക്കോ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചന വകുപ്പ്
9. ശ്രീമതി ബീന തങ്കം പി.എൽ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജലസേചന വകുപ്പ്
10. ശ്രീമതി ബിന്ദു ആർ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബി.എസ്.പി. ഡിവിഷൻ വയനാട്.
11. ശ്രീ. എസ്. തിലകൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ
12. ശ്രീ. വി. സജി, ജനറൽ മാനേജർ(പ്ലാന്റ്), കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ
13. ശ്രീ. ഷിജിത് വി., ഫിനാൻസ് മാനേജർ ആന്റ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി
14. ശ്രീ. എം.പി. ലക്ഷ്മണൻ, ചീഫ് ഫിനാൻസ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ
15. ശ്രീമതി ജി. ആർ. ഷീബ, സീനിയർ ഫിനാൻസ് ഓഫീസർ, ജലസേചന വകുപ്പ്
16. ശ്രീ. സാബു ജോൺ, സീനിയർ ഫിനാൻസ് ഓഫീസർ, ജലസേചന വകുപ്പ്
17. ശ്രീ. സജിത്ത് കുമാർ എസ്.എസ്., അക്കൗണ്ട്സ് മാനേജർ, കേരള വാട്ടർ അതോറിറ്റി.

2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ, 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച് ചെയ്ത് ചുവടെപ്പറയുന്ന പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I. ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് പരിഗണന

### 1. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

(ഫയൽ നമ്പർ 11724/സബ്.സി.എ 1/2022/നി.സെ.)

2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 29 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന നടപടി പത്രികയിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വ്യക്തമായ വിശദീകരണം, ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം എന്നിവ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള മറുപടി ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 2-ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, ഒരു സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസം കഴിഞ്ഞിട്ടും അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുവാൻ വകുപ്പിന് സാധിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചാൽ മാത്രമേ അധിക തുക അനുവദിക്കുന്നതിന് പ്രസക്തിയുള്ളൂവെന്ന് ചൂണ്ടിക്കാട്ടി. തുടർന്ന് കൊടുത്തു തീർക്കാനുള്ള ബില്ലുകൾ ലഭിക്കാത്തതിനാലാണ് തുക പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയാത്തതെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

ഖണ്ഡിക 3-ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്നാണ് വിശദീകരണങ്ങളിൽ നിന്നും വ്യക്തമാകുന്നതെന്നും ഉപധനാഭ്യർത്ഥനയിലൂടെ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിച്ച് ലഭ്യമായിട്ടില്ലെന്ന സ്പഷ്ടീകരണം മാത്രമാണ് നടപടി സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അഭിപ്രായപ്പെട്ട സമിതി, പ്രസ്തുത ശിപാർശയിന്മേൽ

സ്വീകരിച്ച നടപടി സംബന്ധിച്ച സ്പഷ്ടീകരണം, ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ എന്നിവ പോലും വ്യക്തമാക്കാതെ സമിതി മുമ്പാകെ ഇത്തരത്തിൽ മറുപടി ലഭ്യമാക്കുന്നത് ശരിയായ നടപടിയല്ലായെന്ന് ഉദ്യോഗസ്ഥരെ അറിയിച്ചു. തുടർന്ന് പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമെന്ന് ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

ഖണ്ഡിക 19-ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, മുൻ സാമ്പത്തിക വർഷം വകയിരുത്തിയ പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കപ്പെടാതെ അധിക തുക വകയിരുത്തണമെന്ന് ആവശ്യപ്പെടാൻ സാധിക്കില്ലായെന്ന് വിലയിരുത്തിയ സമിതി, ബജറ്റ് വിഹിതമായി ശീർഷകങ്ങളിൽ അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കുവാൻ വാട്ടർ അതോറിറ്റി ശ്രദ്ധിക്കണമെന്ന് അഭിപ്രായപ്പെടുകയും ജൽജീവൻ മിഷനല്ലാതെ മറ്റ് ശീർഷകങ്ങളിലൊന്നും നിന്ന് തുക പൂർണ്ണമായി വിനിയോഗിച്ചതായി കാണുന്നില്ലായെന്നും അനുവദിച്ച തുക പോലും പൂർണ്ണമായി വിനിയോഗിക്കാത്തതിനാലാണ് ധനകാര്യ വകുപ്പ് അധിക തുക അനുവദിക്കാത്തതെന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു. തുടർന്ന് റൂറൽ വാട്ടർ സപ്ലൈ സ്കീം പോലുള്ള ചില ശീർഷകങ്ങളിൽ അധിക ബില്ലുകളുണ്ടെന്നും അത്തരം ബില്ലുകൾക്കനുബന്ധമായ അലോക്കേഷൻ സർക്കാരിൽ നിന്നും ലഭിക്കാത്തതിനാലാണ് അവയെ ചെലവായി കാണിക്കാൻ സാധിക്കാത്തതെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു. തുടർന്ന് ഓരോ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തിയുടെയും അതിനായി ചെലവഴിച്ച തുകയുടേയും വിശദാംശം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിക്കുകയും ചെയ്തു.

ഖണ്ഡിക 30-ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, ചെറുകിട ജലസേചന പദ്ധതിയുടെ സംരക്ഷണാർത്ഥം ചെലവഴിച്ച തുകയുടെ വിശദാംശം സംബന്ധിച്ച് സമിതി ആരാഞ്ഞു. ചെറുകിട ജലസേചന പദ്ധതിയുടെ സംരക്ഷണാർത്ഥം അനുവദിച്ച തുക കൃത്യമായി ചെലവഴിക്കുന്നുണ്ടെന്നും അനുവദിക്കുന്ന മുഴുവൻ തുകയ്ക്കും ഭരണാനുമതി നൽകുകയും അതുവഴി പ്രവൃത്തികൾ കൃത്യമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നുണ്ടെന്നും വിവിധ പ്രവൃത്തികൾക്കായി വിനിയോഗിക്കാൻ അനുവദിച്ച തുക, തികയുന്നില്ലായെന്നതാണ് നിലവിലെ സ്ഥിതിയെന്നും സീനിയർ ഫിനാൻസ് ഓഫീസർ, ജലസേചന വകുപ്പ് മറുപടി നൽകി.

ഖണ്ഡിക 31-ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, പൂർത്തീകരിച്ച പ്രവൃത്തികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങളോ ഭരണാനുമതി കൊടുത്ത പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളോ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് നിരീക്ഷിച്ച സമിതി, കൂടുതൽ തുകയ്ക്ക് ഭരണാനുമതി

കൊടുക്കാത്തതിനാലാണ് ധനകാര്യ വകുപ്പ് അധിക തുക അനുവദിക്കാത്തതെന്നും ആവശ്യകതയ്ക്കാനുപാതികമായി മാത്രമേ ധനകാര്യ വകുപ്പ് തുക വകയിരുത്തുകയുള്ളൂവെന്നും കൂട്ടിച്ചേർത്തു. എന്നാൽ ബജറ്റ് പ്രൊപ്പോസൽ നൽകുമ്പോൾ വകുപ്പിനാവശ്യമായ മുഴുവൻ തുകയും ആവശ്യപ്പെടാറുണ്ടെങ്കിലും ധനകാര്യ വകുപ്പ് അധിക തുക അനുവദിക്കാറില്ലായെന്ന് സീനിയർ ഫിനാൻസ് ഓഫീസർ, ജലസേചന വകുപ്പ് സമിതിയെ ധരിപ്പിച്ചു.

ഖണ്ഡിക 32-ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി നൽകുന്നതിനായി 2022-23 സാമ്പത്തിക വർഷം നോൺ പ്ലാൻ ഇനത്തിൽ 15.75 കോടി രൂപ വകയിരുത്തിയതിൽ നിന്നും 15.74 കോടി രൂപ ചെലവഴിച്ചതായി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിൽ വ്യക്തത വരുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഖണ്ഡിക 35-ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, പഴയ പ്രവൃത്തികളുടെ ബില്ലുകൾ തീയതി ക്രമത്തിൽ അപ്ഡേറ്റ് ചെയ്യണമെന്നും ധനകാര്യ വകുപ്പ് തുക അനുവദിക്കുന്നത് വർഷങ്ങൾക്കുമുമ്പുള്ള ബിൽ തുക മാറുന്നതിനായല്ലായെന്നും അതത് സാമ്പത്തിക വർഷത്തിൽ വകുപ്പ് കൃത്യമായി പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാതിരിക്കുന്നതുമൂലം സ്പിൽഓവറായാൽ ആ തുക സർക്കാർ നൽകേണ്ടതായി വരുമെന്നതിനാൽ കുടിശ്ശിക ബില്ലുകൾ വേഗത്തിൽ തീർപ്പാക്കാൻ ശ്രമിക്കണമെന്നും പഴയ പ്രവൃത്തികൾ തീർപ്പാക്കാതെ പുതിയവയിലേയ്ക്ക് പോകുന്നത് അപകടകരമാണെന്നും ബിൽ സമർപ്പിക്കുമ്പോൾ കുടിശ്ശിക തുക നൽകാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ച സാഹചര്യത്തിൽ ബിൽ കൃത്യമായി അപ്ഡേറ്റ് ചെയ്യുകയാണെങ്കിൽ അടുത്ത സാമ്പത്തിക വർഷം തുക ലഭിക്കുമെന്നും അഭിപ്രായപ്പെട്ട സമിതി, വകുപ്പ് കൃത്യമായി പ്രവൃത്തികൾ അപ്ഡേറ്റ് ചെയ്യാത്തതുകൊണ്ടുള്ള പ്രശ്നമാണിതെന്നും മുൻ സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശികകളെല്ലാം തീർപ്പാക്കേണ്ട ചുമതല ബന്ധപ്പെട്ട വകുപ്പിനാണെന്നും അത്തരത്തിൽ ചെയ്താൽ മാത്രമേ ഭാവിയിൽ വകുപ്പിന് ഗുണം ലഭിക്കുകയുള്ളൂവെന്നും വിലയിരുത്തി. ധനകാര്യ വകുപ്പിൽ സമർപ്പിക്കപ്പെടുന്ന ബില്ലുകൾക്ക് സാധാരണയുണ്ടാകുന്ന നാല് മാസത്തെ കാലതാമസം എല്ലാ വകുപ്പിലുമുണ്ടാകുന്ന കാലതാമസമാണെന്നും പരമാവധി ഭരണാനുമതി കാലാവധിക്കുള്ളിൽ അപ്ഡേഷനാക്കിയാൽ മാത്രമേ ഇതുകൊണ്ട് പ്രയോജനം ലഭിക്കുകയും അതുവഴി ധനകാര്യ വകുപ്പിൽ നിന്ന് ഭാവിയിൽ കൂടുതൽ തുക അനുവദിക്കപ്പെടുകയും ചെയ്യുകയുള്ളൂവെന്നതിനാൽ ബില്ലുകളുടെ അപ്ഡേഷൻ വകുപ്പ് കുറച്ചുകൂടി ഗൗരവമായെടുക്കണമെന്നും കരാറുകളുടെ കാലാവധിയും തീയതിയും പരിശോധിച്ച് കൃത്യമായി മോണിറ്റർ ചെയ്യേണ്ടതുണ്ടെന്നും വകുപ്പിന്റെ പ്രവർത്തനക്ഷമതയുടെ പശ്ചാത്തലത്തിലാണ് ബഡ്ജറ്റിൽ തുക അനുവദിക്കുന്നത് എന്നതിനാൽ മൂന്ന് വർഷത്തെ ഭരണാനുമതിയുള്ള പ്രവൃത്തിക്ക് മൂന്ന് വർഷംകൊണ്ട് തന്നെ തുക കൊടുക്കാൻ സർക്കാർ ബാധ്യസ്ഥമായതിനാൽ അത് ലഭിക്കുമെന്നും സമിതി കൂട്ടിച്ചേർത്തു.

തുടർന്ന് വാട്ടർ അതോറിറ്റിയുടെ റൂറൽ വാട്ടർ സപ്ലൈ ഹെഡിൽ കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത ശീർഷകത്തിൽ ധാരാളം കുടിശ്ശിക ബില്ലുകളുണ്ടെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു. 2020 ജൂലൈ മുതലുള്ള ബില്ലുകളാണ് കുടിശ്ശികയായുള്ളതെന്നും കുടിശ്ശിക ബില്ലുകൾ കൂടുതലുള്ള ശീർഷകങ്ങളിൽ ഏറ്റവും പഴക്കമുള്ള ബില്ലുകൾ ആദ്യം തീർപ്പാക്കുന്ന രീതിയിലേയ്ക്ക് മാറ്റുന്നതിനായി റീ-അപ്രോപ്രിയേഷൻ മുഖേന പ്രൊപ്പോസൽ കൊടുത്തുവെന്നും സ്വീവറേജ് ശീർഷകത്തിൽ കഴിഞ്ഞ മാർച്ച് വരെയുള്ള ബില്ലുകൾ തീർപ്പാക്കിയെങ്കിലും 2020-ലെ കുറേ ബില്ലുകൾ ഇപ്പോഴും തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ടെന്നും ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തതിനുശേഷം റീ-അപ്രോപ്രിയേഷനു വേണ്ടിയുള്ള പ്രൊപ്പോസൽ കൊടുക്കുകയും അത് ലഭ്യമായാൽ കുടിശ്ശിക തീർപ്പാക്കാൻ സാധിക്കുന്നതാണെന്നും ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി കൂട്ടിച്ചേർത്തു.

കുടിശ്ശിക ബില്ലുകൾ കൂടുതലുള്ള ശീർഷകങ്ങളെ സംബന്ധിച്ച് സമിതി ആരാഞ്ഞു. Renovation of civil structures, PRW എന്നീ ശീർഷകങ്ങളിൽ ഉള്ള 10 കോടി രൂപയുടെ അലോക്കേഷനിൽ 12 കോടി രൂപയുടെ ബില്ലുകളുണ്ടെന്നും വളരെ കാലമായി കുടിശ്ശിക ഇനത്തിലുള്ള ബില്ലുകൾ തീയതി ക്രമത്തിലും മാസക്രമത്തിലും ശീർഷകാടിസ്ഥാനത്തിലും ഇനം തിരിച്ച് കൊടുത്തിട്ടുണ്ടെന്നും ആയത് ലഭിച്ചാൽ ഈ വർഷത്തെ മുഴുവൻ അലോക്കേഷന്റെ 95 ശതമാനം പഴയ ബില്ലുകളും തീർപ്പാക്കാൻ സാധിക്കുമെന്നും ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

ബിൽ കുടിശ്ശികയായതിനാൽ കരാറുകാർ പുതുതായി പ്രവൃത്തി ഏറ്റെടുക്കുന്നില്ലായെന്നും സ്റ്റേറ്റ് പ്ലാനിലെ കരാറിലേർപ്പെട്ട 139 പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലായെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. തുടർന്ന് 2020 മുതലുള്ള സ്റ്റേറ്റ് പ്ലാനിലുൾപ്പെട്ട പ്രവൃത്തികൾ കുടിശ്ശികയായുണ്ടെന്നും 2020-നു മുകളിലുള്ളവയ്ക്ക് സാധുതയുടെ പ്രശ്നമുണ്ടെന്നും മൂന്ന് വർഷം കഴിഞ്ഞാൽ പ്രവൃത്തികളുടെ ഭരണാനുമതിക്കുള്ള സാധുത നഷ്ടപ്പെടുന്നതുകാരണം ആ ശീർഷകത്തിൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാൻ സാധിക്കില്ലായെന്നും പുതുതായി ഭരണാനുമതി നേടിയാൽ മാത്രമേ പ്രവൃത്തി ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂവെന്നും എൻ. ആർ.ഡി.ഡബ്ല്യു.പി.-ൽ ഉണ്ടായിരുന്ന ഇത്തരം പ്രോജക്ടുകളാണ്

ജൽജീവൻ മിഷനിലേയ്ക്ക് മാറ്റിയതെന്നും സ്റ്റേറ്റ് പ്ലാൻ പ്രവൃത്തികൾക്കുള്ള ഫണ്ട് കൃത്യസമയത്ത് കൊടുക്കാത്തതുകാരണം കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്ത 139 ചെറിയ പ്രോജക്ടുകളാണ് മേൽസൂചിപ്പിച്ച കുടിശ്ശിക ഇനത്തിലുള്ളതെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി കൂട്ടിച്ചേർത്തു.

അടിസ്ഥാന സൗകര്യങ്ങൾ വളരെ പഴക്കമുള്ളതാണെന്നും ലീക്കേജ് നേരെയാക്കുന്ന പ്രവൃത്തിയ്ക്കായി സ്റ്റേറ്റ് പ്ലാനിലെ ഫണ്ട് മാത്രമാണുള്ളതെന്നും മറ്റ് ഫണ്ടുകളെല്ലാം പുതിയ പദ്ധതികൾക്കുവേണ്ടിയാണ് ഉപയോഗിക്കുന്നതെന്നും മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു. 2020-ൽ ജൽജീവൻ മിഷൻ പദ്ധതി നിലവിൽ വന്നതിനുശേഷം കൃത്യമായി ഫണ്ട് റിലീസ് ചെയ്യാൻ കഴിയുന്നുണ്ടെന്നും പ്രവൃത്തി കൃത്യമായി ചെയ്തുകഴിഞ്ഞാൽ കുടിശ്ശിക ബില്ലുകൾ വരുന്നില്ലായെന്നും ഹെഡ്ക്വാർട്ടേഴ്സിൽ വരുന്ന ബില്ലുകൾ ഒരു ദിവസം കൊണ്ട് തന്നെ തീർപ്പാക്കാൻ കഴിയുമെന്നും ബഡ്ജറ്റിൽ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി അലോക്കേഷൻ വരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ ക്ഷണിക്കുമെന്നും സ്റ്റേറ്റ് പ്ലാനിലുള്ള പ്രവൃത്തിയേക്കാൾ ജൽജീവൻ മിഷനിലുള്ള വർക്ക് ക്വാട്ട് ചെയ്താൽ അതിന് പെട്ടെന്ന് ബിൽ ലഭിക്കുമെന്നതിനാലും സ്റ്റേറ്റ് പ്ലാനിലുള്ള പ്രവൃത്തികളുടെ ബില്ലുകൾ മൂന്നുനാല് വർഷങ്ങൾക്ക് ശേഷമേ റിലീസ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നതിനാലും സ്റ്റേറ്റ് പ്ലാനിലെ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ താൽപ്പര്യം കാണിക്കാറില്ലായെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ബോധിപ്പിച്ചു.

തുടർന്ന് ബജറ്റിൽ തുക വകയിരുത്തിയിരിക്കുന്ന സാഹചര്യങ്ങളിൽ ബില്ലുകൾ കൊടുത്തുതീർക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസ് ചെലവുകൾ വരുമാനത്തിൽ നിന്നാണ് വഹിക്കുന്നത് എന്നതിനാൽ വരുമാനക്കുറവുമൂലം 130 ബില്ലുകൾ കൊടുത്തു തീർക്കാനുണ്ടായിരുന്നുവെന്നും കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നാല്, അഞ്ച് മാസം കൊണ്ട് പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും ചെറിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ കാണിച്ചിരുന്ന വിമുഖത ഇപ്പോൾ മാറി വരുന്നുണ്ടെന്നും ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി മറുപടി നൽകി. പ്രവൃത്തികൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാൻ സാധിക്കാത്തതിനാൽ ജലസേചന വകുപ്പിന് വലിയൊരു സാമ്പത്തിക ബാദ്ധ്യത സംജാതമായിട്ടുണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷം 10 പ്രോജക്ടുകൾക്കായി 14.81 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് അനുവദിച്ച തുക പൂർണ്ണമായും കനാൽ വൃത്തിയാക്കൽ പ്രവൃത്തികൾക്കായി ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തുവെന്നും നോൺ-പ്ലാൻ ശീർഷകത്തിൽ

അധികമായി തുക വകയിരുത്തേണ്ടത് വളരെ അത്യാവശ്യമാണെന്ന് ചീഫ് എഞ്ചിനീയർ, പ്രോജക്ട് -1, കോഴിക്കോട് കൂട്ടിച്ചേർത്തു. തുടർന്ന് കനാൽ വൃത്തിയാക്കൽ പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ തുക അധികമായി ആവശ്യം വരുന്നത് സംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കണമെന്ന് സമിതി വിലയിരുത്തി.

ഖണ്ഡിക 82-ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർവ്വഹിച്ച പ്രവൃത്തികളുടെ ബില്ലുകൾ ഇപ്പോൾ തീർപ്പാക്കുന്നതേയുള്ളൂ എന്നത് ആറ് മാസത്തിനുള്ളിൽ അവലോകനം നടത്തണമെന്നും ആവശ്യമെങ്കിൽ ഇതിനായി പ്രത്യേകമായി സമിതിയുടെ യോഗം ചേരാവുന്നതാണെന്നും ജലവിഭവ വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ഇക്കാര്യം ബാധകമാണെന്നും ചൂണ്ടിക്കാട്ടിയ സമിതി, കരാറിന്റെ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതുമൂലമാണ് ബില്ലുകൾ കുടിശ്ശികയായി വരുന്നത് എന്നതിനാൽ തനത് വർഷം ലഭിക്കേണ്ട തുക ലഭിക്കാത്ത സ്ഥിതിയുണ്ടാകുകയും അതുമൂലം പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നുവെന്നും കരാറുകാർ നിയമാനുസൃതം പ്രവൃത്തി നിർവ്വഹിക്കാൻ തയ്യാറായില്ലെങ്കിൽ ടെർമിനേറ്റ് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ പരിശോധന നടത്തേണ്ടിവരുമെന്നും പ്രസ്തുത വിഷയത്തെ ഗൗരവമായി സമീപിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് യഥാസമയം പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്ത കരാറുകാരെ ടെർമിനേറ്റ് ചെയ്താൽ അവർ കോടതിയിൽ പോകുന്ന സ്ഥിതിവിശേഷമുണ്ടെന്നും ടെർമിനേറ്റ് ചെയ്യപ്പെടുന്ന കരാറുകാരന് അഞ്ചുവർഷം വരെ ടെൻഡറിൽ പങ്കെടുക്കാൻ സാധിക്കാത്തവിധം പി.ഡബ്ല്യൂ.ഡി. മാന്വലിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും ചീഫ് എഞ്ചിനീയർ, പ്രോജക്ട് -1, കോഴിക്കോട് സമിതിയെ ധരിപ്പിച്ചു. തുടർന്ന് ഓരോ സാമ്പത്തിക വർഷവും ഓരോ ശീർഷകങ്ങളിലും അനുവദിക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കാൻ വകുപ്പുകൾക്ക് സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമാകുന്നതിനുള്ള കാരണം, കരാറിന്റെ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതുമൂലം ബില്ല് കുടിശ്ശികകൾ തീർപ്പാക്കാൻ സാധിക്കാത്തത് എന്നിവ പരിശോധിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും വകുപ്പ് തലത്തിൽ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകണമെന്നും ഓരോ സാമ്പത്തിക വർഷവും വിവിധ ശീർഷകങ്ങളിൽ അനുവദിക്കുന്ന തുകയുടെ വിനിയോഗവും സമിതി

ശിപാർശപ്രകാരമുള്ള അധിക തുക അനുവദിച്ചുകിട്ടുന്നതിനു വകുപ്പിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കേണ്ട നടപടികളും ആയതിലേയ്ക്കായി പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന്റെ ആവശ്യകതയും സംബന്ധിച്ച് ആവശ്യമെങ്കിൽ നിയമസഭാ സമ്മേളനത്തിനുശേഷം സമിതി പ്രത്യേകമായി യോഗം ചേർന്ന് ജലവിഭവ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്താവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് സമിതി നൽകിയിട്ടുള്ള ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള അധിക തുക അനുവദിച്ചു കിട്ടുന്നതിന് വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചും സമിതി വിലയിരുത്തി.

ചെർപ്പുളശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിയ്ക്കുവേണ്ട ജലം സംഭരിക്കുന്നത് തൂതപ്പുഴയിൽ നിന്നാണെന്നും ഇതിന്റെ ഭാഗമായി തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഐ.ഡി.ആർ.ബി.-ക്ക് (ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ്) റിപ്പോർട്ട് സമർപ്പിച്ചെങ്കിലും ഐ.ഡി.ആർ.ബി. മുമ്പാകെ ഇതു സംബന്ധിച്ച നടപടി അനിശ്ചിതത്വത്തിലാണെന്നും ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ 2024-ഓടെ അവസാനിക്കുന്ന സാഹചര്യത്തിൽ തടയണ നിർമ്മാണം പൂർത്തീകരിച്ച് ജലവിതരണം സാദ്ധ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് ഇത് സംബന്ധിച്ച നടപടി വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്ന് ചീഫ് എഞ്ചിനീയർ, പ്രോജക്ട് -1, കോഴിക്കോട് സമിതിയെ അറിയിച്ചു.

പെരുവണ്ണാമൂഴി കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുവാൻ ഡി.പി.ആർ. തയ്യാറാക്കുകയും അതിനായി പ്ലാൻ ഫണ്ടിൽ 22 കോടി രൂപ ചെലവ് പ്രതീക്ഷിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്കായി ടി തുകയുടെ 20 ശതമാനമെങ്കിലും ബഡ്ജറ്റിൽ വകയിരുത്തിയാൽ മാത്രമേ ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്നും വാട്ടർ അതോറിറ്റിയുടെ ശീർഷകത്തിലാണ് പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സമിതിയെ ധരിപ്പിച്ചു.

അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ പ്രവൃത്തികൾക്കുള്ള കുടിശ്ശിക തുകയായ 2.3 കോടി രൂപയും പെരുവണ്ണാമൂഴി കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 10 കോടി രൂപയും ചേർത്ത് 12.3 കോടി രൂപ അധികമായി

ആവശ്യമുണ്ടെന്നും നിലവിൽ പ്ലാൻ ഫണ്ടിൽ അലോക്കേഷൻ കുറവാണെന്നും പെരുവണ്ണാമൂഴി യൂണിറ്റ് സ്ഥാപിക്കുന്നതിനാദ്യമായാണ് തുക ആവശ്യപ്പെട്ടതെങ്കിലും ലഭിച്ചിട്ടില്ലായെന്നും നടപ്പ് സാമ്പത്തിക വർഷം വാട്ടർ അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ അലോക്കേഷനില്ലാത്തതുകൊണ്ട് പെരുവണ്ണാമൂഴി യൂണിറ്റ് ആരംഭിക്കാൻ സാധിക്കില്ലാ യെന്നും പെരുവണ്ണാമൂഴി യൂണിറ്റിന് പ്രത്യേക ഭരണാനുമതി കിട്ടിയാൽ മാത്രമേ വാട്ടർ അതോറിറ്റിക്ക് സാങ്കേതികാനുമതി കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നും ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറ്റി കൂട്ടിച്ചേർത്തു.

തുടർന്ന് പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും പെരുവണ്ണാമൂഴി കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ഈ വർഷം തന്നെ ആരംഭിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

## II. കരട് റിപ്പോർട്ട് പരിഗണന

### 1. 2022-23-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 11724/സബ്.സി.എ 1/2022/നി.സെ.)

2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടി ന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിച്ച സമിതി, ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അധിക തുക അനുവദിച്ചില്ലെങ്കിലും നിലവിലുള്ള വിഹിതം ഉപയോഗിച്ച് എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചുവെന്നും അതിനായി എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുത്താത്ത ശീർഷകങ്ങളിൽ പ്രസ്തുത വിവരങ്ങളും സമിതി നിർദ്ദേശിച്ച ഭേദഗതികളും കൂടി ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ ആയത് അംഗീകരിച്ചു.

### 2. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 7870/സബ്.സി.എ 1/2023/നി.സെ.)

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 3.50-ന് യോഗം അവസാനിച്ചു.

## 4. 10-1-2024-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2024 ജനവരി മാസം 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സമിതിയംഗം ശ്രീ. പി. മമ്മിക്കുട്ടി എം.എൽ. എ-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1) ശ്രീ. കെ. പി. എ. മജീദ്, എം.എൽ.എ.
2) ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.
3) ശ്രീ. എച്ച്. സലാം, എം.എൽ.എ.
4) ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം</u> :

ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1) ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2) ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1) ശ്രീ. അശോക് കുമാർ സിംഗ്, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവം, കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻ-ലാൻഡ് നാവിഗേഷൻ വകുപ്പ്
2) ശ്രീമതി ഫെലീന തോമസ് വി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3) ശ്രീമതി ഷീജ കെ., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
4) ശ്രീ. പ്രിയേഷ് ആർ., ചീഫ് എഞ്ചിനീയർ (എഫ്.എ.സി.), ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
5) ശ്രീ. എം. ശിവദാസൻ, ചീഫ് എഞ്ചിനീയർ (പ്രോജക്ട് -I, കോഴിക്കോട്), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
6) ശ്രീ. സേതുകുമാർ എസ്., ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി. & ജനറൽ), കേരള വാട്ടർ അതോറിറ്റി

7) ശ്രീമതി സീത തങ്കമണി വി., ജോയിന്റ് ഡയറക്ടർ (കനാൽസ്), ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)

8) ശ്രീമതി സിന്ധു ആർ., ജോയിന്റ് ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)

9) ശ്രീമതി ഷെറിൻ മേരി സാം, ജോയിന്റ് ഡയറക്ടർ, ഐ.ഡബ്ല്യൂ. ആർ. ഡിവിഷൻ, പാലക്കാട്

10) ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

11) ശ്രീ. സാബു ജോൺ, സീനിയർ ഫിനാൻസ് ഓഫീസർ ( പ്രോജക്ട് -II), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

12) ശ്രീ. ഷിജിത്ത് വി., ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി

13) ശ്രീ. എൽദോ കെ. സി., ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)

14) ശ്രീ. കൃഷ്ണകുമാർ എസ്., അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി

ബഹു. സ്പീക്കറുടെ ഉത്തരവിന്മേലുള്ള കരട് ചട്ടങ്ങളുടെ പരിശോധന, എസ്.ആർ.ഒ. സാധൂകരണം, സമിതിയുടെ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I. ബഹു. സ്പീക്കറുടെ ഉത്തരവിന്മേലുള്ള കരട് ചട്ടങ്ങളുടെ പരിശോധന, എസ്. ആർ. ഒ. സാധൂകരണം എന്നിവ സംബന്ധിച്ച്

### 1. കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്ടിന് അനുസൃതമായിട്ടുള്ള കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ്, 2023 (SRO No. 156/2023 തീയതി 27-1-2023) – സാധൂകരണം സംബന്ധിച്ച്.

(ഫയൽ നം. 3657/സബ്.സി.എ 1/2023/നി.സെ.)

കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്ടിന് അനുസൃതമായിട്ടുള്ള കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സർവ്വീസ് റൂൾസ്, 2023-ന്റെ പരിഗണനാ വേളയിൽ

പ്രസ്തുത റൂൾസ് സൂക്ഷ്മപരിശോധനയ്ക്കായി നിയമ വകുപ്പിന് ലഭിച്ചിട്ടില്ല എന്നുള്ള വിവരം നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് പ്രസ്തുത റൂൾസിന്റെ കരട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും പി.എസ്.സി അത് വെറ്റ് ചെയ്ത് നൽകുകയും ചെയ്തിരുന്നുവെന്നും പ്രസ്തുത കരട് റൂളിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയിലെ ഇലക്ട്രിക്കൽ ഓവർസീയർ ഗ്രേഡ്-I ആയ ശ്രീ. പ്രബോദ് ചന്ദ്രൻ എന്നയാളെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് ടിയാനും മറ്റൊരാളും ഹൈക്കോടതിയിൽ 9844/2021 നമ്പറായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിന്മേലുള്ള വിധിന്യായത്തിൽ ടെക്നിക്കൽ സർവ്വീസ് റൂൾ അന്തിമമാക്കണമെന്ന് വിധി വരുകയും ചെയ്തപ്പോൾ പ്രസ്തുത വിധി നടപ്പിലാക്കാത്തതിന് ടി വ്യക്തി കോടതിയലക്ഷ്യം ഫയൽ ചെയ്തതിനെത്തുടർന്നാണ് ടെക്നിക്കൽ സർവ്വീസ് റൂൾ ആറ് മാസത്തിനകം അന്തിമമാക്കണമെന്ന് വിധി പുറപ്പെടുവിച്ചതെന്നും അതിൻപ്രകാരമാണ് പി.എസ്.സി. വെറ്റ് ചെയ്ത റൂൾ 27-1-2023-ന് പുതിയ ടെക്നിക്കൽ സർവ്വീസ് റൂൾസായി ഗവൺമെന്റ് അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തതെന്നും 1966-ലെ റൂൾ പുതുക്കി പി.എസ്.സി- യുടെ അംഗീകാരത്തോട് കൂടി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്തതെന്നും പൊതുമേഖലാ സ്ഥാപനത്തിന് അങ്ങനെ ചെയ്യാമെന്നുള്ള ഒരു സർക്കുലർ ഉണ്ടെന്നും അതിൻ പ്രകാരമാണ് ഗവൺമെന്റ് റൂൾ പുറപ്പെടുവിച്ചതെന്നും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി. & ജനറൽ), കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

പുതിയ നിയമം പ്രാവർത്തികമാക്കുമ്പോൾ നിലവിലുള്ള ജീവനക്കാർക്ക് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടോ എന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞു. പ്രസ്തുത റൂൾ പ്രാവർത്തികമാകുമ്പോൾ നിലവിലുള്ള ജീവനക്കാർക്ക് സൂപ്പർന്യൂമററിയായി പോകാൻ കഴിയുമെന്നതിനാൽ ജീവനക്കാരെ ഇത് ബാധിക്കുന്നില്ലായെന്നും പുതിയതായി നിലവിൽവന്ന ഇലക്ട്രിക്കൽ എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തുടങ്ങിയ ടെക്നിക്കൽ പോസ്റ്റുകൾക്കും റൂൾ ആയിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി. & ജനറൽ), കേരള വാട്ടർ അതോറിറ്റി മറുപടി നൽകി.

ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന എസ്.ആർ.ഒ.-ക്ക് ഒരു ഭേദഗതി കൂടി വന്നിട്ടുണ്ടെന്നും എന്നാൽ അത് സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയിട്ടില്ലായെന്നുള്ളത് സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ മുമ്പ് ചീഫ് എഞ്ചിനീയറുടെയും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെയും പോസ്റ്റിംഗ് ഗവൺമെന്റാണ് നടത്തിയിരുന്നതെന്നും എന്നാൽ ടെക്നിക്കൽ സർവ്വീസ് റൂൾ നിലവിൽ വന്നതിന് ശേഷം അപ്പോയിന്റിംഗ് അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്നാക്കി മാറ്റിയത് മേൽ സൂചിപ്പിച്ച ഭേദഗതി മുഖേന വീണ്ടും ഗവൺമെന്റ് എന്നാക്കി മാറ്റിയിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി. & ജനറൽ), കേരള വാട്ടർ അതോറിറ്റി സമിതിയെ ബോധിപ്പിച്ചു.

**സമിതിയുടെ മുൻകൂർ അനുമതി കൂടാതെ എസ്.ആർ.ഒ. നം.156/2023 പുറപ്പെടുവിച്ച നടപടി സമിതി സാധൂകരിച്ചു.**

**2. ബഹു. സ്പീക്കറുടെ 12-6-2019-ലെ റൂളിംഗ്- ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണം സംബന്ധിച്ച കരട് ചട്ട രൂപീകരണത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ വിശദീകരണം**

(ഫയൽ നം.3355/സബ്.സി.എ 1/2019/നി.സെ.)

ഫാർമേഴ്സ് അസോസിയേഷനുകളുടെ അപെക്സ് ബോഡി എന്ന നിലയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കാനുള്ള കാരണം, സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ചട്ട രൂപീകരണം ആവശ്യമില്ലായെന്നത് ഗവൺമെന്റ് തലത്തിലെടുത്ത തീരുമാനമാണെന്ന് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

**പ്രസ്തുത വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ (സമിതി ചെയർമാൻ) സാന്നിദ്ധ്യത്തിൽ വീണ്ടും പരിഗണിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിച്ചു.**

**3. കേരള വാട്ടർ അതോറിറ്റി നൽകുന്ന പ്ലംബിംഗ് ലൈസൻസിനുള്ള യോഗ്യതകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ) അമെന്റ്മെന്റ് റെഗുലേഷൻസ്, 2019-KWA/HO/TRG/PLQ/726/2017-ാം നമ്പർ അന്തിമ വിജ്ഞാപനത്തിലെ ന്യൂനതകൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച്**

(ഫയൽ നം. 1097/സബ്.സി.എ.1/2019/നി.സെ.)

ലൈസൻസ്ഡ് പ്ലംബ്ലർമാരുടെ യോഗ്യത ഡിപ്ലോമ ഇൻ സിവിൽ എഞ്ചിനീയറിംഗോ, ഐ.ടി.ഐ. സർട്ടിഫിക്കറ്റ് ഇൻ പ്ലംബിംഗോ ആണ് എന്നിരിക്കെ എൻ.സി.വി.റ്റി യുടെയോ അല്ലെങ്കിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ ഒരു വർഷത്തെ കോഴ്സും ഇതിന് തത്തുല്യമാണ് എന്നും അങ്ങനെയുള്ളവരെയും പ്ലംബിംഗ് ലൈസൻസിനുവേണ്ടി അപ്ലൈ ചെയ്യിക്കണമെന്നും 2010-ലെ കത്ത് പ്രകാരം വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചിരുന്നു. തുടർന്ന് 28-9-2019-ൽ സർക്കാർ വാട്ടർ അതോറിറ്റിക്ക് നൽകിയ ഒരു ഉത്തരവനുസരിച്ച് വാട്ടർ അതോറിറ്റി തന്നെ അത് ഭേദഗതി വരുത്തി പ്രസിദ്ധീകരിച്ചപ്പോൾ അതിൽ പ്രസ്തുത തിരുത്തലുകൾ വരുത്തിയിട്ടുണ്ടായി രുന്നുവെന്നും അപ്രകാരം അന്തിമ റെഗുലേഷനിൽ "The Kerala Water Authority (Water Supply) (Amendment) Regulations, 2019” എന്നും or a certificate issed by the National Council for Vocational Traintіng (NCVT) or Industrial Training

Department, Government of Kerala on successful completion of certificate course in Plumbing or Sanitary Engineering (one year duration)... എന്നുമാണ് പറഞ്ഞിട്ടുള്ളതെന്നും കൂടാതെ വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും പ്ലംബിംഗിലോ സാനിട്ടറി എഞ്ചിനീയറിംഗിലോ ഉള്ള സർട്ടിഫിക്കറ്റെന്നാണ് പറഞ്ഞിട്ടുള്ളതെന്നും അല്ലാതെ പ്ലംബിംഗും സാനിട്ടറി എഞ്ചിനീയറിംഗും എന്നല്ല എന്നതിനാൽ or എന്നതുതന്നെയാണ് ശരി എന്നും പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് സർക്കാരിന് കത്ത് നൽകിയിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി. & ജനറൽ),കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

പ്രസ്തുത വിവരം സമിതിയെ അറിയിക്കേണ്ടതല്ലേയെന്നും ഇതു സംബന്ധിച്ച് നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും യാതൊരു മറുപടിയും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനു കാരണം സമിതി ആരാഞ്ഞപ്പോൾ ഇതു സംബന്ധിച്ച് കത്ത് 23-12-2023-ന് സർക്കാരിന് കൊടുത്തിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി. & ജനറൽ), കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു. എന്നാൽ പ്രസ്തുത മറുപടി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടില്ലായെന്ന് അറിയിച്ചപ്പോൾ പ്രസ്തുത മറുപടിയുടെ പകർപ്പ് സമിതിക്ക് കൈമാറുകയും ആയത് പരിശോധിക്കുകയും വകുപ്പ് നൽകിയ വിശദീകരണം അംഗീകരിക്കുകയും ചെയ്തു.

**4. സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധന കൂടാതെ വിജ്ഞാപനം ചെയ്യപ്പെട്ട ചട്ടങ്ങൾ സമിതിയുടെ സാധൂകരണത്തിന് ലഭ്യമാക്കാത്തത് സമിതിയുടെ <u>ശ്രദ്ധയിൽപ്പെടുത്തുന്നത് സംബന്ധിച്ച്</u>.**

(ഫയൽ നം.3355/സബ്.സി.എ 1/2019/നി.സെ.)

സമിതിയുടെ മുൻകൂർ അനുമതിയില്ലാതെ ചട്ടങ്ങൾ പുറപ്പെടുവിച്ചാൽ ഒരു മാസത്തിനകം ആയത് സമിതിയുടെ സാധൂകരണത്തിന് സമർപ്പിക്കേണ്ടതാണെന്നും അപ്രകാരം ലഭ്യമാക്കിയില്ലായെങ്കിൽ കാലതാമസ പത്രിക സഹിതം ചട്ടങ്ങൾ സമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണെന്നും എന്നാൽ ജലവിഭവ വകുപ്പിന്റെ പല സെക്ഷനുകളിൽ നിന്നും പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ സമിതിയുടെ സാധൂകരണത്തിന് ലഭ്യമാക്കാറില്ലായെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് സമിതിയുടെ മുൻകൂർ അനുമതിയില്ലാതെ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിൽ സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി ലഭ്യമാക്കാത്ത എത്ര ചട്ടങ്ങൾ ഇപ്പോൾ ജലവിഭവ വകുപ്പിനുകീഴിലുണ്ടെന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞു. മൈനർ ഇറിഗേഷനുകീഴിൽ നിലവിൽ സാധൂകരണത്തിന് ലഭ്യമാക്കാത്ത രണ്ടു ചട്ടങ്ങളുണ്ടെന്നും, കാലതാമസപ്പത്രിക സഹിതം ആയത് എത്രയും വേഗം സമിതിക്ക് സമർപ്പിക്കുന്നതാണെന്നും ശേഷിക്കുന്നവ പരിശോധിച്ചുവരികയാണെന്നും ജലവിഭവ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയം വളരെ ഗൗരവമുള്ളയായതിനാൽ ബഹു മാനപ്പെട്ട മന്ത്രി (സമിതി ചെയർമാൻ)-യുടെ സാന്നിദ്ധ്യത്തിൽ വീണ്ടും ചർച്ച ചെയ്യാമെന്ന് തീരുമാനിച്ച സമിതി, ചട്ടങ്ങൾ പുറപ്പെടുവിച്ച ശേഷം അനുബന്ധരേഖകൾ സഹിതം സമിതിയുടെ സാധൂകരണത്തിന് ലഭ്യമാക്കാത്ത എത്ര കേസുകൾ ജലവിഭവ വകുപ്പിന് കീഴിൽ കുടിശ്ശികയായുണ്ട് എന്നതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിച്ചു.

## II. നടപടി പത്രികകളുടെ പരിഗണന

### 5. 16-2-2018-ലെ സമിതിയോഗ നിർദ്ദേശത്തിന്മേൽ 12-1-2022-ലെ സമിതിയോഗ നിർദ്ദേശപ്രകാരം ജലവിഭവ വകുപ്പ് ലഭ്യമാക്കിയ പുതുക്കിയ നടപടി റിപ്പോർട്ട്

(ഫയൽ നം. 523/സബ്.സി.എ 1/2019/നി.സെ.)

പ്രസ്തുത നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി, സമിതിയുടെ ശിപാർശ പ്രകാരമുള്ള കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള നിരവധി പ്രൊപ്പോസലുകൾ സർക്കാരിൽ സമർപ്പിച്ചിരുന്നുവെന്നും, ബി.പി.എൽ. ഉപഭോക്താക്കൾക്ക് നിലവിലുള്ള ഇളവായ 15000 ലിറ്റർ വരെയുള്ള പ്രതിമാസ ഉപയോഗത്തിന് നൽകിവരുന്ന സൗജന്യം നിലനിർത്തിക്കൊണ്ട് എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ചുവെന്നും ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി സമിതിയെ ധരിപ്പിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

### 6. 19-7-2017-ലെ സമിതിയോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

(ഫയൽ നം. 4660/സബ്.സി.എ 1/2017/നി.സെ.)

പ്രസ്തുത നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ അട്ടപ്പാടി ജലസേചന പദ്ധതിയ്ക്കായി 500 കോടി രൂപയുടെ ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുത്ത 295 ഹെക്ടറോളം സ്ഥലം പല ഭാഗങ്ങളിലായി കയ്യേറിയിട്ടുണ്ടെന്നും അതിൽ ഭൂമി കയ്യേറിയ പത്തോളം പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ പദ്ധതികൾ നടപ്പാക്കിയെങ്കിലും ചില കുടുംബങ്ങൾ വീണ്ടും അവിടെത്തന്നെ താമസിക്കുകയാണെന്നും റവന്യൂ ഭൂമിയും വനഭൂമിയും കൂടിച്ചേർന്ന സ്ഥലമായതിനാൽ സർവ്വേ നടത്തി അതിര് നിശ്ചയിക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലാ കളക്ടറുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ റവന്യൂ, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ

എഞ്ചിനീയർമാരടങ്ങുന്ന ഒരു സമിതി രൂപീകരിച്ച് പ്രസ്തുത സ്ഥലം സർവ്വേ ചെയ്യുന്നതിനുവേണ്ട നടപടി പുരോഗമിക്കുകയാണെന്നും വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ കാര്യത്തിൽ വനം വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സമിതി രൂപീകരിക്കാൻ നടപടിയായിട്ടുണ്ടെന്നും പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ചാൽ മാത്രമേ എത്രത്തോളം ആളുകൾ ഭൂമി കയ്യേറിയിട്ടുണ്ടെന്നത് മനസ്സിലാക്കി അവരെ അവിടെനിന്നും ഒഴിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്നും അതിനായി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയാൽ മാത്രമേ സർവ്വേ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് -I, കോഴിക്കോട് സമിതിയെ ധരിപ്പിച്ചു.

പ്രസ്തുത വിഷയം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് എത്രയും പെട്ടെന്ന് ഒരു കമ്മിറ്റി രൂപീകരിക്കാമെന്നും അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കാമെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ടെന്ന് ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

തുടർന്ന്, പ്രസ്തുത കമ്മിറ്റിയിൽ ജലവിഭവം, വനം, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുണ്ടാകണമെന്നും അനധികൃത കയ്യേറ്റം ഏതെല്ലാം ഭാഗങ്ങളിൽ നിന്നാണുണ്ടായതെന്ന് കണ്ടെത്തുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനോടൊപ്പം ദുർബ്ബല ജനവിഭാഗമായ ആദിവാസികളെ സാമൂഹികപരമായി സംരക്ഷിക്കുവാനും പുനരധിവസിപ്പിക്കാനുമുള്ള സംവിധാനമുണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു.

പ്രസ്തുത വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണെന്നും, ജലവിഭവ വകുപ്പ് ഇതുമായി ബന്ധപ്പെട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട്-I (കോഴിക്കോട്) സമിതിയെ ധരിപ്പിച്ചു. കൂടാതെ, 1986-ൽ ഏറ്റെടുത്ത സ്ഥലത്തിൽ 14 ഹെക്ടർ വനഭൂമിയും 281 ഹെക്ടർ സ്വകാര്യ വ്യക്തിയുടേതുമാണെന്നും ഡാമിന് അനുമതി ലഭിക്കാത്തതുകൊണ്ട് പ്രസ്തുത സ്ഥലം വ്യാപിച്ച് കിടക്കുകയാണെന്നും അതിർത്തി കൃത്യമായി അറിയാത്തതുകൊണ്ട് എത്രത്തോളം സ്ഥലം കയ്യേറി എന്നുപോലും അറിയാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് -1, കോഴിക്കോട് സമിതിയെ ധരിപ്പിച്ചു.

ഭൂമി ഏറ്റെടുക്കുമ്പോൾ അതിർത്തി നിർണ്ണയിച്ച് ഫെൻസിംഗോ അനുബന്ധ മതിലുകളോ നിർമ്മിക്കുന്നതിനുള്ള ക്രമീകരണം കൂടി പ്രോജക്ടിൽ ഉൾപ്പെടുത്താത്തതാണ് കയ്യേറ്റമുണ്ടാകുന്നതിനുള്ള പ്രധാന കാരണമെന്നും നിലവിലുള്ള പ്രോജക്ടിലാണെങ്കിലും പുതിയ പ്രോജക്ടിലാണെങ്കിലും അത് പരിഹരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു. തുടർന്ന് സർവ്വെ നടത്തി വിപണി വില നിശ്ചയിക്കുകയും ആ വില നൽകി ഭൂമി ഏറ്റെടുക്കുകയും ചെയ്യുന്നത് റവന്യൂ വകുപ്പാണെന്നും 55 ഹെക്ടറോളം സ്ഥലത്ത് ഇപ്പോൾ അതിർത്തി നിർണ്ണയിച്ച് വേലികെട്ടുകയും ശേഷിക്കുന്ന ഭാഗത്തിന്റെ അതിർത്തി

കൃത്യമായി അറിയാത്തതുകൊണ്ട് ഫെൻസിംഗ് ചെയ്യാൻ സാധിക്കുന്നില്ലായെന്നും കൂടാതെ കോടിക്കണക്കിന് രൂപയുടെ പ്രോജക്ടിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ചെറിയ രീതിയിലുള്ള ഫെൻസിംഗ് നടത്തിയതുകൊണ്ട് മാത്രം കാര്യമില്ലായെന്നും ഫോറസ്റ്റ് അതിർത്തി നിർണ്ണയിക്കുന്നതുപോലെ ബൗണ്ടറി സ്റ്റോണുകൾ ഫിക്സ് ചെയ്താൽ മാത്രമേ പ്രയോജനമുള്ളൂവെന്നും സമർപ്പിച്ചിരിക്കുന്ന 500 കോടി രൂപയുടെ പ്രോജക്ടിന് അനുമതി ലഭ്യമാകുന്നതോടെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നും ചീഫ് എഞ്ചിനീയർ പ്രോജക്ട് 1, കോഴിക്കോട് സമിതിയെ അറിയിച്ചു.

തുടർന്ന്, വളരെ പ്രധാനപ്പെട്ട വിഷയമായതിനാൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യേണ്ടതുണ്ടെന്ന് വിലയിരുത്തിയ സമിതി എ.വി.ഐ.പി., കല്ലാർ തുടങ്ങിയ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിക്കുകയും ചെയ്തു.

### 7. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 17-5-2017-ലെ സമിതിയോഗ നിർദ്ദേശം (1)-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ

(ഫയൽ നം. 4252/സബ്.സി.എ 1/2017/നി.സെ.)

**2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശ ഖണ്ഡിക നമ്പർ 9-ന്മേൽ വകുപ്പ് ലഭ്യമാക്കിയ ചെലവ് വിവര കണക്ക് റിപ്പോർട്ട് പരിഗണിച്ച സമിതി, ആയത് അംഗീകരിച്ചു.**

2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശ ഖണ്ഡിക നമ്പർ 61-ന്മേൽ വകുപ്പ് ലഭ്യമാക്കിയ ചെലവ് വിവരക്കണക്ക് റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷനിൽ ആധുനിക രീതിയിലുള്ള മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് 2 കോടിയിലധികം രൂപയുടെ അധിക ധനാഭ്യർത്ഥനയ്ക്ക് അനുമതി നൽകിയെങ്കിലും തമിഴ്നാടിന്റെ അനുമതി ലഭിക്കാത്തതിനാൽ അധിക ധനാഭ്യർത്ഥനയ്ക്ക് ശിപാർശ നൽകിയിട്ടില്ലായെന്നും, കേരളവും തമിഴ്നാടും ഒരുമിച്ച് ഗേജ് ചെയ്യുന്ന പറമ്പിക്കുളം-ആളിയാർ പ്രേജക്ടുമായി ബന്ധപ്പെട്ട കൺട്രോൾ പോയിന്റുകളിലെ ലാബുകളും മറ്റ് സ്ട്രക്ച്ചറുകളും നിയന്ത്രിക്കുന്നത് തമിഴ്നാടായതിനാൽ അവരുടെ അനുമതിയില്ലാതെ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ കഴിയില്ലായെന്നതാണ് അതിനുകാരണമെന്നും കൂടാതെ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് യോഗങ്ങളിൽ ഇക്കാര്യം നിരന്തരം ആവശ്യപ്പെടാറുണ്ടെങ്കിലും ഇതുവരെ അനുകൂല മറുപടി ലഭിച്ചിട്ടില്ലായെന്നും ചീഫ് എഞ്ചിനീയർ (എഫ്.എ.സി.) ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ സമിതിയെ അറിയിച്ചു.

തുടർന്ന്, കോയമ്പത്തൂരിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള ശിരുവാണി പ്രോജക്ട് കേരളത്തിന്റെ നിയന്ത്രണത്തിലായതിനാൽ പ്രസ്തുത പ്രോജക്ടിൽ ചെറിയ നിയന്ത്രണങ്ങളേർപ്പെടുത്തി

മേൽ വിഷയം തമിഴ്നാടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അതോടൊപ്പം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പ്രസ്തുത വിഷയം കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ കൂടി നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് അന്തർ സംസ്ഥാന നദീജല വകുപ്പ് കൈകാര്യം ചെയ്യുന്നതെന്നും പലഘട്ടങ്ങളിലും ഈ വിഷയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും തമിഴ്നാട് അനുകൂല നിലപാട് സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ (എഫ്.എ.സി.) ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**8. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 23-3-2017-ലെ സമിതിയോഗ നിർദ്ദേശം - ശിപാർശ നം. (1)-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**

(ഫയൽ നം. 4237/സബ്.സി.എ 1/2017/നി.സെ.)

**ശിപാർശ നം.(1)**- ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ അട്ടപ്പാടി പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശയാണിതെന്നും പ്രസ്തുത വിഷയം അജണ്ടയിലെ 6-ാമത്തെ ഇനമായി ചർച്ച ചെയ്തിരുന്നതാണെന്നും ചീഫ് എഞ്ചിനീയർ (എഫ്.എ.സി.) ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാൻ സമിതി തീരുമാനിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**9. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 16-2-2018-ലെ സമിതിയോഗ നിർദ്ദേശം - ശിപാർശ നം. (6)-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**

(ഫയൽ നം. 523/സബ്.സി.എ 1/2019/നി.സെ.)

**ശിപാർശ നം. (6)**-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കേരളത്തിന്റെ ഭൂപ്രകൃതി കണക്കിലെടുക്കുമ്പോൾ എല്ലാ സ്ഥലങ്ങളിലുമുള്ള കുളങ്ങൾ ഇന്റർലിങ്ക് ചെയ്യാൻ സാധിക്കുമോയെന്നുള്ളത് പരിശോധിക്കപ്പെടേണ്ട വിഷയമാണെന്നും വേൾഡ് ബാങ്ക് അത്തരമൊരു പ്രൊപ്പോസൽ സംബന്ധിച്ച് പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയപ്പോഴാണ് എല്ലാ സ്ഥലത്തേയ്ക്കുമായി പൊതുവായൊരു പ്രോജക്ടുണ്ടാക്കുന്നത് ബുദ്ധിമുട്ടാണെന്ന് കണ്ടെത്തിയതും മാത്രവുമല്ല ഓരോ ജില്ലയിലുമുള്ള എല്ലാ കുളങ്ങളും കൂടി ലിങ്ക് ചെയ്യുന്ന സ്കീം സംസ്ഥാനത്തില്ലായെന്നും

സെൻട്രലി സ്പോൺസേർഡ് സ്കീമായ ആർ.ആർ.ആർ. (റിപ്പെയർ, റെനോവേഷൻ, റെസ്റ്ററേഷൻ) പ്രകാരം നഗരപ്രദേശത്ത് 1 ഹെക്ടറിലും ഗ്രാമങ്ങൾ 2 ഹെക്ടറിലും കുറയാത്ത വാട്ടർ സ്പ്രെഡ് ഏരിയ ഉള്ള കുളങ്ങൾ മാത്രമേ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂവെന്നതിനാൽ അങ്ങനെയുള്ള കുളങ്ങളുണ്ടെങ്കിൽ അവ ഓരോന്നായോ അല്ലെങ്കിൽ ലിങ്ക് ചെയ്തുകൊണ്ടുള്ളതോ ആയ പ്രോജക്ട് സമർപ്പിക്കാമെന്ന് പറഞ്ഞിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (എഫ്.എ. സി.), ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ സമിതിയെ അറിയിച്ചു.

ഇത്തരത്തിൽ കുളങ്ങൾ ലിങ്ക് ചെയ്യുന്ന രീതി സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ, തലക്കുളമുണ്ടെങ്കിൽ അവിടെനിന്നും താഴോട്ടുള്ള കുളങ്ങൾ ലിങ്ക് ചെയ്ത് കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിലും ലാൻഡ് അബോഡിംഗ് വളരെ കുറവായതിനാൽ അതിൽ പല പ്രായോഗിക ബുദ്ധിമുട്ടുകളുമുണ്ടെന്നും 5 വർഷം മുൻപ് ആർ.ആർ.ആർ.-ൽ പ്രോജക്ട് സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെ അനുമതി ലഭ്യമായില്ലായെന്നും പത്തനംതിട്ട ജില്ലയിൽ മൂന്ന് പ്രോജക്ടുകൾ ആർ.ആർ.ആർ-ലും ഒരെണ്ണം സർഫസ് മൈനർ ഇറിഗേഷൻ (എസ്.എം.ഐ.) സ്കീമിലും ഉൾപ്പെടുത്തി നൽകിയിരുന്നുവെന്നും ഏകദേശം 13.4 കോടി രൂപയുടെ പ്രോജക്ടിന് സി.ഡബ്ല്യൂ.സി.-യിൽ നിന്നും ഫോർമൽ ക്ലീയറൻസുകൂടി ലഭിച്ചതിനുശേഷം ചീഫ് സെക്രട്ടറി ഉൾപ്പെടുന്ന സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റി ക്ലിയർ ചെയ്താൽ 13.4 കോടി രൂപയുടെ ഫണ്ട് 70:30 എന്ന അനുപാതത്തിൽ ലഭിക്കുമെന്നും പ്രസ്തുത പ്രോജക്ടിലും കുളങ്ങളുടെ ഇന്റർലിങ്കിംഗ് വരുന്നില്ലായെന്നും ചീഫ് എഞ്ചിനീയർ (എഫ്.എ.സി.) ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ മറുപടി നൽകി.

ഗ്രാമീണ മേഖലയിൽ 5 ഹെക്ടറിലധികം വരുന്ന വലിയ കുളങ്ങളും തലക്കുളങ്ങളുമുണ്ടെന്നും വേനൽക്കാലമായാൽ ജനങ്ങൾ കുടിവെള്ളത്തിനായി കുളങ്ങളെയാണ് ആശ്രയിക്കുന്നതെന്നും കുളങ്ങൾ മാലിന്യമുക്തമാക്കുന്ന പദ്ധതിക്കായി കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 2 കോടി വകയിരുത്തിയിട്ടുള്ളത് കുളങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിയാണെന്നും എന്നാൽ പല നിയോജകമണ്ഡലങ്ങളിലും നിരവധി കുളങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു.

കുളങ്ങളുടെ നവീകരണം വളരെ പ്രധാനപ്പെട്ട വിഷയമാണെന്നും സി.ഡബ്ല്യൂ.സി.- യുടെ മാനദണ്ഡ പ്രകാരമുള്ള കുളങ്ങൾ സംസ്ഥാനത്തില്ലെന്ന് നിരവധി തവണ കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെന്നും ഫീൽഡ് പരിശോധനയ്ക്കെത്തുമ്പോൾ പല കുളങ്ങളിലും 'പോള' മൂടിക്കിടക്കുന്നതിനാൽ അതിർത്തി കൃത്യമായി നിർണ്ണയിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും ചീഫ് എഞ്ചിനീയർ (എ.എഫ്.സി.), ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ സമിതിയെ അറിയിച്ചു. അടുത്തടുത്ത കുളങ്ങളാണെങ്കിൽ യോജിപ്പിച്ച് നൽകുന്നതിൽ തടസ്സമില്ലെന്നാണ് കേന്ദ്രഗവൺമെന്റ് പറഞ്ഞിരിക്കുന്നതെന്നും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മാനദണ്ഡ പ്രകാരമുള്ള പ്രോജക്ട് തയ്യാറാക്കുക എന്നത് ബുദ്ധിമുട്ടുള്ള പ്രവൃത്തിയാണെങ്കിലും ഇപ്പോൾ അതുമായി മുന്നോട്ട്

പോകുകയാണെന്നും ജില്ലാ അടിസ്ഥാനത്തിൽ ഉപയോഗയോഗ്യമല്ലാത്ത കുളങ്ങൾ എത്രയെണ്ണം ഉണ്ടെന്നത് സംബന്ധിച്ച് പരിശോധിക്കാമെന്നും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ),കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**10. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 6-3-2019-ലെ സമിതിയോഗ നിർദ്ദേശം - ശിപാർശ നം. 2-മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്.**

**ശിപാർശ നമ്പർ 2-**മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ 2018 -ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വന്നൊരു ശിപാർശയാണിതെന്നും പ്രളയത്തിൽ പെരിയാറിലെയും ഇടമലയാറിലെയും വെള്ളം കവിഞ്ഞ് ഒഴുകി വരുന്നത് ആലുവയിലേക്കാണെന്നത് യാഥാർത്ഥ്യമാണെങ്കിലും പറമ്പിക്കുളത്തെ വെള്ളം ഉണ്ടായിരുന്നുവെന്ന നിരീക്ഷണം വസ്തുതയല്ലായെന്നും പറമ്പിക്കുളം റിസർവോയർ സിസ്റ്റത്തിന്റെ ഭാഗമായുള്ള അപ്പർ നീരാർ ഡാമിലും, ലോവർ നീരാർ ഡാമിലും വെള്ളം അധികമാകുമ്പോൾ ഈ രണ്ട് ഭാഗത്ത് നിന്നും സ്പിൽവേ വഴി തുറന്നുവിടുന്ന വെള്ളം ഇടമലയാറിലാണ് വന്നു ചേരുന്നതെന്നും പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ നിയന്ത്രണം നിർവ്വഹിക്കുന്ന ജെ.ഡബ്ല്യൂ.ആർ ബോർഡിൽ കേരളത്തെ പ്രതിനിധീകരിച്ച് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറും കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയറും അംഗങ്ങളാണെന്നും 2018-ൽ മനുഷ്യനിയന്ത്രണത്തിനതീതമായ മഴ വന്നപ്പോഴാണ് ഒന്നും ചെയ്യാൻ സാധിക്കാതെ വന്നതെന്നും ഡാം ഓവർ ടോപ്പ് ചെയ്യാതിരിക്കാൻ സ്പിൽവേകൾ വഴി തുറന്നു വിട്ട വെള്ളം ഇടമലയാറിലേക്ക് എത്തിച്ചേരുകയും അളവിൽക്കവിഞ്ഞ വെള്ളം തുറന്നു വിടേണ്ടി വരികയും ചെയ്ത സാഹചര്യത്തിലാണ് ഡാമുകളിൽ റൂൾ കർവ് പാലിക്കണമെന്ന വ്യവസ്ഥ വന്നതെന്നും പ്രളയത്തിനുശേഷം സെൻട്രൽ വാട്ടർ കമ്മീഷൻ, ഡാമുകളുടെ അവസ്ഥ പഠിക്കുകയും 200 എം.സി.എം സ്റ്റോറേജിന് മുകളിലുള്ള എല്ലാ ഡാമുകളിലും റൂൾ കർവ് വേണമെന്ന് പറയുകയും കേരളത്തിൽ ജലസേചന വകുപ്പിന് കീഴിൽ 200 എം.സി.എം സ്റ്റോറേജിന് മുകളിൽ വരുന്ന കല്ലട, മലമ്പുഴ എന്നീ രണ്ട് ഡാമുകളും കെ.എസ്.ഇ.ബി.-യുടെ കീഴിൽ ഇടമലയാർ, കക്കി, ഇടുക്കി എന്നീ ഡാമുകളും വരുമെന്നും പറമ്പിക്കുളം ഡാം 200 എം .സി.എം. സ്റ്റോറേജിന് മുകളിൽ വരുന്നതാണെങ്കിലും തമിഴ്നാടിന്റെ നിയന്ത്രണത്തിലായതിനാൽ അവിടെ റൂൾ കർവ് തയ്യാറാക്കിയിട്ടില്ലായെന്നും റൂൾ കർവ് നിർബന്ധമായും തയ്യാറാക്കണമെന്ന് എല്ലാ യോഗങ്ങളിലും ആവശ്യപ്പെടുന്നുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ പറമ്പിക്കുളം

ഡാമിന്റെ റൂൾ കർവിന്റെ കരട് തയ്യാറാക്കി തമിഴ്നാട് സി.ഡബ്ല്യു.സി.-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും അതിന് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ ആവശ്യമായ പ്രവർത്തന ക്രമീകരണങ്ങൾ കുറച്ചുകൂടി സുതാര്യമായും എളുപ്പത്തിലും ചെയ്യാൻ സാധിക്കുമെന്നും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.ഡി & ജനറൽ) സമിതിയെ ധരിപ്പിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

### III. കാലതാമസ പത്രികയുടെ പരിഗണന

**11. ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി, XXXVIII - ജലസേചനം എന്നിവയിലുൾപ്പെട്ടുവരുന്ന വിവിധ ശീർഷകങ്ങളിൽ 2020-21 സാമ്പത്തിക വർഷം ജലവിഭവ വകുപ്പിനനുവദിച്ച ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ**

(ഫയൽ നം. 607/സബ്.സി.എ 1/2021/നി.സെ.)

**അംഗീകരിച്ചു.**

ഉച്ചയ്ക്കുശേഷം 3.30-ന് യോഗം അവസാനിച്ചു.

## 5. 21-2-2024-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2024 ഫെബ്രുവരി മാസം 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00-മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u>:

1. ശ്രീ. ആന്റണി രാജു, എം.എൽ.എ.,
2. ശ്രീ. ജി. എസ്. ജയലാൽ, "
3. ശ്രീ. ലിന്റോ ജോസഫ്, "
4. ശ്രീ. സി. ആർ. മഹേഷ്, "
5. ശ്രീ. കെ. പി. എ. മജീദ്, "
6. ശ്രീ. കെ. ജെ. മാക്സി, "

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം</u>:

ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ്കുമാർ എം. കെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീ. അശോക് കുമാർ സിങ്, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്
2. ശ്രീമതി രാരി രാജൻ, സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. ബാജി ചന്ദ്രൻ ആർ., ചീഫ് എഞ്ചിനീയർ (എഫ്.എ.സി.), പ്രോജക്ട് - II, ജലസേചന വകുപ്പ്
4. ശ്രീ. ശിവദാസൻ എം., ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I, കോഴിക്കോട്), ജലസേചന വകുപ്പ്
5. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ (ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ), ജലസേചന വകുപ്പ്
6. ശ്രീ. പ്രിയേഷ് ആർ., ചീഫ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്), ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ്
7. ശ്രീമതി ശ്രീദേവി പി., ചീഫ് എഞ്ചിനീയർ (എഫ്.എ.സി.), ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)
8. ശ്രീ. എസ്. തിലകൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)
9. ശ്രീമതി സന്ധ്യ എസ്. ജി., ജോയിന്റ് ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)

10. ശ്രീ. ശ്രീരാജ് എസ്. എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

11. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ്

12. ശ്രീ. സാബു ജോൺ, സീനിയർ ഫിനാൻസ് ഓഫീസർ (പ്രോജക്ട് -II), ജലസേചന വകുപ്പ്

13. ശ്രീ. ലക്ഷ്മണൻ എം. പി., ചീഫ് ഫിനാൻസ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)

14. ശ്രീ. എൽദോ കെ. സി., ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)

2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് ധനാഭ്യർത്ഥന നമ്പർ XXXVIII (ജലസേചനം) സംബന്ധിച്ച കുറിപ്പ് സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**ജലസേചനവും ഭരണവും വകുപ്പ്**

**വെള്ളപ്പൊക്ക നിയന്ത്രണം, കടലാക്രമണ നിരോധന പദ്ധതികൾ**

2700-26-101-98-34-2—വൻകിട ജലസേചനം - തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു .

4711 -01 -103-93—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - മലബാർ ജലസേചന പാക്കേജ് (മിർപാ) ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ മുതലായവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

മലബാർ മേഖലയിലെ ചെക്ക്ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പരിഗണനാവേളയിൽ മുൻവർഷം ചെലവ് കുറവായതിനാലാണ് ഇത്തവണത്തെ ബജറ്റ് വിഹിതത്തിൽ കുറവ് വന്നത് എന്നുള്ള കാര്യം ഗൗരവമായി കാണണമെന്നും ചെലവ് കുറയാനുള്ള കാരണമെന്താണെന്ന് പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

4711-01-103-98-(01)—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്കനിയന്ത്രണം - സിവിൽ പണികൾ - തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ - മരാമത്തു പണികൾ .

തിരുവനന്തപുരം നഗരത്തിലെ തോടുകളിലും നദികളിലും നഗരത്തിലെ കെട്ടിടങ്ങളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടി ഉണ്ടാകുന്ന വെള്ളപ്പൊക്കംമൂലം വീടുകളിൽ വെള്ളം കയറി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്നതൊഴിവാക്കാനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4711 -01 -103-99-(01)—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - സിവിൽ പണികൾ - മരാമത്തു പണികൾ

മുൻവർഷം പെയ്ത മഴയുടെ കാഠിന്യംമൂലം തിരുവനന്തപുരം നഗരം ഒഴികെയുള്ള സംസ്ഥാനത്തെ മറ്റ് പ്രദേശങ്ങളിൽ മണ്ണും ചെളിയും അടിഞ്ഞുകൂടിയതിനാൽ നദികളും തോടുകളും കരകവിഞ്ഞൊഴുകുകയും നദീതീരങ്ങൾ ഇടിഞ്ഞുപോവുകയും പലസ്ഥലങ്ങളിലും ജനങ്ങളുടെ വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുള്ള സംരക്ഷണ പ്രവൃത്തികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പരവൂർ-പൊഴിക്കര കായലിൽ, കടലിനോട് ചേർന്നുള്ള ഭാഗത്ത് അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതുസംബന്ധിച്ച വിഷയം വർഷങ്ങളായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇതുസംബന്ധിച്ച് വകുപ്പിന്റെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവുമില്ലായെന്നും ജലാശയങ്ങൾ മുഴുവനും മണ്ണടിഞ്ഞ് നികന്നുപോകുന്നതിന്റെ ഫലമായി മഴക്കാലമായാൽ വെള്ളപ്പൊക്കമുണ്ടാകുകയും

ജനങ്ങൾ ദുരിതമനുഭവിക്കേണ്ടിവരികയും ചെയ്യുന്നു എന്നത് ഗുരുതരമായ വിഷയമാണെന്നും പരവൂർ-പൊഴിക്കര കായലിൽ നിന്നും മണലെടുത്ത് ദേശീയ പാതയുടെ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവർ തയ്യാറാണെങ്കിലും വകുപ്പിൽനിന്നും അതിന് അനുമതി നൽകുന്നില്ലായെന്നും ബജറ്റ് അലോക്കേഷനില്ലാതെതന്നെ ചെയ്യാൻ കഴിയുന്ന ഇത്തരം കാര്യങ്ങളുടെ സാധ്യത വകുപ്പ് പരിശോധിച്ചിട്ടുണ്ടോയെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഇക്കാര്യം സംബന്ധിച്ച് ഗവൺമെന്റുതലത്തിൽ തീരുമാനമെടുക്കേണ്ടതുണ്ടെന്നും പുഴയിലെയും നദിയിലെയും മണൽ മാറ്റുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് റവന്യൂ വകുപ്പാണെന്നും കടലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽമാത്രമേ ജലവിഭവ വകുപ്പിന് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂവെന്നും ജലവിഭവ വകുപ്പിന്റെ പരിധിയിൽവരുന്ന കാര്യമാണെങ്കിൽ മണൽ മാറ്റുന്നതിന് ഉചിതമായ നടപടി സ്വീകരിക്കാമെന്നും ബഹു. സമിതി ചെയർമാൻ അറിയിച്ചു.

2711 - 02- 800-98—<u>വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - മറ്റു ചെലവുകൾ - തീരദേശ സംരക്ഷണ പഠനം</u>

ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് തീരദേശ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി SLMP ആവിഷ്കരിക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ ആയതിലേക്കായി stake Holder Consultation, data collection മുതലായവ നടത്തുന്നതിനും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കേണ്ടതായ പദ്ധതികൾ സംബന്ധിച്ച സാമൂഹിക പാരിസ്ഥിതിക പഠനങ്ങൾ നടത്തുന്നതിനും അവയുടെ രൂപകല്പന നിർവ്വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711-02-103-99-34-3—<u>വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും-കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്സ് - കടലാക്രമണ നിരോധന പണികൾ - സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം.</u>

ലോകബാങ്കിന്റെ programme For Results (P For R)-Additional Financing പദ്ധതിയുടെ സഹായം സംസ്ഥാനത്തിന് ലഭിക്കുന്നതിനുള്ള മാനദണ്ഡപ്രകാരമുള്ള തീരദേശ സംരക്ഷണ പ്രവൃത്തികൾ നടപ്പ് സാമ്പത്തിക വർഷം തന്നെ ആരംഭിച്ചാൽ മാത്രമേ ലോകബാങ്ക് തുക വിതരണം ചെയ്യുന്നത് ആരംഭിക്കുകയുള്ളൂവെന്നതിനാൽ ഇതിലേക്കായി വിഭാവനം ചെയ്തിട്ടുള്ള ശരാശരി 20 കോടി രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 500 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2711- 01-103-98-34-3—വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റ പണികൾ - മറ്റു ചെലവുകൾ - മറ്റിനം.

തുടർച്ചയായുണ്ടാകുന്ന പ്രളയംമൂലമുള്ള വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിൽ നിന്നുള്ള ചെലവിനത്തിൽ കാണിച്ചിരിക്കുന്നത് മുൻവർഷങ്ങളിൽ നിന്നും ക്യാരി ഓവർ ചെയ്തുവരുന്ന തുക കൂടി ഉൾപ്പെട്ട കണക്കുകളായതിനാൽ ഓരോ വർഷത്തിലും അനുവദിച്ച തുകയും ചെലവാക്കിയ തുകയും ബാക്കിയുള്ള തുകയും എത്രയെന്ന് കൃത്യമായി അറിയുന്നതിനുവേണ്ടി ചെലവിനത്തിൽ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

2711-01-103-99-34-3 — വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ - സംരക്ഷണം- മറ്റു ചെലവുകൾ - മറ്റിനം.

വെള്ളപ്പൊക്കം തുടർച്ചയായുണ്ടാകുന്നത് മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനായുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701 - 80 -001- 92-99— ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - വകുപ്പ് നവീകരണവും ഇ - ഗവേർണൻസും- വിവരസാങ്കേതിക വിദ്യ.

ജലസേചന വകുപ്പിനുകീഴിൽ ഇ-ഓഫീസ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1350 എണ്ണം ലാപ്ടോപ്പുകൾ, 150 എണ്ണം സ്കാനറുകൾ എന്നിവ നടപ്പ് സാമ്പത്തിക വർഷം തന്നെ വാങ്ങുന്നതിനായി 6 കോടി രൂപയുടെയും ഐ. റ്റി. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 50 ലക്ഷം രൂപയുടെയും വെബ്സൈറ്റ് അപ്ഗ്രഡേഷനായി 10 ലക്ഷം രൂപയുടെയും ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 5.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701 -80 -003-99 — ഇടത്തരം ജലസേചനം - ജനറൽ - പരിശീലനം - പ്രത്യേക പരിശീലന പരിപാടി

ജലസേചന വകുപ്പിന് കീഴിലുള്ള ഐ. റ്റി. സെൽ പുനഃരുജ്ജീവിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് E-Governance, Website Upgradation, Application Software-ന്റെ ഉപയോഗം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും സ്ഥാനക്കയറ്റം ലഭിച്ചുവരുന്ന I st Grade, II nd Grade, III rd Grade, Draftsman/overseer's എന്നിവർക്കുള്ള പരിശീലനം നൽകുന്നതിനും കൂടാതെ ക്ലർക്കുമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിലേക്കായി മലയാളം കമ്പ്യൂട്ടിംഗ് നിർബന്ധമാക്കിയിരിക്കുന്നതിനാൽ ആയതിലേക്കുള്ള പരിശീലനം നല്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-80-052-98-34-3 — ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ - വാഹനങ്ങളും അറ്റകുറ്റപ്പണികളും - മറ്റുചെലവുകൾ- മറ്റിനം.

വകുപ്പ് പുതുതായി വാങ്ങി ഉപയോഗിക്കുന്ന എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-15-101-98-34-2—ഇടത്തരം ജലസേചനം- കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-മറ്റുചെലവുകൾ - വൈദ്യുതി ചെലവ്.

തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിലായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ജലവിഭവ വകുപ്പ്
## (പ്രോജക്ട്സ്-1 വിഭാഗം)

2700-12—വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

2025 ഡിസംബറിൽ പദ്ധതി റീകമ്മീഷനിംഗ് ചെയ്യേണ്ടതിനാലും പുതിയ ഓഫീസ് സമുച്ചയങ്ങൾ ഉൾപ്പെടുന്ന ഇറിഗേഷൻ കെട്ടിട സമുച്ചയത്തിന്റെ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-13—വൻകിട ജലസേചനം - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖല, ജലവിതരണത്തിന് മുന്നോടിയായി വൃത്തിയാക്കുന്ന പ്രവൃത്തിക്കായി ഈ ശീർഷകത്തിൽ 7.12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-18—വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും കൂടാതെ വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റ് അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-12—ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് അധികമായി എത്തിച്ചേരുന്ന ജീവനക്കാർക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി നിലവിൽ ജീർണ്ണാവസ്ഥയിലുള്ള ക്വാർട്ടേഴ്സുകളുടെയും ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2701-20—ഇടത്തരം ജലസേചനം - വെള്ളിയാംകല്ല് കാസ് വേ (വാണിജ്യേതരം)

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുള്ള അടിയന്തര ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 76.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-12—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതി 2025 ഡിസംബറോടുകൂടി റീ -കമ്മീഷനിംഗ് ചെയ്യേണ്ടതിനാൽ നാശോന്മുഖമായ കനാൽ ശൃംഖലകളും സ്ട്രക്ച്ചറുകളും നവീകരിക്കുവാനും പുതുക്കി നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 65 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-13 — <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)</u>

50 വർഷം പഴക്കമുള്ള കനാലും കനാൽ അനുബന്ധ നിർമ്മിതികളും കാലപ്പഴക്കം കാരണം അപകടാവസ്ഥയിലായതിനാലും ജലവിതരണ സമയത്ത് കനാൽ ബ്രീച്ച് ആകുന്ന സ്ഥിതി വിശേഷമുള്ളതിനാലും പ്രസ്തുത ജലസേചന പദ്ധതിയുടെ സമഗ്ര നവീകരണം 5 വർഷം കൊണ്ട് പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന 180 കോടി രൂപയുടെ പദ്ധതിക്കുള്ള നടപ്പുസാമ്പത്തിക വർഷത്തെ വിഹിതമായി ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-18—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)</u>

ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും കൂടാതെ വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റു അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-28—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)</u>

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഹെക്ടറോളം ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 2.5 കോടി രൂപയും 4700-28-001-97-00-45-00, 4700-28-001-97-00-93-00 എന്നീ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകങ്ങളിൽ യഥാക്രമം 1.5 ലക്ഷം രൂപ 5 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തുന്നതിലേയ്ക്കായും കൂടാതെ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 2024-25 സാമ്പത്തിക വർഷത്തെ ഭരണ നടത്തിപ്പിനായി 2.88 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 5.445 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-12—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)</u>

അട്ടപ്പാടി പദ്ധതിയുടെ നിർമ്മാണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഡാമിന്റെ ഫൗണ്ടേഷൻ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 -13—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 22 ഹെക്ടറോളം ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 40 കോടി രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നടപ്പ് സാമ്പത്തിക വർഷത്തെ ഭരണനടത്തിപ്പിനായി 5.90 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 45.90 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-18—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് (വാണിജ്യേതരം)

ചമ്രവട്ടം പ്രോജക്ടിലെ നവീകരണ പ്രവർത്തനങ്ങൾക്കായും ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.95 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701-80 -800-72—ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റു ചെലവുകൾ-വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും, ഡ്രൈനുകളുടെയും ആധുനികവത്കരണം.

കാഡാ കനാലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 4.90 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ജലസേചനം -പ്രോജക്ട് 2**

2700-01-101-98—വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം ) സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ

പഴയ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2700-14-101-98—<u>വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ</u>

ടൂറിസം പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പരിഗണനാവേളയിൽ വടക്കാഞ്ചേരി പദ്ധതിയുടെ ഭാഗമായ വാഴാനി ഡാമും പരിസരവും സന്ദർശിക്കുന്നതിനായി ധാരാളം ആളുകൾ വരുന്നതിനാൽ ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായ ഏതെങ്കിലും പദ്ധതിയിൽ പ്രസ്തുത ഡാമിന്റെ ടൂറിസം സാദ്ധ്യതകൾ കൂടി ഉൾപ്പെടുത്താൻ സാധിക്കുമോ എന്നത് സംബന്ധിച്ച് പരിശോധിയ്ക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

2700-27-101-98—<u>വൻകിട ജലസേചനം - കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ -മറ്റു ചെലവുകൾ</u>

കനാലുകളിലൂടെയുള്ള സുഗമമായ ജലവിതരണത്തിനുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കല്ലട ജലസേചന പദ്ധതി ആരംഭിച്ചതിനുശേഷവും കുലശേഖരപുരം, തഴവ എന്നിവിടങ്ങളിലെ കനാലുകളിൽ വെള്ളം വന്നിട്ടില്ലായെന്നും നിലവിൽ മാലിന്യങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന പ്രസ്തുത സ്ഥലം നാട്ടുകാർക്ക് ബാദ്ധ്യതയായി മാറുമെന്നതിനാൽ ആ കനാൽ മൂടണമെന്നാണ് പ്രദേശവാസികളുടെ ആവശ്യമെന്നും 2011-ൽ ആരംഭിച്ച ചിറയ്ക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഉപേക്ഷിച്ചുവെന്നാണ് അതുസംബന്ധിച്ച് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞതെന്നും അവിടെയുള്ള ബ്രീച്ച് അടച്ചെങ്കിൽ മാത്രമേ 2.2 ലെവലിൽ വെള്ളം എത്തിക്കാൻ സാധിക്കുകയുള്ളൂവെന്നും വകുപ്പിന്റെ കൃത്യമായ പഠനമില്ലായ്മ കാരണമാണ് ഇതുപോലുള്ള പ്രശ്നങ്ങളുണ്ടാകുന്നതെന്നും നിലവിൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം പൂർത്തിയാക്കി ഉദ്ദേശിച്ചതിന്റെ 75 ശതമാനം പ്രദേശത്ത് വെള്ളം എത്തുന്ന സ്ഥിതിയായിട്ടുണ്ടെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി .

യഥാർത്ഥത്തിൽ ഫിക്സ് ചെയ്തിരുന്ന 2.4 മീറ്റർ ലെവലിലേയ്ക്ക് വരുമ്പോൾ പലയിടത്തും ബ്രീച്ചായി പോകുമെന്നും 1.4 മീറ്റർ ഉയരം വരെ നിലനിർത്താൻ സാധിച്ചിരുന്നത് നിലവിൽ 1.8 മീറ്റർ വരെ എത്തിച്ചിട്ടുണ്ടെന്നും രണ്ടാം കനാലിന്റെ ഭാഗമായുള്ള മുഴവൻ

കനാലുകളും പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി പദ്ധതി അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിനുള്ള 430 കോടി രൂപയുടെ ഡി.പി.ആർ. പ്ലാനിംഗ് ബോർഡിനും ഗവൺമെന്റിനും സമർപ്പിച്ചിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (എഫ്.എ.സി.), പ്രോജക്റ്റ് - II, ജലസേചന വകുപ്പ് സമിതിയെ അറിയിച്ചു .

50 വർഷമായിട്ടും വെള്ളം ലഭിക്കാത്തതിനാൽ കരുനാഗപ്പള്ളി മണ്ഡലത്തിലെ കനാലിന് പുനരുദ്ധാരണത്തിന്റെ ആവശ്യമില്ലായെന്നും പ്രസ്തുത സ്ഥലം റോഡിനോ മറ്റോ ഉപയോഗിക്കുന്നതിനുവേണ്ട പരിശോധന നടത്തുന്നത് ഉചിതമായിരിക്കുമെന്നും അവിടെയുള്ള കിണറുകൾ ഒരിക്കലും വറ്റാത്തവയായതിനാൽ ജനങ്ങൾ പ്രധാനമായും കിണറുകളെയാണ് ആശ്രയിക്കുന്നതെന്നും പദ്ധതിയുടെ ഭാഗമായി കനാലിലൂടെ നാളിതുവരെ വെള്ളം ലഭിച്ചിട്ടില്ലായെന്നും നിലവിൽ കനാലിൽ അറവുമാലിന്യങ്ങൾ നിക്ഷേപിക്കുന്നതുകാരണം പരിസരപ്രദേശങ്ങളിൽ ആളുകൾക്ക് താമസിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് പ്രസ്തുത പ്രശ്നം സംബന്ധിച്ച് വകുപ്പ് പരിശോധിക്കണമെന്നും ഒരു പ്രദേശത്ത് ഇറിഗേഷനോ മറ്റാവശ്യത്തിനോ കനാൽ ആവശ്യമില്ലെങ്കിൽ ആ പ്രദേശത്തെ പ്രോജക്റ്റ് ഉപേക്ഷിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണെന്നും ജലസേചനത്തിനും മറ്റ് പ്രവൃത്തികൾക്കും അവിടെയുള്ള ആളുകൾ ഏത് സ്രോതസ്സിനെയാണ് പകരം ആശ്രയിക്കുന്നതെന്ന് അന്വേഷിച്ച ശേഷം തുടർനടപടി സ്വീകരിച്ചാൽ മതിയാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

4700-21-800-97—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മീനച്ചിൽ പദ്ധതി(വാണിജ്യേതരം)- മറ്റുചെലവുകൾ - അണക്കെട്ടും അനുബന്ധ പണികളും (മീനച്ചിൽ നദീതട പദ്ധതി)</u>

അരുണാപുരം റെഗുലേറ്ററിന്റെ നിർമ്മാണത്തിനും ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 47 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-22-800-93—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ- കെട്ടിടങ്ങൾ</u>

കാലപ്പഴക്കംമൂലം നാശോന്മുഖമായിരിക്കുന്ന കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-22-800-92—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)-മറ്റുചെലവുകൾ- കനാലുകൾ

കനാലുകളിലൂടെ സുഗമമായ ജലവിതരണം നടത്തുന്നതിനായുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-22-800-91—വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) -മറ്റു ചെലവുകൾ - ബ്രാഞ്ചുകൾ

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ബ്രാഞ്ച് കനാലുകളിലൂടെ സുഗമമായ ജലവിതരണം നടത്തുന്നതിനായുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-22-800-90—വൻകിടജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) - മറ്റു ചെലവുകൾ - ഡിസ്ട്രിബ്യൂട്ടറികൾ

ഡിസ്ട്രിബ്യൂട്ടറികളിലൂടെയുള്ള സുഗമമായ ജലവിതരണത്തിനുവേണ്ടിയുള്ള പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700-22-800-84—വൻകിടജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം) - മറ്റു ചെലവുകൾ -പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ ) മൂവാറ്റുപുഴ – കാഡ പദ്ധതി 50 ശതമാനം കേന്ദ്ര വിഹിതം

2026 മാർച്ചിനുള്ളിൽ പൂർത്തീകരിക്കേണ്ടതായ കാഡ പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ജലസേചന വകുപ്പ് (കുട്ടനാട് പാക്കേജ്)**

കുട്ടനാട് പാക്കേജിലെ 4711-01-103-86 PV , 4711-01-103-84 PV, 4711-01-103-83 PV എന്നീ മൂന്ന് ശീർഷകങ്ങളിലും അനുവദിച്ച തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലായെന്നും എന്നാൽ കുട്ടനാട് പാക്കേജിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 37 കോടി രൂപയിൽ 30 കോടിരൂപ മാത്രമെ ചെലവാക്കാൻ

സാധിക്കുന്നുള്ളുവെന്നും ഷെയർ ഡെബിറ്റും ടൂൾസ് ആൻഡ് പ്ലാന്റ്സും ഇതുവരെയും പരിഹരിക്കാൻ സാധിച്ചിട്ടില്ലായെന്നും ചീഫ് എഞ്ചിനീയർ (ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ), ജലസേചന വകുപ്പ് സമിതിയെ അറിയിച്ചു. ഇത്തരത്തിൽ അനുവദിക്കുന്ന തുക പൂർണമായും ചെലവഴിക്കാൻ വകുപ്പുകൾക്ക് സാധിക്കാതെ വരുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതിൽ വരുന്ന ലേബർ ചെലവിന്റെ ഒരു ഭാഗമെന്ന നിലയിൽ എസ്റ്റാബ്ലിഷ്മെന്റിനുവേണ്ടി ഒരു ഭാഗവും ആ പ്രവൃത്തിയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ടൂൾസിന്റെ ചെലവ് കാണിക്കാൻവേണ്ടി 1.4 ശതമാനം ടൂൾസിനും വേണ്ടി മാറ്റിവയ്ക്കുന്ന രീതിയിൽ അക്കൗണ്ടന്റ് ജനറൽ ഒരു കണക്ക് ലിഫ്റ്റ് ചെയ്യുകയാണ് ചെയ്യുന്നതെന്നും ഇത് എ.ജി.-യുടെ ബുക്ക് കീപ്പിംഗിന്റെ ഭാഗമായി വരുന്നതാണെന്നും സാധാരണ ഗതിയിൽ മുഴുവൻ തുകയും ചെലവഴിക്കുന്നതിൽ പ്രശ്നമില്ലായെന്നും കണക്ക് അഡ്ജസ്റ്റ് ചെയ്യാൻവേണ്ടി മാത്രമുള്ള ഒരു ക്രമീകരണമാണിതെന്നും ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വരുന്നത് ഗൗരവമുള്ള കാര്യമാണെന്നും ഈ പ്രശ്നം മറ്റു വകുപ്പുകളിലുമുണ്ടോയെന്നും എല്ലാ പ്രവൃത്തികൾക്കും ഇത് ബാധകമാണോയെന്നും ചെലവഴിക്കാത്ത തുക എവിടെയാണ് കാണിക്കുന്നതെന്നും സമിതി ആരാഞ്ഞതിനു മറുപടിയായി ഐ.ഡി.ആർ.ബി.-യ്ക്കും ഇത്തരത്തിൽ വിഷയമുള്ള രണ്ട് ശീർഷകങ്ങളുണ്ടെന്നും ഇൻവെസ്റ്റിഗേഷൻ വർക്കിന് 2.20 കോടി വകയിരുത്തിയതിൽ നിന്നും പതിമൂന്ന് ശതമാനത്തോളം തുക എ.ജി. സെന്റേജ് ചാർജ്ജായി ബുക്ക് ചെയ്ത് വച്ചിരിക്കുകയാണെങ്കിലും ഐ.ഡി.ആർ.ബി. 2.20 കോടി രൂപയ്ക്കും എ.എസ്. കൊടുത്ത് വർക്ക് ആരംഭിക്കുകയാണെന്നും ബഡ്ജറ്റ് ഹെഡ്ഡിൽ സെന്റേജ് ചാർജ്ജ് ഒരു ഹെഡ് ഓഫ് അക്കൗണ്ടായും വർക്കിനുവേണ്ടി എടുക്കുന്ന തുക മറ്റൊരു ഹെഡ് ഓഫ് അക്കൗണ്ടായിട്ടുമാണ് രേഖപ്പെടുത്തുന്നതെങ്കിലും മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കുമെന്നും അതിനായി എ.ജി.-യുടെ ബുക്ക് ഓഫ് അക്കൗണ്ടിൽ രണ്ട് ഹെഡ് ഓഫ് അക്കൗണ്ടായി കാണിക്കുകയുമാണ് ചെയ്യുന്നതെന്നും ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിസൈൻ&റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.) കൂട്ടിച്ചേർത്തു.

**ജലസേചന വകുപ്പ് (ഐ.ഡി.ആർ.ബി.)**

2701 - 80 -005- 93—ഇടത്തരം ജലസേചനം - ജനറൽ - സർവേയും ഇൻവെസ്റ്റിഗേഷനും - ഡിസൈൻ വിംഗ് ആധുനികവൽക്കരണം

ഇ-ഓഫീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിലേക്കായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിലും ഡയറക്ടർ KERI- യുടെ കീഴിലുള്ള എല്ലാ

കാര്യാലയങ്ങളിലും കംപ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ എന്നിവ വാങ്ങുന്നതിനും ഇതിനുപുറമെ നടപ്പ് സാമ്പത്തിക വർഷം കൂടുതലായി ആവശ്യം വരുന്ന ബയോമെട്രിക് ഉപകരണങ്ങൾ, സോഫ്റ്റ്‌വെയറുകൾ, ക്വാളിറ്റി കൺട്രോൾ ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4700- 80-005-99 (02)—<u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ - സർവേയും അന്വേഷണവും - ജലസേചന പദ്ധതികളിന്മേൽ അന്വേഷണം - മരാമത്ത് പണികൾ</u>

കബനി ബേസിനിലെ phase I-ലെയും phase II-ലെയും പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 15.03 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4701 -80 -800-99 -34-3—<u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റു ചെലവുകൾ - കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ, പീച്ചി സ്റ്റേജ് II -വികസനം- മറ്റു ചെലവുകൾ മറ്റിനം</u>

ജലസേചന വകുപ്പിന്റേയും, കേരള വാട്ടർ അതോറിറ്റിയുടെയും, മറ്റ് സ്വകാര്യ സ്ഥാപനങ്ങളുടെയും ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ നടത്തുന്ന ജലസേചന വകുപ്പിന് കീഴിലുള്ള ഗവേഷണ സ്ഥാപനമായ KERI-യുടെ വിവിധ ലബോറട്ടറികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും, വിവിധ മോഡൽ സ്റ്റഡികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഒരു സാമ്പത്തിക വർഷം പൂർത്തിയാക്കേണ്ട പല പ്രവൃത്തികളും നിസ്സാരകാര്യങ്ങളാൽ മുടങ്ങി പോകുന്ന അവസ്ഥയുണ്ടെന്നും പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാതെ വരുമ്പോൾ ആ പ്രവൃത്തിക്കുള്ള തുക കുടിശ്ശിക ആകുകയും ഈ പ്രവണത തുടരുന്നതുകാരണം വർക്കുകൾ കുമിഞ്ഞുകൂടുന്ന അവസ്ഥയുണ്ടെന്നും കടമാൻ തോടിന്റെ കാര്യമുൾപ്പെടെയുള്ള വിഷയങ്ങൾ വകുപ്പ് സെക്രട്ടറി ടേക്കപ്പ് ചെയ്യണമെന്നും വർക്ക് ചെയ്യാനായാലും ഇല്ലെങ്കിലും അതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണെന്നും ഈ വിഷയങ്ങൾ വളരെ ഗൗരവമായി കണ്ട് പ്രത്യേക തുക നൽകി മുന്നോട്ടുപോകേണ്ടതുണ്ടെങ്കിൽ അങ്ങനെ ചെയ്യണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഉച്ചയ്ക്കുശേഷം 1.30-ന് യോഗം അവസാനിച്ചു .

## 6. 28-2-2024-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2024 ഫെബ്രുവരി മാസം 28-ാം തീയതി ബുധനാഴ്ച ഉച്ചക്കുശേഷം 2.00-മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.,
2. ശ്രീ. സി. ആർ. മഹേഷ്, "
3. ശ്രീ. കെ. ജെ. മാക്സി, "
4. ശ്രീ. ടി. സിദ്ദിഖ്. "

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. പി. മമ്മിക്കുട്ടി, എം.എൽ.എ.,
2. ശ്രീ. എച്ച് സലാം. "

നിയമസഭാ സെക്രട്ടേറിയറ്റ്:

1 .ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. അശോക് കുമാർ സിങ്, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവം, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്
2. ശ്രീ. അജയകുമാർ കെ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
4. ശ്രീമതി ശുഭ കെ. പി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

5. ശ്രീമതി ഭണ്ഡാരി സ്വാഗത് രൺവീർചന്ദ്, മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

6. ശ്രീമതി ധർമ്മശ്രീ ഡി., ഡയറക്ടർ, ഭൂജല വകുപ്പ്

7. ശ്രീ. മനു ബി., ചീഫ് എഞ്ചിനീയർ (പി.&ഒ), കേരള വാട്ടർ അതോറിറ്റി

8. ശ്രീമതി ശ്രീദേവി പി., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.) (ഇൻ-ചാർജ്ജ്)

9. ഡോ. ദിനേശൻ ചെറുവാട്ട്, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി

10. ശ്രീ. മുഹമ്മദ് അൻസൽ എച്ച്., ഡയറക്ടർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ) (ഇൻ-ചാർജ്ജ്), കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി

11. ശ്രീ. കൃഷ്ണകുമാർ വി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പി.ഐ.യു-2, കേരള വാട്ടർ അതോറിറ്റി

12. ശ്രീമതി രേഖ പി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പി.ഐ.യു-1, കേരള വാട്ടർ അതോറിറ്റി

13. ശ്രീ. സേതുകുമാർ എസ്., ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി

14. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, ജലസേചന വകുപ്പ്

15. ശ്രീമതി സുബ്ബലക്ഷ്മി, സീനിയർ ഫിനാൻസ് ഓഫീസർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

16. ശ്രീ. ഷിജിത്ത് വി., ഫിനാൻസ് മാനേജർ, കേരള വാട്ടർ അതോറിറ്റി

17. ശ്രീ. സജിത് കുമാർ എസ്. എസ്., അക്കൗണ്ട്സ് മാനേജർ, കേരള വാട്ടർ അതോറിറ്റി.

2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് XX—ശുദ്ധജല വിതരണവും ശുചീകരണവും XXIX [കൃഷി (ചെറുകിട ജലസേചനം)] എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**ജലവിഭവ വകുപ്പ്**

**ധനാഭ്യർത്ഥന നമ്പർ XX (ശുദ്ധജലവിതരണവും ശുചീകരണവും)**

4215-01-102-98 (01)—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം-നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 48.5695 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-02-106-97—ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീ കരണവും - വായു-ജല മലിനീകരണം തടയൽ-നദി മലിനീകരണം തടയുന്നതിനും എൻ.ജി.ടി. നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പ്രവൃത്തി

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 6.46 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-92—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 17.51 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 800- 88 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജലവിതരണ പദ്ധതി.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 19.83 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 02- 190- 99 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും-പൊതുമേഖലാസ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതി

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും സ്വച്ഛ് ഭാരത് മിഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കായുള്ള സീവറേജ് നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 532.09 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് സാമ്പത്തിക ബുദ്ധിമുട്ടില്ലാത്ത കോർപ്പറേഷനുകളെയും മുനിസിപ്പാലിറ്റികളെയും സഹകരിപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും സംസ്ഥാന - കേന്ദ്ര ഗവൺമെന്റുകളുടെ വിഹിതം ലഭിക്കുന്നതുകൊണ്ട് സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനത്തിൽ കോർപ്പറേഷനുകളെയും മുനിസിപ്പാലിറ്റികളെയും ഉൾപ്പെടുത്താൻ സാധിച്ചാൽ കുറച്ചു പ്രവൃത്തികൾ ആ രീതിയിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

4215 - 01- 101- 97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധന ച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി- നഗര ജലവിതരണപദ്ധതികളുടെ മെച്ചപ്പെടുത്തൽ/ പുനരധിവാസം

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 107.78 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-102-97—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 67.63 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01- 800-89—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ.</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 99.56 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 800- 91—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റുചെലവുകൾ മാനവശേഷി വികസനവും ഗവേഷണവും</u>

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.3297 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഫാറം 'എ' യിലെ 'മുൻ സാമ്പത്തിക വർഷം ചെലവായ തുക' എന്ന ഇനത്തിൽ കാണിച്ചിരിക്കുന്നത് ഓരോ സാമ്പത്തിക വർഷത്തിലും ചെലവായ തുക മാത്രമാണോ അതോ അതിനുമുൻപുള്ള സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശിക ബില്ലുകൾ മാറിയതുൾപ്പെടെയുള്ള ചെലവുകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള തുകയാണോ എന്നത് മനസ്സിലാക്കാൻ സാധിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി, അതത് സാമ്പത്തിക വർഷത്തെ കുടിശ്ശിക അതതു സാമ്പത്തിക വർഷത്തിൽ തന്നെ കാണിക്കണമെന്നും ഒരു വർക്കിനുള്ള എഗ്രിമെന്റ് കാലാവധി പരമാവധി ഒരു വർഷമോ ഒന്നര വർഷമോ ആയിരിക്കുമെന്നും ചില വർക്കിന്റെ സ്വഭാവമനുസരിച്ച് ആറുമാസം എഗ്രിമെന്റ് കാലാവധിയുള്ള വർക്കുകളും കാണുമെന്നും ടി വർക്കുകൾ കൃത്യമായി നടന്നോയെന്ന് മനസ്സിലാക്കണമെങ്കിൽ, ഫാറം എ-ലെ 'മുൻ അഞ്ചുവർഷത്തെ ധനാഭ്യർത്ഥനകളുടെ താരതമ്യം വ്യതിയാനങ്ങൾ ഉണ്ടെങ്കിൽ അവയ്ക്കുള്ള കാരണങ്ങളും' എന്ന ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും മുൻ സാമ്പത്തിക വർഷത്തിൽ നിന്നും ക്യാരി ഓവർ ചെയ്തു വന്നിട്ടുള്ള കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിന് ചെലവ് വന്നിട്ടുള്ള തുക കൂടി ഉൾപ്പെടുത്തുന്നതിനാൽ അതത് സാമ്പത്തിക വർഷത്തിൽ ഉണ്ടായിട്ടുള്ള ചെലവ് എത്രയെന്ന് കണക്കാക്കാൻ സാധിക്കാതെ വരുന്നതിനാൽ അതത് സാമ്പത്തിക വർഷത്തെ ചെലവ്, കുടിശ്ശിക എന്നിവ പ്രത്യേകമായി രേഖപ്പെടുത്തി നല്കുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

4215 - 01- 800- 92—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - മറ്റു ചെലവുകൾ -ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3.31 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-190-88—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - ഇ – ഗവേർണൻസ്, ജി. ഐ.എസ്. ഉം ഇൻഫർമേഷൻ മാനേജ്മെന്റ്

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കൂടാതെ നിലവിൽ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സൂക്ഷിച്ചിരിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ ക്രിട്ടിക്കൽ ഡാറ്റാകൾക്ക് ഡിസാസ്റ്റർ റിക്കവറി സെന്റർ ലഭ്യമല്ലാത്തതിനാൽ ഒരു ഹോട്ട് ഡിസാസ്റ്റർ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ സർവർ സോഫ്റ്റ്‌വെയർ, നെറ്റ്‌വർക്ക് മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 1.4637 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215- 01- 102- 92-(02)—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജൽ ജീവൻ മിഷൻ (NRDWP)50%കേന്ദ്ര വിഹിതം- ജൽജീവൻ മിഷൻ (NRDWP) 50% സംസ്ഥാന വിഹിതം

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം ഗ്രാമീണ മേഖലയിൽ 10.68 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധന സംവിധാനം നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 7950 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-800-90—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം- മറ്റ് ചെലവുകൾ -പ്രത്യേകസ്ഥാപനങ്ങൾ/ സ്ഥലങ്ങൾക്കുള്ള ശുദ്ധജലപദ്ധതി.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.58 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -01-190-99-(01)—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.05 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -01-101-97-(01)—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - നഗര ശുദ്ധ ജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ- നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 3.84 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-800-47—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം -മറ്റു ചെലവുകൾ-കുടിവെള്ള വിതരണവുംവരൾച്ചാ പരിഹാരവും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 13.33 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 800- 87 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം - മറ്റുചെലവുകൾ- ഊർജ്ജ കാര്യക്ഷമത മെച്ചപ്പെടുത്തൽ, ഇലക്ട്രോമെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യൂ.ടി.പി.കളുടെയും പമ്പ് ഹൗസുകളുടെയും പ്രവർത്തനത്തിൽ സുരക്ഷ ഉറപ്പാക്കൽ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.32 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 800- 86 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - കെ. ഡബ്ല്യൂ. എ. അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215- 01-004-99—ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം- ഗവേഷണം-എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2024-25 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കൂടാതെ കേരള ജല അതോറിറ്റിയിൽ കേന്ദ്ര ഡേറ്റാബേസ് മാനേജ്മെന്റ് പ്രാവർത്തികമാക്കുന്നതിനായി സോഫ്റ്റ്‌വെയർ ടീമിനെ സൃഷ്ടിച്ചുകൊണ്ട് അക്കൗണ്ടിംഗ്, പ്രൊക്യൂർമെന്റ്, പ്രോജക്ട് മാനേജ്മെന്റ്, കംപ്ലൈൻസ് എന്നീ മേഖലകളിൽ കൂടുതൽ കൃത്യവും കാര്യക്ഷമവുമായി പ്രവർത്തിക്കുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 50.98 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215 - 01- 101- 94—ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി- ADB സഹായത്തോടെയുള്ള കേരള നഗര ജല വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (KUWSIP)(EAP)

കൊച്ചി വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്ന പാക്കേജ് ആരംഭിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അധിക തുക ആവശ്യമില്ലാത്ത ശീർഷകങ്ങളുൾപ്പെടെ സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മ പരിശോധനക്കായി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകൾ മാത്രമേ അംഗീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും അധിക തുക ആവശ്യമില്ലെങ്കിൽ അക്കാര്യം നോട്ടിൽ കാണിക്കേണ്ടതാണെന്നും സമിതിയുടെ പരിഗണനയ്ക്കായി എല്ലാ ശീർഷകങ്ങളും സമർപ്പിച്ചാൽ മാത്രമേ നടപടിക്രമങ്ങൾ പൂർണ്ണമാകുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു .

2215 -01-190-99(19)-31—ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ്. എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1134.11 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -01-190-99(19)- 36 —ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്,

ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2502.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-02-190-99(02)-31—<u>ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും -പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജലഅതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം- ശമ്പളം</u>

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും, ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 25.61 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -02-190-99 (02)- 36—<u>ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.</u>

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഇതുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ്എന്നിവ നൽകുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 82.85 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കെ.ആർ.ഡബ്ല്യൂ.എസ്.എ.**

**(ജലനിധി)**

2215 -01-800-64—<u>ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ-മഴവെള്ളക്കൊയ്ത്തിന്റെയും KRWSA യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ</u>

മഴവെള്ളക്കൊയ്ത്ത് ,ഭൂഗർഭജല റീചാർജ്ജ് എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുക, മലയോര മേഖലകൾ, തീരപ്രദേശങ്ങൾ, ഉൾപ്രദേശങ്ങൾ തുടങ്ങിയ കുടിവെള്ള ലഭ്യത തീരെക്കുറഞ്ഞ പ്രദേശങ്ങളിൽ മഴവെള്ളക്കൊയ്ത്ത് പദ്ധതി പ്രകാരം കുടിവെള്ളം ലഭ്യമാക്കുക, ഭൂഗർഭ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി 2520 വ്യക്തിഗത കുടുംബങ്ങൾക്ക് പതിനായിരം ലിറ്റർ സംഭരണ ശേഷിയുള്ള മഴവെള്ള സംഭരണികൾ (മുൻവർഷങ്ങളിൽ പൂർത്തീകരിക്കുവാൻ സാധിക്കാത്തതുൾപ്പെടെ) സ്ഥാപിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ളക്കൊയ്ത്തിന്റെ ഭാഗമായി 5 എണ്ണം മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നതിനും കിണർ റീചാർജിംഗ് നടത്തുന്നതിനും 50 എണ്ണം ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215 -01-102-80 —<u>ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണ പദ്ധതി - പൊതുജന സഹായത്തോടുകൂടിയ ജലവിതരണ പദ്ധതിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ</u>

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സാമൂഹിക ഉടമസ്ഥതയിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതികളിൽ വിവിധ കാരണങ്ങളാൽ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായ പദ്ധതികൾ പുനരുദ്ധരിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട സേവനത്തിനും സുസ്ഥിരത ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികളിൽ 2024-25 സാമ്പത്തിക വർഷം പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന 798 പദ്ധതികളുടെ പുനരുദ്ധാരണത്തിനും ഇനി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പദ്ധതികളുടെ ബിൽ തുക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-01-102-91—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജലനിധിയുടെ കീഴിലുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II</u>

ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം പൂർത്തീകരിച്ച കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 6.7011 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4215-02-102-99—<u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും -ഗ്രാമീണ ശുചിത്വ സേവനം - ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും</u>

കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളിലൂടെയുള്ള ജലത്തിന്റെ ഗുണനിലവാര നിരീക്ഷണത്തിനുള്ള സംവിധാനം ഒരുക്കുന്നതിനായി 1.5 കോടി രൂപയും ദുർബല ജനവിഭാഗങ്ങളുടെ കോളനികളിലെ ഗ്രേ വാട്ടർ മാനേജ്മെന്റിനായി 1 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2215-01-003-99—<u>ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജലവിതരണം- പരിശീലനം - ഐ.ഇ.സി., കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബ്</u>

ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനും ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പതിനായിരത്തോളം വരുന്ന സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും ജില്ലാ സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ജലസംബന്ധമായ മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വാട്ടർ മാനേജ്മെന്റിനെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്നും ജലശ്രീ ക്ലബ്ബ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത പദ്ധതിയുമായി സഹകരിക്കാൻ കഴിയുന്നവരെക്കൂടി പങ്കെടുപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സി.എസ്.ആർ. ഫണ്ട് ഉപയോഗിക്കുന്നതിന്റെ സാധ്യത പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു

4215 - 01- 800- 82 —ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം-മറ്റു ചെലവുകൾ - ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ജലാശയങ്ങളുടെ പുനരുജ്ജീവനം

ശുദ്ധജല വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി കേരളത്തിലെ ജലാശയങ്ങൾ /തണ്ണീർ തടങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ശാസ്താംകോട്ട കായലിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നതിനും സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന XXIX (കൃഷി -ചെറുകിട ജലസേചനം)**
**ജലസേചനവും ഭരണവും വകുപ്പ്**
**(ചെറുകിട ജലസേചനം)**

2702- 01- 800- 94-02 —ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - വേതനം

താല്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ ദിവസ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702- 01- 800- 94- 34 —ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ നിർമ്മിതികളുടെ സുഗമമായ പ്രവർത്തനത്തിനും അവയുടെ വാർഷിക പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനം കാരണം നിർമ്മിതികൾക്കുണ്ടാകുന്ന

തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702- 01-800- 86 —ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുനഃസ്ഥാപിക്കൽ

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ നദികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അതുവഴി ട്രൈബ്യൂണൽ ചുമത്താൻ സാധ്യതയുള്ള പിഴ ഒഴിവാക്കി കിട്ടുന്നതിനുമുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03- 101- 98-(02)-34 — ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടുതീർക്കൽ - മറ്റു ചെലവുകൾ

കാലപ്പഴക്കംമൂലം പൂർണ്ണമായും ഉപയോഗപ്രദമല്ലാത്ത ജലസേചന വകുപ്പിനു കീഴിലുള്ള നിർമ്മിതികളുടെ പുനരുദ്ധാരണ/ നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെവകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03-101-98-(03)-34-3—ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ -വാട്ടർ ടാങ്കുകൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വെള്ളപ്പൊക്കനാശംമൂലമുള്ള അറ്റകുറ്റപ്പണികൾ - മറ്റു ചെലവുകൾ-മറ്റിനം

അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം തോടുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2702-03- 101- 95—<u>ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ - ഒറ്റത്തവണ സഹായം</u>

ജലസേചന വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും കാലപ്പഴക്കം മൂലവും ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവംമൂലം അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും ശോചനീയാവസ്ഥയിലായതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പരിഗണനാ വേളയിൽ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി യോഗത്തിൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 'ഒറ്റത്തവണ സഹായം' എന്ന വാക്ക് ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെന്നും എന്നാൽ ഒറ്റത്തവണ സഹായ പദ്ധതി എന്ന ഇനത്തിലായതിനാൽ പ്രസ്തുത ശീർഷകം മുഴുവനായും ഒഴിവാക്കണമെന്ന മറുപടിയാണ് ധനകാര്യ വകുപ്പ് നൽകിയിരിക്കുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് സമിതി പരിഗണിക്കുകയുമുണ്ടായി **(ഫയൽ നമ്പർ 12030/ സബ്. സി.എ 1/2022/നി.സെ.)** തുടർന്ന് പ്രസ്തുത ശീർഷകത്തിൽ 'ഒറ്റത്തവണ സഹായം' എന്ന് സൂചിപ്പിച്ചിരിക്കുന്നതുകൊണ്ട് ഒരു തവണ മാത്രമേ തുക അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്നും ആയതിനാലാണ് പ്രസ്തുത ശീർഷകത്തിൽ നിന്നും 'ഒറ്റത്തവണ സഹായം' എന്ന വാക്ക് ഒഴിവാക്കിയാൽ മാത്രമേ പ്രസ്തുത ശീർഷകത്തിൽ തുക അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്ന് അറിയിച്ചതെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു .

കേരളത്തിലെ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മുഴുവൻ ഓഫീസുകളുടെയും മെയിന്റനൻസ് ഒറ്റത്തവണയായി തീർക്കാൻ സാധിക്കുന്ന സ്ഥിതിയല്ലാത്തതിനാൽ പ്രസ്തുത ശീർഷകം ഒഴിവാക്കാൻ സാധിക്കുന്നതല്ലായെന്നും ആയതിനാൽ ഇതിനൊരു വിശദീകരണം നൽകി ധനകാര്യ വകുപ്പിനോട് തുക ആവശ്യപ്പെടുകയോ അല്ലെങ്കിൽ പ്ലാനിംഗ് ബോർഡിനെ നേരിട്ട് അറിയിക്കുകയോ ചെയ്യണമെന്നും കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് തുക ആവശ്യമായതിനാൽ ശീർഷകം മാറ്റാനാണ് ആവശ്യപ്പെടുന്നതെങ്കിൽ അപ്രകാരം ചെയ്യാമെന്നും സമിതി വിലയിരുത്തി .

2702-80-005-99-34 —ചെറുകിട ജലസേചനം - ജനറൽ-അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും - മറ്റു ചെലവുകൾ

ജനപ്രതിനിധികളിൽ നിന്നും കർഷക സമിതികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ വിവിധ ശീർഷകങ്ങളിൽ പുതിയ ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള പര്യവേഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-99—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ് -I

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ഹെക്ടറിനു മുകളിൽ 2000 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-89—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതല ജലം - മലബാർ ജലസേചന പാക്കേജ് (മിർപാ)- റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം.

മലബാർ മേഖലയിൽ ചെറുകിട ജലസേചനത്തിനായി നിലവിലുള്ള സ്കീമുകളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി കൂടുതൽ സ്ഥലങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും നിലവിലുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-87—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം - കുളങ്ങളുടെ നവീകരണം

ജലസേചന സൗകര്യത്തിനുതകുന്ന തരത്തിൽ പൊതുകുളങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

4702- 00- 101- 82 — ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ് II

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചെറുകിട കർഷകർക്ക് സഹായകരമായ തരത്തിൽ 50 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702- 00- 101- 79 —ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും

വരൾച്ച പ്രതിരോധിക്കുന്നതിനും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുമായി നദികളിലും പുഴകളിലും തോടുകളിലും ചെക്ക് ഡാമുകൾ/ റെഗുലേറ്ററുകൾ നിർമ്മിച്ച് ജലസംഭരണം നടത്തുന്നതിലേക്കുമായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-77—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം - കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണൽ വഴി കേരളത്തിന് അനുവദിച്ച ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കബനി നദീതടത്തിൽ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702- 00- 101- 73—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം

അപ്രതീക്ഷിതമായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം എൽ.ഐ.- പദ്ധതികൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വലിയ തോതിൽ നാശനഷ്ടങ്ങൾ സംഭവിക്കുന്നതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവർത്തനരഹിതമായ എൽ.ഐ. പദ്ധതികളുടെ പുനരുദ്ധാരണത്തിനും കൂടാതെ കൂടുതൽ പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്കായി ജലം ലഭ്യമാക്കുന്നതിനാവശ്യമായ ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനും നിലവിലുള്ള

കനാലുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-66—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതികൾ ക്ലാസ്സ് I- (ഹരിത കേരളം)

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-65—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ് II- ഹരിത കേരളം

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-64—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് ഉപരിതലജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം

ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താത്ത ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4702-00-101-63—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - ഹരിത കേരളം പദ്ധതികൾ

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പരിഗണനാ വേളയിൽ ഇറിഗേഷൻ ടൂറിസത്തിനായി ഒരു ശീർഷകം പ്രത്യേകമായി ഉണ്ടെങ്കിൽ ഇറിഗേഷൻ ടൂറിസത്തിന്റെ വികസനം കൃത്യമായി നടക്കുമെന്നും ഇറിഗേഷൻ ടൂറിസം ഡിപ്പാർട്ട്മെന്റുമായി ആലോചിച്ച് ഇതിനുള്ള തുടർനടപടികൾ സ്വീകരിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

**റവന്യൂ വകുപ്പ്**

**(ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്)**

2702-01-800-88-33—<u>ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ-പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ.</u>

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പരിഗണനാവേളയിൽ പ്രസ്തുത ധനാഭ്യർത്ഥന സമിതി പരിശോധിച്ച് ശിപാർശ നൽകുന്നുണ്ടെങ്കിലും പ്രവൃത്തി മുഴുവൻ ചെയ്യുന്നത് കൃഷി വകുപ്പായതിനാൽ ടി ശീർഷകം കൃഷി വകുപ്പിന് കൈമാറുന്നതായിരിക്കും ഉചിതമെന്നും മുൻപ് ഒരു സമിതിയോഗത്തിലും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി. തുടർന്ന് ഈ വിഷയം സംബന്ധിച്ച് ധനകാര്യ വകുപ്പിൽനിന്നും മറുപടി ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത ശീർഷകം കൈമാറുന്നതുമായി ബന്ധപ്പെട്ട അഭിപ്രായം ആരായുന്നതിനായി കൃഷി വകുപ്പിന് ഫയൽ കൈമാറിയിട്ടുണ്ടെന്നാണ് ധനകാര്യ വകുപ്പ് അറിയിച്ചിരിക്കുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു **(ഫയൽ നമ്പർ.12030/ സബ് . സി. എ 1/2022/ നി. സെ.)**

പ്രസ്തുത ശീർഷകം കൃഷി വകുപ്പിന് കൈമാറുകയാണെങ്കിൽ കുറച്ചുകൂടി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയുമെന്നതിനാൽ ഇതുസംബന്ധിച്ച് കൃഷി വകുപ്പിന്റെ അഭിപ്രായം കൂടി വിലയിരുത്തിയതിനുശേഷം തുടർ നടപടി സ്വീകരിക്കാമെന്നും ഈ വർഷംകൂടി നിലവിലെ സ്ഥിതി തുടരുന്നതായിരിക്കും അഭികാമ്യമെന്നും സമിതി വിലയിരുത്തി.

**സംസ്ഥാന ഭൂജല വകുപ്പ്**

4702- 00- 102- 94 -(01)—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി- മരാമത്തുകൾ.

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗീകമായോ ഇല്ലാത്ത പ്രദേശങ്ങളിലെ 1500 കുടുംബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന തരത്തിൽ 120 എണ്ണം ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും 40 എണ്ണം കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**നടപടി പത്രികകളുടെ പരിഗണന**

6. **2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 6-2-2023-ലെ സമിതിയോഗ നിർദ്ദേശം-ധനാഭ്യർത്ഥന നം.-XXIX-ൽ ഉൾപ്പെട്ടുവരുന്ന 702-03-101-95 എന്ന ശീർഷകത്തിൽ നിന്നും ഒറ്റത്തവണ സഹായം എന്ന് സൂചിപ്പിച്ചിരിക്കുന്നത് ഒഴിവാക്കണമെന്ന സമിതിയോഗ നിർദ്ദേശം-ധനകാര്യവകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്.**

(ഫയൽ നം. 12030/സബ്.സി.എ 1/2022/നി.സെ.)

7. **2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 16-02-2023-ലെ സമിതിയോഗ നിർദ്ദേശം - ധനാഭ്യർത്ഥന നം. XXIX -ൽ ഉൾപ്പെട്ടുവരുന്ന 2702-01-800-88-33 എന്ന ശീർഷകം കൃഷിവകുപ്പിന് കൈമാറുന്നത് സംബന്ധിച്ച സാധുത പരിശോധിക്കുക എന്ന സമിതി നിർദ്ദേശത്തിന്മേൽ ധനകാര്യവകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്.**

(ഫയൽ നം. 12030/സബ്.സി.എ 1/2022/നി.സെ)

പ്രസ്തുത വിഷയങ്ങളിന്മേൽ ധനകാര്യ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടി റിപ്പോർട്ട് ഈ യോഗത്തിൽത്തന്നെ ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പരിഗണിച്ച സമയത്ത് ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നുവെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയുടെ അടുത്ത യോഗം 6-3-2024-ന് നിയമസഭാ സമുച്ചയത്തിൽ വച്ച് കൂടാൻ തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 3.45-ന് യോഗം അവസാനിച്ചു .

## 7. 6.3.2024-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2024 മാർച്ച് മാസം 6-ാം തീയതി ബുധനാഴ്ച ഉച്ചക്കുശേഷം 2.30-മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ആന്റണി രാജു, എം.എൽ.എ.,
2. ശ്രീ. സി. ആർ. മഹേഷ് "
3. ശ്രീ. കെ. ജെ. മാക്സി . "

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിയ്ക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 3.00 മണിക്ക് യോഗം അവസാനിച്ചു .

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.